ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

വാല്യം 01 ഒക്ടോബർ 2018 ലക്കം 06

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephphatharadio.com
0490- - 2342440

# ഉള്ളടക്കം


1. Prot. No.1733/2018 ........ 5
2. Prot. No.576/18സർക്കുലർ 17/2018 ........ 9
3. മിഷൻദിന സന്ദേശം ........ 13
4. Prot. No.577/18സർക്കുലർ 18/2018 ........ 19
5. കച്ചേരിക്കാര്യം ........ 20
6. വിശ്വാസപരിശീലനം ........ 27
7. ബൈബിൾ അപ്പൊസ്റ്റോലേറ്റ് ........ 37
8. ചെറുപുഷ്പ മിഷൻലീഗ് ........ 40
9. തിരുബാലസഖ്യം ........ 47
10. യുവജനശുശ്രൂഷ ........ 49
11. കുടുംബപ്രേഷിതത്വം ........ 53
12. വിദ്യാഭ്യാസ ഏജൻസി ........ 61
13. സാൻജോസ് അക്കാഡമി ........ 65
14. വിമൽജ്യോതി വാർത്തകൾ ........ 68
15. കരിസ്മാറ്റിക് നവീകരണരംഗം ........ 71
16. കുടുംബക്കൂട്ടായ്മ ........ 72
17. എകെസിസി വാർത്തകൾ ........ 78
18. നിർമ്മലഗിരി വാർത്തകൾ ........ 83
19. ഫ്രാൻസിസ്കൻ അൽമായ സഭ ........ 84
20. സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡിപോൾ ........ 86
21. കെസിബിസി മദ്യവിരുദ്ധ സമിതി ........ 89
22. സാമൂഹ്യസേവനവേദി ........ 93
23. ധ്യാനകേന്ദ്രങ്ങളിലൂടെ ........ 96
24. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 98
25. Programme of the Archbishop Mar George Njaralakatt ........ 99
26. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ........ 100
27. Programme of the Abp. Emeritus Mar George Valiamattam ........ 102
28. Programme of the Auxiliary Bishop Mar Joseph Pamplany ........ 102

Prot.No.1733/2018 21 September 2018

# സീറോ-മലബാർ സഭയുടെ അധ്യക്ഷൻ മേജർ ആർച്ചു ബിഷപ്പ് മാർ ജോർജ് ആലഞ്ചേരിപിതാവിന്റെ സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ!

രണ്ട് പ്രധാനപ്പെട്ട സമ്മേളനങ്ങളിൽ സംബന്ധിക്കുന്നതിന് സെപ്റ്റംബർ 24 -ാം തിയതി തിങ്കളാഴ്ച ഞാൻ റോമിലേക്ക് പുറപ്പെടുകയാണ്. നവംബർ 3-ാം തിയതി മാത്രമേ തിരിച്ചെത്തുകയുള്ളൂ. ആദ്യത്തെ സമ്മേളനം സെപ്റ്റംബർ 25 മുതൽ 28 വരെയുള്ളത് സഭൈക്യത്തിനു വേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിന്റേതാണ്. ഈ കൗൺസിലിൽ ഞാനൊരു അംഗമാണെന്ന് നിങ്ങളിൽ കുറെ പേർക്കെങ്കിലും അറിയാമല്ലൊ. രണ്ടാമത്തെ സമ്മേളനം ഒക്ടോബർ 3 മുതൽ 28 വരെ നടക്കുന്ന സിനഡാണ്. "യുവജനങ്ങൾ വിശ്വാസവും ദൈവവിളി വിവേചിച്ചറിയലും"എന്നതാണ് സിനഡിന്റെ ചർച്ചാവിഷയം. സിനഡിന് വേണ്ടിയുള്ള നമ്മുടെ സഭയിലെ ഒരുക്കങ്ങളിലെല്ലാം നിങ്ങളും പങ്കാളികളായിരുന്നല്ലൊ. നമ്മുടെ സഭയിൽനിന്ന് അഭിവന്ദ്യ ജോസഫ് പണ്ടാരശ്ശേരിൽ, ജോസഫ് പാംപ്ലാനി എന്നീ പിതാക്കന്മാരും എന്നോടൊപ്പം സിനഡിൽ സംബന്ധിക്കുന്നുണ്ട്. കൂടാതെ, മലങ്കര സഭയിൽനിന്ന് അഭിവന്ദ്യ കർദ്ദിനാൾ ബസേലിയൂസ് ക്ലീമീസ് പിതാവും ലത്തീൻ സഭയിൽ നിന്ന് 5 പിതാക്കന്മാരും പങ്കെടുക്കുന്നുണ്ട്. ഈ രണ്ട് പ്രധാനപ്പെട്ട സമ്മേളനങ്ങളുടെയും, വിശിഷ്യാ സിനഡിന്റെ വിജയത്തിനുവേണ്ടി നിങ്ങളെല്ലാവരും പ്രാർത്ഥിക്കണമെന്ന് ഞാൻ സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

അടുത്ത കാലങ്ങളിൽ ഇന്ത്യയിലെ സഭയിൽ നടന്ന ചില സംഭവങ്ങൾ സഭാമക്കളായ നിങ്ങൾക്ക് വേദനയും ആശയക്കുഴപ്പവും ഉണ്ടാക്കിയിട്ടുണ്ടെന്ന് എനിക്കറിയാം. നിങ്ങളോടൊപ്പം ഞാനും വേദനിക്കുന്നുണ്ട്. ചില കാര്യങ്ങളിൽചിലർ എന്നെ പരാമർശിച്ചും തങ്ങളുടെ ആശങ്കകളും അഭിപ്രായങ്ങളും പ്രകടിപ്പിച്ചിട്ടുണ്ട്. മേജർ ആർച്ച് ബിഷപ്പ് എന്ന നിലയിലുള്ള എന്റെ ചുമതലകൾ എന്റെ സഹപ്രവർത്തകരോടും പരിശുദ്ധ സിംഹാസനത്തോടു ബന്ധപ്പെട്ട ഉന്നത

സഭാശുശ്രൂഷകരോടും ആലോചിച്ചാണ് ചെയ്തുവരുന്നത്. കുറവുകളുണ്ടാകുമ്പോൾ അവ പരിഹരിക്കുവാൻ പരിശ്രമിക്കുന്നുമുണ്ട്.

തെറ്റിദ്ധാരണകളും കുറ്റപ്പെടുത്തലുകളും ഉണ്ടാവുക മനുഷ്യസഹജമാണ്. നമ്മുടെ കർത്താവും രക്ഷകനുമായ ഈശോയാണ് ഏറ്റവും അധികം തെറ്റിദ്ധരിക്കപ്പെട്ടവൻ. ഏറ്റവുമധികം കുറ്റപ്പെടുത്തപ്പെട്ടവനും അവിടുന്നു തന്നെയാണ്. പീലാത്തോസിനോടോ, ഹേറോദോസിനോടോ, തന്റെ ശിഷ്യന്മാരോടു തന്നെയുമോ എല്ലാം വെളിപ്പെടുത്തി തന്റെ ജീവിതത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ അവിടുന്ന് ഒരുമ്പെട്ടതായി കാണുന്നില്ല. തന്റെ പ്രതിയോഗികളുടെ ഉപജാപങ്ങളും ഗൂഢാലോചനകളും മൂലം നിഷ്ഠൂരമായ പീഡനങ്ങൾക്കും കുരിശുമരണത്തിനും അവിടുന്ന് വിധേയനായി. ആ സഹനവും മരണവും മനുഷ്യരക്ഷയ്ക്ക് കാരണമായി തീർന്നു എന്നതാണ് നമ്മുടെ വിശ്വാസത്തിന്റെ സവിശേഷത.

ചില സമീപകാല സംഭവങ്ങൾ ചിലർക്കൊക്കെ ഉതപ്പിന് കാരണമായെന്നും മനസ്സിലാക്കുന്നു. ഉതപ്പുകളെക്കുറിച്ച് ഈശോ പറയുന്നതിപ്രകാരമാണ്: ദുഷ്പ്രേരണകൾ ഉണ്ടാകാതിരിക്കുക അസാദ്ധ്യം. എന്നാൽ, ആർമൂലം അവ ഉണ്ടാകുന്നുവോ അവനു ദുരിതം (ലൂക്കാ 17:1). മനുഷ്യസമൂഹത്തിൽ എല്ലാക്കാലത്തും ഇടർച്ചയുണ്ടാക്കുന്ന സംഭവങ്ങൾ അരങ്ങേറിയിട്ടുണ്ട്. അതീവഗുരുതരങ്ങളായവയും സംഭവിച്ചിട്ടുണ്ട്. അതിന്റെ പേരിൽ ഇടർച്ചയ്ക്ക് കാരണമാകുന്ന സംഭവങ്ങളെ ന്യായീകരിക്കാൻ നമുക്ക് സാധിക്കുകയില്ല. ഇടർച്ചകൾ ഉണ്ടാകാതിരിക്കാൻ നാം ശ്രദ്ധിക്കുകയാണ് വേണ്ടത്. ഇടർച്ചയ്ക്കു കാരണമാകുന്ന സംഭവങ്ങളിൽ എപ്രകാരം പ്രതികരിക്കണമെന്നും പരിഹാരങ്ങൾ കാണണമെന്നും അടുത്തകാലത്തെ സംഭവവികാസങ്ങളുടെ വെളിച്ചത്തിൽ എല്ലാവരും ചിന്തിക്കുന്നതും ആരോഗ്യകരമായ സമീപനങ്ങൾ സ്വീകരിക്കുന്നതും നന്നായിരിക്കും. ഇപ്പോൾ നടക്കുന്ന രീതികൾ സഭയുടെ സന്ദേശത്തിനോ സാക്ഷ്യത്തിനോ നിരക്കുന്നവയാണോ എന്നും പരിശോധിക്കേണ്ടിയിരിക്കുന്നു.

സമൂഹത്തിലും സഭയിലും വിവാദങ്ങളൊ ഇടർച്ചകളൊ ഒക്കെ ഉണ്ടാകുമ്പോൾ നമ്മുടെ വിശ്വാസം പരീക്ഷിക്കപ്പെടുന്നുണ്ട്. എന്നാൽ, പരീക്ഷണങ്ങളിൽ പരാജയപ്പെടേണ്ടവരല്ല നമ്മൾ. ഈശോയ്ക്കും തന്റെ പരസ്യജീവിതത്തിൽ പരീക്ഷണങ്ങൾ ഉണ്ടായിരുന്നല്ലൊ. നഷ്ട

ധൈര്യനാകാതെ തന്റെ പിതാവായ ദൈവത്തിലാശ്രയിച്ച് പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പരീക്ഷണങ്ങളെയെല്ലാം വിജയത്തിന്റെ വഴിത്താരയാക്കി അവിടുന്ന് മാറ്റി. സഭയും എല്ലാക്കാലങ്ങളിലും പരീക്ഷണങ്ങളെ നേരിട്ടിട്ടുണ്ട്. ഒരു വ്യക്തിക്കോ ഏതാനും പേർക്കോ ഉണ്ടാകുന്ന വീഴ്ച സഭമുഴുവന്റേയും വീഴ്ചയോ പരാജയമോ ആയി കാണുന്നത് ശരിയല്ല. ഇക്കാലത്ത് സഭ നേരിടുന്ന പരീക്ഷണങ്ങളെ സധൈര്യം നേരിടുവാൻ നമുക്ക് സഭയോടൊത്തു നിൽക്കാം. ഭഗ്നാശരാകാതെ വിശ്വാസത്തിൽ അടിയുറച്ച് നിന്നുകൊണ്ട് പരിശുദ്ധാത്മാവ് നൽകുന്ന പ്രത്യാശയോടെ നമുക്ക് പരീക്ഷണങ്ങളെ വിജയിക്കാം. ദൈവവചനത്തിലും പ്രാർത്ഥനയിലും നാം ശക്തി സംഭരിക്കണം.

ആഗസ്റ്റു മാസത്തിലെ പ്രകൃതി ദുരന്തങ്ങളെ സൃഷ്ടപ്രപഞ്ചത്തിന്റെ പരിമിതിയുടെ വെളിപ്പെടുത്തലുകളായിട്ടാണ് നാം കാണേണ്ടത്. മനുഷ്യർക്ക് രോഗങ്ങളും തെറ്റുകളും കുറ്റങ്ങളും ഒക്കെ ഉള്ളതുപോലെ പ്രപഞ്ചത്തിനും അതിന്റെ പ്രയാണത്തിൽ വ്യതിചലനങ്ങൾ ഉണ്ടാകുന്നു. അത്തരം വ്യതിചലനങ്ങളായിട്ടുവേണം ഭൂകമ്പങ്ങളെയും പ്രളയത്തെയും ഉരുൾപൊട്ടലുകളെയും ചുഴലിക്കാറ്റുകളെയും മറ്റ് സമാന പ്രതിഭാസങ്ങളേയും നാം കാണുവാൻ. മനുഷ്യരുടെ തിന്മകളും രോഗങ്ങളും നാം പരിഹരിക്കുന്നതിന് പരിശ്രമിക്കുന്നതുപോലെതന്നെ പ്രപഞ്ചത്തിനുണ്ടാകുന്ന കെടുതികളേയും ഏറ്റെടുത്ത് പരിഹാരം കണ്ടെത്തുവാൻ നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരമുള്ള എല്ലാ പരിശ്രമങ്ങളിലും ദൈവപരിപാലനയിൽ ആശ്രയിച്ച് പ്രത്യാശയോടെ സമൂഹത്തിന്റെ പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തനനിരതരാകേണ്ടവരാണ് നമ്മൾ. ക്രൈസ്തവവിശ്വാസം അതിന് നമുക്ക് ശക്തി പകരണം.

പ്രളയക്കെടുതിയിൽ സഭയുടെ എല്ലാ ഭാഗങ്ങളിലും നിന്നും ഉണ്ടായ ദുരിതാശ്വാസപ്രവർത്തനങ്ങൾ അഭിനന്ദനീയമാണ്. അവയെക്കുറിച്ച് നിങ്ങൾ ബോധവാന്മാരാണെന്നു ഞാൻ കരുതുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് KCBC നൽകിയ ഒരു കോടി രൂപയിൽ സീറോ മലബാർ സഭയുടെ വിഹിതമായ 50 ലക്ഷം രൂപ നമ്മുടെ സാമൂഹ്യ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന സ്പന്ദൻ വഴി ലഭിച്ച സംഭാവനയിൽനിന്നും നൽകിയിട്ടുണ്ട്. ബാക്കിയുള്ള തുക മുഖ്യമന്ത്രിയുടെ ഫണ്ടിലേയ്ക്ക് നൽകുന്നതായിരിക്കും.

ഇതിനു പുറമെ ഇപ്പോൾ ലഭ്യമായ കണക്കനുസരിച്ച് നൂറ്റി ഒൻപത് കോടി തൊണ്ണൂറ്റിയൊന്ന് ലക്ഷത്തി പതിനായിരത്തി മുന്നൂറ്റി എൺപത്തി നാല് (109,91,10,384) രൂപയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സീറോ മലബാർ സഭയിലെ വിവിധ രൂപതകളും ഇടവകകളും മേജർ സെമിനാരികളും സന്യാസസമൂഹങ്ങളും അത്മായ സഹോദരങ്ങളും നിർവഹിച്ചിട്ടുണ്ടണ്ട്. ഇനിയും ഇരുന്നൂറിൽ പരം കോടി രൂപയുടെ ദുരിതാശ്വാസ പദ്ധതികൾക്ക് വിവിധ രൂപതകളും സമർപ്പിത സമൂഹങ്ങളും പദ്ധതി തയ്യാറാക്കിയിട്ടുമുണ്ട്. സഭാമക്കളുടെ കഠിനാദ്ധ്വാനവും കാരുണ്യപ്രവർത്തനങ്ങളും തുടർന്നും ഉണ്ടാകണ മെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

എന്റെ യാത്രയും റോമിലെ ശുശ്രൂഷകളും ഫലപ്രദമായി നിർവ്വ ഹിക്കുന്നതിനും നിങ്ങൾ എല്ലാവരും പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവ ത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളെ ല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.



കർദ്ദിനാൾ ജോർജ് ആലഞ്ചേരി
സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

---

**N.B.** ഈ സർക്കുലർ ഒക്ടോബർ 7-ാം തീയതി ഞായറാഴ്ച ദൈവാ ലയങ്ങളിൽ വായിക്കേണ്ടതാണ്.

Prot. No 576/18, സർക്കുലർ നമ്പർ17/2018

# 'പരിശുദ്ധ അമ്മയെപോലെ പ്രേഷിതരാകാം'
## മിഷൻ ഞായർ ആചരണവും കൊന്തനമസ്കാരവും

മിശിഹായിൽ പ്രിയ വൈദികരേ, സന്യസ്തരേ, സഹോദരീ സഹോദരന്മാരെ,

കത്തോലിക്കരായ നമ്മെ സംബന്ധിച്ചിടത്തോളം ഒക്ടോബർ മാസം വളരെ പ്രധാനപ്പെട്ട മാസമാണല്ലോ. ജപമാലരാജ്ഞിക്ക് പ്രതിഷ്ഠിതമായ മാസമാണ് ഇത്. 7-ാം തീയതിയാണ് ജപമാല രാജ്ഞിയുടെ തിരുനാൾ. സാർവത്രികസഭ മിഷൻ ഞായറാഴ്ച യായി ആചരിക്കുന്നത് ഈ വർഷം ഒക്ടോബർ 28-ാം തീയതിയാണ്. മിഷൻ പ്രവർത്തനങ്ങളുടെയെല്ലാം മദ്ധ്യസ്ഥയായി സഭ പ്രഖ്യാപിച്ചിരി ക്കുന്ന വി. കൊച്ചുത്രേസ്യായുടെ തിരുനാൾ ഈ മാസം 1—ാം തീയ്യതിയാണ്. രണ്ടാം ക്രിസ്തു എന്ന് വിളിക്കപ്പെട്ടിരുന്ന വി.ഫ്രാൻസിസ് അസീസിയെ നമ്മൾ 4-ാം തീയ്യതി അനുസ്മരിക്കുന്നു. കൂടാതെ ആവിലായിലെ വി. അമ്മത്രേസ്യായുടെയും അന്ത്യോ ക്യായിലെ വി. ഇഗ്നേഷ്യസിന്റെയും വി. യൂദാ തദേവൂസിന്റെയും നമ്മുടെ സ്വന്തം വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെയുമൊക്കെ തിരുനാളുകൾ ഈ മാസത്തിലാണ്. സഭയും സമൂഹവും ഒക്കെ ഏറേ അസ്വസ്ഥതകളിലൂടെ കടന്നുപോകുന്ന ഈ വേളയിൽ ഈ വിശുദ്ധരുടെ തിരുനാളുകളുടെ ആചരണങ്ങളുടെ ചൈതന്യവും തീഷ്ണതയും ഹൃദയങ്ങളിലേക്ക് ആവാഹിച്ച് നമ്മുടെ സ്വർഗ്ഗീയ യാത്രയിൽ വിശുദ്ധിയിൽ മുന്നേറാം.

രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖയിൽ സഭ സ്വഭാവത്താലെ പ്രേഷിതയാണെന്ന് നമ്മെ ഓർമ്മപെടുത്തുന്നുണ്ട്. മിഷൻ എന്നത് ഈശോയുടെ അവിടുത്തെ ജനത്തോടുമുള്ള തീവ്രസ്നേഹമാണ്. എല്ലാ ദൈവമക്കളും നിത്യജീവൻ സ്വന്തമാക്കണ മെന്നതാണ് ദൈവത്തിന്റെ തീവ്രമായ ആഗ്രഹം. "ഏകസത്യ ദൈവമായ അവിടുത്തെയും അങ്ങ് അയച്ച യേശുക്രിസ്തു വിനെയും അറിയുക എന്നതാണ് നിത്യജീവൻ" (യോഹ. 17:3). ആദ്യത്തെ മിഷണറിയായി പിതാവിന്റെ തിരുഹിതം നിറവേറ്റാൻ ലോകത്തിലേക്ക് വന്ന ഈശോ മിഷണറി തീഷ്ണതയാൽ നിറഞ്ഞ് പ്രാർത്ഥി ക്കുന്നതുപോലെ "അങ്ങ് എന്നെ അയച്ചുവെന്നും അങ്ങ് എന്നെ സ്നേഹിച്ചതുപോലെ അവരെയും സ്നേഹിച്ചുവെന്നും ലോകം

അറിയട്ടെ" (യോഹ. 17:23), എന്ന് പ്രാർത്ഥിക്കുവാനും ജീവിക്കുവാനും കടപ്പെട്ടവരാണ് ഓരോ ക്രിസ്ത്യാനിയും. ഈ കാര്യം തന്നെയാണ് നമ്മുടെ വി. കുർബാനയിലെ നാലാം പ്രണാമജപത്തിന്റെ അന്തസത്തയും. പ്രത്യേക ദൈവവിളി സ്വീകരിച്ചവർ മാത്രമല്ല മാമ്മോദീസ സ്വീകരിച്ച എല്ലാവരും സഭയുടെ പ്രേഷിത പ്രവർത്തനത്തിൽ സഹകരിക്കണം. "അവർ സാക്ഷികളെന്ന നിലയിലും സജീവോപകരണങ്ങളെന്ന നിലയിലും സഭയുടെ രക്ഷാകര ദൗത്യത്തിൽ പങ്കുചേരുന്നുണ്ട്". (ആദ് ജെന്തസ് 41). പ്രിയപ്പെട്ടവരേ, യഥാർത്ഥ മിഷണറി സുവിശേഷത്തോട് തീവ്ര സ്നേഹമുള്ള വ്യക്തിയാണ്. വി. പൗലോസ് ശ്ലീഹായുടെ ഭാഷയിൽ "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ഹാ കഷ്ടം" ! (1കൊറി. 9/16). സുവിശേഷം സകല മനുഷ്യർക്കും സന്തോഷ ത്തിന്റെയും രക്ഷയുടെയും വിമോചനത്തിന്റെയും സദ്വാർത്തയാണ്.

പരിശുദ്ധ അമ്മ നല്ല ഒരു മിഷണറിയായിരുന്നു. സ്വപുത്രന്റെ പ്രേഷിതദൗത്യത്തിന് അവൾ സമ്പൂർണ്ണ പിന്തുണ നൽകി. രക്ഷകന്റെ അമ്മയാകാൻ സമ്മതം മൂളിയപ്പോഴും, ഇളയമ്മയെ ശുശ്രൂഷിക്കാൻ തിടുക്കത്തിൽ പോയപ്പോഴും, കാനായിലെ കല്യാണ വിരുന്നിൽ മാദ്ധ്യസ്ഥ്യം വഹിച്ചപ്പോഴും കുരിശിൻചുവട്ടിൽ പ്രിയപുത്രന്റെ പരമയാഗത്തിൽ സഹകാർമ്മികത്വം വഹിച്ചപ്പോഴും ആദിമസഭയുടെ അഗ്നിപരീക്ഷണഘട്ടങ്ങളിൽ ആശ്വാസമായപ്പോഴും അവളുടെ പ്രേഷിതതീഷ്ണതയാണ് നാം ദർശിക്കുന്നത്. പരിശുദ്ധ കന്യകാ മറിയത്തിന് നമ്മുടെ വിശ്വാസത്തിൽ സുപ്രധാന പങ്കുണ്ട്. "കന്യകമറിയം യഥാർത്ഥത്തിൽ ദൈവത്തിന്റെയും രക്ഷകന്റെയും അമ്മയായി ബഹുമാനിക്കപ്പെടുന്നു. അവൾ വ്യക്തമായും ക്രിസ്തു വിന്റെ അവയവങ്ങളുടെയും അമ്മയാണ്. എന്തുകൊണ്ടെന്നാൽ, സഭയുടെ ശിരസ്സായ ക്രിസ്തുവിന്റെ അവയവങ്ങളായ വിശ്വാസികളുടെ ജനനം സാധ്യമാക്കുന്നതിന് അവൾ തന്റെ സ്നേഹത്താൽ സഹകരിച്ചു. ക്രിസ്തുവിന്റെ അമ്മയായ മറിയം സഭയുടെയും അമ്മയാണ" (CCC963). തിരുസഭയിൽ പരിശുദ്ധാത്മാവിന്റെ പ്രത്യേക പരിപാലനയുടെ കീഴിൽ സാവധാനം രൂപപ്പെട്ടതും അസംഖ്യം വിശുദ്ധൻമാർ സ്നേഹിച്ചതും തിരുസഭയുടെ പ്രബോധനാധികാരം പ്രോത്സാഹിപ്പിച്ചതും തികച്ചും വചനാധിഷ്ഠിതവുമായ ഒരു പ്രാർത്ഥനയാണ് ജപമാല. ഏറെ ലളിതവും എന്നാൽ അഗാധവുമായ ഈ പ്രാർത്ഥന എക്കാലത്തും പുതുമനിറഞ്ഞതുമാണ്. ക്രൈസ്ത വജീവിതത്തെ സ്വർഗ്ഗത്തോടു ചേർത്തു നിർത്തുവാനും വിശുദ്ധിയിൽ ഉറപ്പിക്കാനും ആത്മീയ തീർത്ഥാടനത്തിൽ മുന്നേറാനും ജപമാല നമ്മെ

സഹായിക്കും. വി. ജോൺ പോൾ രണ്ടാമൻ പാപ്പായുടെ വാക്കുകളിൽ പറഞ്ഞാൽ "മറിയത്തിന്റെ മടിയിലിരുന്നുകൊണ്ട് ഈശോയുടെ തിരുമുഖം ധ്യാനിക്കുന്ന ഈ പ്രാർത്ഥന" തിന്മക്കെതിരെയുള്ള ശക്തമായ ആയുധവും ആണ്. "ഈ കാലഘട്ടത്തിൽ വീണ്ടും നമ്മൾ കണ്ടെത്തേണ്ട മഹാനിധിയാണ് ജപമാല" എന്ന വി. ജോൺ പോൾ രണ്ടാമൻ പാപ്പായുടെ വാക്കുകളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് നമുക്ക് തീഷ്ണതയോടെ പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം അപേക്ഷിച്ച് ജപമാല ചൊല്ലി പ്രാർത്ഥിക്കാം(റൊസാരിയും വിർജിനിസ് മരിയേ. 43). ഒക്ടോബർ മാസത്തിലെ 2 വലിയ പ്രത്യേകതകളായ മിഷൻ ഞായറിന്റെയും കൊന്തനമസ്കാര ത്തിന്റെയും സമുചിതമായ ആചരണത്തിന് സഹായകരമായ ഏതാനും കാര്യങ്ങൾ സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

1. മിഷൻ ഞായർ ആയി ഒക്ടോബർ 28 അർത്ഥവത്തായി ആചരിക്കാൻ ക്രമീകരണങ്ങൾ ഇടവകാതലത്തിൽ ചെയ്യുമല്ലോ. "ദിയക്കോണിയ"യുടെ പശ്ചാത്തലത്തിൽ മിഷൻ ലീഗിന്റെ പ്രത്യേക നേതൃത്വത്തിൽ എല്ലാവരും ചേർന്ന് മിഷൻ ചൈതന്യം ഊട്ടി ഉറപ്പിക്കുന്ന പരിപാടികൾ സംഘടിപ്പിക്കുക. അന്നേ ദിവസം ആഘോഷമായ വി. കുർബ്ബാന, മിഷൻ കേന്ദ്രീകൃതമായ വചന പ്രഘോഷണം, പൊതു മീറ്റിംഗുകൾ, പ്രേഷിത റാലി എന്നിവയിലൂടെ ഈ ദിനം അവിസ്മരണീയമാക്കുവാൻ ശ്രദ്ധിക്കുക.

2. പതിവുപോലെ മിഷൻ ഞായറിനോടനുബന്ധിച്ച് മിഷൻലീഗ് അംഗങ്ങൾ ഭവനസന്ദർശനം നടത്തുകയും മിഷൻ സന്ദേശം കൈമാറുകയും സാർവ്വത്രിക മിഷനെയും നമ്മുടെ പ്രാദേശിക മിഷൻ പ്രവർത്തനങ്ങളെയും സഹായിക്കാൻ സംഭാവനകൾ സ്വീകരിക്കുകയും ചെയ്യണം. ഭവനസന്ദർശനങ്ങൾ ക്രൈസ്തവ സാഹോദര്യത്തിന്റെ ഉണർത്തുപാട്ടും ദൈവരാജ്യപ്രഘോഷണത്തിന്റെ വേദിയും ആകണം.

3. പ്രാർത്ഥന, പരിത്യാഗങ്ങൾ, സാക്ഷ്യജീവിതം, സംഭാവന എന്നിവ വഴി നമുക്ക് എല്ലാവർക്കും മിഷണറി ദൗത്യത്തിൽ പങ്കാളികളാക്കാം.

4. ജപമാല പ്രാർത്ഥന പ്രോത്സാഹിപ്പിക്കുവാനുള്ള വലിയ അവസ രമായി നമുക്ക് ഒക്ടോബർ മാസത്തെ മാറ്റാം. വ്യക്തിപരമായും കുടുംബതലത്തിലും ഇതരഗ്രൂപ്പുകളിലും വാർഡ് അടിസ്ഥാനത്തിലും ഇടവകാതലത്തിലുമൊക്കെ ധാരാളം ജപമാലകൾ ചൊല്ലി പ്രാർത്ഥിക്കാം. ജപമാല പ്രദക്ഷിണങ്ങൾ പ്രാർത്ഥനാപൂർവ്വം നടത്തുന്നതും നല്ലതാണ്.

5) സുറിയാനി സഭയിൽ പൊതുവായും നമ്മുടെ അതിരൂപതയിൽ പ്രത്യേകമായും നമ്മൾ അനുഷ്ഠിക്കുന്ന ഒരു പതിവാണ് ഒക്ടോ ബർ മാസത്തിൽ 10 ദിനങ്ങൾ ദിവ്യകാരുണ്യത്തിന്റെ മുമ്പിലിരുന്ന്

ആഘോഷമായി ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന 'കൊന്തനമസ്ക്കാരം.' പരിശുദ്ധ അമ്മയും തിരുസുതനും തമ്മിൽ സവിശേഷമായ ഒരു ബന്ധം ഉണ്ടായിരുന്നു. അതുകൊണ്ടാണ് പരിശുദ്ധ അമ്മ പറഞ്ഞത് 'നിങ്ങൾ അവൻ പറയുന്നത് ചെയ്യുവിൻ'എന്ന്. തീർച്ചയായും, ദിവ്യകാരുണ്യത്തിലുള്ള നമ്മുടെ വിശ്വാസവും മാതാവിനോടുള്ള നമ്മുടെ ഭക്തിയും സുന്ദരമായി സമന്വയിക്കുന്ന ഈ പ്രാർത്ഥനായഞ്ജം പൂർവ്വാധികം ഭക്തിയോടെ ഇത്തവണയും നടത്തപ്പെടണം.

6. 10 ദിനങ്ങളിൽ വി. കുർബാനയിൽ പങ്കെടുക്കാനും ആവശ്യമെങ്കിൽ അനുരഞ്ജനകൂദാശ സ്വീകരിക്കാനും കൊന്തനമസ്ക്കാരത്തിൽ പങ്കെടുക്കാനും ശ്രദ്ധിക്കുക.

7. നമ്മുടെ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്കായി പ്രത്യേക സമയം ജപമാലയ്ക്കായി ക്രമീകരിക്കുന്നത് നല്ലതാണ്.

ജീവിത മാതൃകയിലൂടെയും പുണ്യജീവിതത്തിലൂടെയും സുവിശേഷത്തിന് സാക്ഷികളാകാനും ഈ കാലഘട്ടം ആവശ്യപ്പെടുന്ന ത്യാഗങ്ങളും അപമാനങ്ങളും ക്ലേശങ്ങളും എല്ലാം സുവിശേഷത്തിന്റെ പുരോഗതിക്ക് കാരണമാകട്ടെയെന്ന വി. പൗലോസ് അപ്പസ്തോലന്റെ പ്രത്യാശയും ദർശനവും നമുക്ക് ലഭിക്കുവാനും നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. എല്ലാ വൈദികരെയും സമർപ്പിതരെയും മിഷണറിമാരെയും ഓർക്കുകയും ഇനിയും ധാരാളം നല്ല ദൈവവിളികൾ ലഭിക്കുവാൻവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം. വിശ്വാസത്തിന്റെ പേരിൽ യാതനകളും പീഡനങ്ങളും അപമാനങ്ങളും ഏൽക്കേണ്ടിവരുന്ന മുഴുവൻ ദൈവജനത്തെയും ജപമാലയിൽ സമർപ്പിക്കാം. പ്രേഷിതമധ്യസ്ഥയായ പരി. അമ്മയും നമ്മുടെ അതിരൂപതയുടെ മധ്യസ്ഥനായ വി. യൗസേപ്പിതാവും വഴി ധാരാളം ദൈവാനുഗ്രഹം നിങ്ങൾക്കേവർക്കും ലഭിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

സ്നേഹാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്,

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

തലശ്ശേരി
23.09.2018

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2018 ഒക്ടോബർ മാസം 14–ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.

Ref: 3141/K-5/KCBC/OL/DS 15.09.2018

# ആഗോളമിഷൻദിന സന്ദേശം -2018
## ഫ്രാൻസിസ് മാർപാപ്പ

*നമുക്ക് യുവജനങ്ങളോടൊപ്പം എല്ലാവർക്കും സുവിശേഷം എത്തിച്ചു കൊടുക്കാം*

പ്രിയ യുവജനങ്ങളേ, ക്രിസ്തുവിൽ നിന്ന് നാം സ്വീകരിച്ച സുവിശേഷദൗത്യത്തെക്കുറിച്ച് നിങ്ങളോടുകൂടെ ചിന്തിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. സഭയിൽ ദൈവമക്കളെന്ന നിലയിൽ സാഹസിക ജീവിതം നയിക്കുന്ന എല്ലാ ക്രൈസ്തവരെയും നിങ്ങളോടു സംസാരിക്കുമ്പോൾ ഞാൻ അഭിസംബോധന ചെയ്യുന്നുണ്ട്. നിങ്ങളുമായുള്ള ഈ സംസാരത്തിലൂടെ എല്ലാവരോടും സംസാരിക്കാൻ എന്നെ പ്രേരിപ്പിക്കുന്നത് ഒരു തീർച്ചയാണ്. ക്രൈസ്തവവിശ്വാസം യേശു നമ്മെ ഏല്പിച്ച ദൗത്യത്തോടു തുറവുള്ളതാകുമ്പോൾ നിത്യയൗവനത്തിൽ നിലനില്ക്കുമെന്ന തീർച്ചയാണത്. വിശുദ്ധ ജോൺപോൾ രണ്ടാമന്റെ വാക്കുകളിൽ പറഞ്ഞാൽ “മിഷൻ വിശ്വാസത്തെ പുനരുജീവിപ്പിക്കുന്നു” (രക്ഷകന്റെ മിഷൻ 2). യുവജനത്തോട് വലിയ സ്നേഹവും താത്പര്യവും കാണിച്ചിരുന്ന മാർപാപ്പയാണല്ലോ അദ്ദേഹം.

വരുന്ന മിഷൻമാസമായ ഒക്ടോബറിൽ ഒരു സൂനഹദോസ് റോമിൽ വച്ചു നടത്തും. കർത്താവായ യേശു യുവജനങ്ങളേ, നിങ്ങളോടും നിങ്ങളിലൂടെ എല്ലാ ക്രൈസ്തവ സമൂഹങ്ങളോടും, വിശ്വാസത്തെ കൂടുതൽ പൂർണമായി ഗ്രഹിക്കാൻ കർത്താവായ യേശുവിന് പറയാനുള്ളത് എന്താണെന്ന് വിശ്വാസത്തിന്റെ വെളിച്ചത്തിൽ മനസ്സിലാക്കാനുള്ള ഒരു അവസരമാകും അത്.

### ജീവിതം ഒരു മിഷനാണ്

ഓരോ സ്ത്രീയും പുരുഷനും മിഷനാണ്. ഈ ലോകത്തിലുള്ള നമ്മുടെ ജീവിതത്തിന്റെ കാരണം അതാണ്. *ആകർഷിക്കപ്പെടുക അയയ്ക്കപ്പെടുക* എന്നീ രണ്ടു കാര്യങ്ങൾ നമ്മുടെ ഹൃദയത്തിൽ സ്നേഹത്തിന്റെ ആന്തരിക ശക്തികളായി നമുക്ക് അനുഭവപ്പെടും - പ്രത്യേകിച്ച് ചെറുപ്പത്തിൽ. അവ നമ്മുടെ ഭാവിയുടെ വാഗ്ദാനവും ജീവിതത്തിന് മാർഗദർശനവും നല്കുന്നു. ജീവന്റെ ശക്തി നമ്മിൽ പ്രവേശിക്കുകയും ആകർഷിക്കുകയും ചെയ്യുന്നതായി മറ്റുള്ള ആരെയുംകാൾ കൂടുതലായി യുവജനങ്ങൾക്കു തോന്നും. ലോകത്തോട് നമുക്കുള്ള

ഉത്തരവാദിത്വം സന്തോഷപൂർവം ജീവിക്കുകയെന്നത് വലിയൊരു വെല്ലുവിളിയാണ്. യൗവനത്തിന്റെ പ്രകാശത്തെയും നിഴലുകളെയുംകുറിച്ച് എനിക്ക് നന്നായിട്ട് അറിയാം. ഞാൻ എന്റെ യൗവനകാലത്തെയും എന്റെ കുടുംബത്തെയും പറ്റി ചിന്തിക്കുമ്പോൾ കൂടുതൽ നല്ല ഭാവിക്കുവേണ്ടിയുള്ള എന്റെ പ്രത്യാശയുടെ ശക്തി ഞാൻ ഓർമിക്കുന്നു. നമ്മുടെതന്നെ തിരഞ്ഞെടുപ്പുകൊണ്ടല്ല നമ്മൾ ഈ ലോകത്തിലായിരിക്കുന്നത്. നമുക്ക് മുമ്പേയുള്ള ഒരു പ്രാരംഭശക്തിയുണ്ടെന്നും അത് നമുക്ക് അസ്തിത്വം നല്കുന്നുവെന്നുമുള്ള ബോധം ആ വസ്തുത നമുക്കു നല്കുന്നു. നമ്മിൽ ഓരോരുത്തരും ഈ വസ്തുതയെക്കുറിച്ചു ചിന്തിക്കണം: "ഞാൻ ഈ ലോകത്തിൽ ഒരു മിഷനാണ്. ഞാൻ ഈ ലോകത്തിലായിരിക്കുന്നതിന്റെ കാരണം അതാണ്" (സുവിശേഷത്തിന്റെ സന്ദേശം 273).

## നാം യേശുക്രിസ്തുവിനെ പ്രഘോഷിക്കുന്നു

സഭ താൻ സൗജന്യമായി സ്വീകരിച്ചത് പ്രഘോഷിക്കുന്നു (cf മത്താ 10:8; അപ്പ 3:6). അങ്ങനെ ചെയ്തുകൊണ്ട്, നമ്മുടെ ജീവിതത്തിന് ഈ ലോകത്തിൽ അർഥം നല്കുന്ന വഴിയും സത്യവും യുവജനമായ നിങ്ങളുമായി പങ്കുവയ്ക്കാൻ കഴിയും. സത്യത്തിന്റേതും നിറവേറലിന്റേതുമായ ഈ സന്ദേശം കണ്ടെത്താനും പ്രഘോഷിക്കാനും നമുക്കുവേണ്ടി മരിക്കുകയും ഉയിർക്കുകയും ചെയ്ത യേശുക്രിസ്തു നമ്മുടെ സ്വാതന്ത്ര്യത്തോട് ആവശ്യപ്പെടുകയും നമ്മെ വെല്ലുവിളിക്കുകയും ചെയ്യുന്നു. പ്രിയ യുവജനമേ, ക്രിസ്തുവിനെയും സഭയെയും ഭയപ്പെടേണ്ട. എന്തെന്നാൽ ജീവിതത്തെ സന്തോഷം കൊണ്ടുനിറയ്ക്കുന്ന നിധി അവിടെ നമ്മൾ കണ്ടെത്തുന്നു. എന്റെ അനുഭവത്തിൽ നിന്നു തന്നെ ഇക്കാര്യം നിങ്ങളോടു പറയാൻ എനിക്ക് സാധിക്കും. വിശ്വാസത്തിന്റെ സഹായത്താൽ എന്റെ സ്വപ്നങ്ങളുടെ തീർച്ചയുള്ള അടിസ്ഥാനവും അവയെ യാഥാർഥ്യമാക്കാൻ വേണ്ട ശക്തിയും ഞാൻ കണ്ടെത്തി.

നമ്മുടെ അനേകം സഹോദരങ്ങളുടെ മുഖങ്ങൾ വലിയ സഹനവും ദാരിദ്ര്യവും കൊണ്ട് വികലമാക്കപ്പെട്ടതായി ഞാൻ കണ്ടിട്ടുണ്ട്. എന്നാലും യേശുവിന്റെയടുത്തു നില്ക്കുന്നവർക്കു തിന്മ തന്നെ വലിയ സ്നേഹത്തിനുള്ള പ്രചോദനമാണ്. സുവിശേഷത്തോടുള്ള സ്നേഹം കൊണ്ട് അനേകം സ്ത്രീപുരുഷന്മാരും അനേകം യുവജനങ്ങളും ഉദാരതയോടെ തങ്ങളെത്തന്നെ ബലികഴിച്ചിട്ടുണ്ട് - ചിലപ്പോൾ

രക്തസാക്ഷികളാകുകപോലും ചെയ്തിട്ടുണ്ട്. യേശുവിന്റെ കുരിശിൽ നിന്ന് ആത്മബലിയുടെ യുക്തി നാം പഠിക്കുന്നു (cf 1 കോറി 1:17-25). ലോകത്തിന്റെ ജീവനുവേണ്ടിയുള്ള സുവിശേഷപ്രഘോഷണമാണത് (cf യോഹ 3:16). ക്രിസ്തുവിനോടുള്ള സ്നേഹാഗ്നിയാൽ കത്തിക്കപ്പെടുക ആ അഗ്നിയാൽ വിഴുങ്ങപ്പെടുക അതിന്റെ പ്രകാശത്താൽ മനസ്സിലാക്കൽ പ്രക്രിയയിൽ വളരുക അതിന്റെ സ്നേഹത്താൽ ചൂടുള്ളവരായിരിക്കുക (cf 2 കോറി 5:14). ദൈവത്തിന്റെ വിസ്തൃത ചക്രവാളത്തിലേക്ക് നമ്മെ തുറക്കുന്ന വിശുദ്ധരുടെ പാഠശാലയിൽ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. “ക്രിസ്തു എന്റെ സ്ഥാനത്തായിരുന്നെങ്കിൽ അവിടന്ന് എന്തു ചെയ്യുമായിരുന്നു?” എന്ന വിസ്മയത്തിൽ നിർത്താതിരിക്കാനാണ് ഞാൻ ക്ഷണിക്കുന്നത്.

## വിശ്വാസത്തെ ലോകത്തിന്റെ അതിരുകളിലേക്ക് പകരുക

യുവസുഹൃത്തുക്കളേ, നിങ്ങളും മാമ്മോദീസ വഴി സഭയുടെ ജീവിക്കുന്ന അംഗങ്ങളായി. അതോടെ എല്ലാവർക്കും സുവിശേഷം എത്തിച്ചുകൊടുക്കാനുള്ള ദൗത്യം നമ്മൾ സ്വീകരിച്ചിട്ടുണ്ട്. നിങ്ങൾ ജീവിതത്തിന്റെ പടിവാതുക്കലാണ്. സഭയുടെ കൂദാശകൾ, നമുക്ക് നല്കപ്പെട്ട വിശ്വാസത്തിന്റെ കൃപാവരത്തിൽ വളരുന്നതിന്, സാക്ഷികളുടെ മഹത്തായ പ്രവാഹത്തിലേക്ക് നമ്മെ മുക്കുന്നു. തലമുറതോറും കൂടുതൽ പ്രായമുള്ളവരുടെ ജ്ഞാനവും അനുഭവവും, ഭാവിയിലേക്ക് നോക്കുന്നവർക്ക് സാക്ഷ്യവും പ്രോത്സാഹനവുമായിത്തീരാൻ ആ സാക്ഷികൾ ശക്തി നല്കും. ജീവിതയാത്രയുടെ അന്തിമഘട്ടത്തിലേക്കു അടുക്കുന്നവർക്ക് യുവജനത്തിന്റെ നവീനതയും ആവേശവും പിന്തുണയുടെയും പ്രത്യാശയുടെയും ഉറവിടമാക്കിമാറ്റും. ജീവിതത്തിലെ വ്യത്യസ്ത ഘട്ടങ്ങളുടെ ഈ ഇണക്കിച്ചേർക്കലിൽ സഭയുടെ മിഷൻ തലമുറകൾ തമ്മിലുള്ള പാലം പണിയും. നമ്മുടെ ദൈവവിശ്വാസവും അയൽക്കാരനോടുള്ള സ്നേഹവും അഗാധമായ ഐക്യത്തിന്റെ ഉറവിടമാകും.

വിശ്വാസത്തിന്റെ ഈ പകർന്നു നല്കൽ സഭയുടെ മിഷന്റെ കേന്ദ്രമാണ്. പകരാനുള്ള സ്നേഹത്തിന്റെ കഴിവിൽ നിന്നാണ് അത് ഉദ്ഭവിക്കുന്നത്. അവിടെ സന്തോഷവും ആവേശവും ജീവിതത്തിൽ പുതുതായി കണ്ടെത്തിയ അർഥത്തിന്റെയും നിറവേറലിന്റെയും പ്രകടനമായിത്തീരുന്നു. ആകർഷണം വഴിയുള്ള വിശ്വാസത്തിന്റെ വ്യാപനത്തിന് തുറവുള്ളതും സ്നേഹത്താൽ വികസിക്കപ്പെട്ടതുമായ ഹൃദയ

ങ്ങൾ വേണം. സ്നേഹത്തിന് അതിരുകല്പിക്കാൻ സാധ്യമല്ല. കാരണം, അത് മരണത്തെപ്പോലെ ശക്തമാണ് (cf ഉത്തമഗീതം 8:6). കണ്ടുമുട്ടൽ, സാക്ഷ്യം, പ്രഘോഷണം എന്നിവയെ ആ വ്യാപനം ഉത്പാദിപ്പിക്കുന്നു. വിശ്വാസത്തിൽ നിന്ന് അകലെയായിരിക്കുന്നവരും, നിസ്സംഗരായിരിക്കുന്നവരും ശത്രുതയോടെ വിശ്വാസത്തെ എതിർക്കുന്നവരുമായ എല്ലാവരുമായി പരസ്നേഹത്തിൽ പങ്കുവയ്ക്കലിനെ ജനിപ്പിക്കുന്നു. യേശുവിന്റെ സുവിശേഷവും സഭയുടെ കൗദാശിക സാന്നിധ്യവും ഇനിയും അറിയാത്ത മാനുഷിക-സാംസ്കാരിക-മതാത്മക പരിതസ്ഥിതികളാണ് അങ്ങേയറ്റത്തെ അരികുകൾ അഥവാ ലോകത്തിന്റെ അതിരുകൾ. ആ അതിരുകളിലേക്ക് ഒന്നാമത്തെ ഈസ്റ്റർ മുതൽ ക്രിസ്തു തന്റെ പ്രേഷിതശിഷ്യരെ അയച്ചും അവരുടെ കർത്താവ് എപ്പോഴും അവരുടെ കൂടെ ഉണ്ടായിരിക്കുമെന്ന തീർചയോടെയാണ് അയച്ചത് (cf മത്താ 28:20; അപ്പ 1:8). “ജാതികളിലേക്കുള്ള പ്രേഷിതത്വം” എന്ന് നാം വിളിക്കുന്നത് ഇതിനെയാണ്. ഏറ്റവും ജീർണിച്ച അതിര് യേശുവിനെ ആവശ്യമുള്ള മനുഷ്യവർഗം വിശ്വാസത്തോട് നിസ്സംഗത പുലർത്തുന്ന സ്ഥലമാണ്. അല്ലെങ്കിൽ ദൈവത്തിലുള്ള ജീവന്റെ പൂർണതയോട് വിദ്വേഷം പ്രകടിപ്പിക്കുന്നിടമാണ്. ഭൗമികവും ആധ്യാത്മികവുമായ എല്ലാ ദാരിദ്ര്യവും നമ്മുടെ സഹോദരീസഹോദരന്മാരോട് കാണിക്കുന്ന വിവേചനത്തിന്റെ ഓരോ രൂപവും എപ്പോഴും ദൈവത്തെയും അവിടത്തെ സ്നേഹത്തെയും തള്ളിക്കളയുന്നതിന്റെ ഫലമായിട്ട് ഉണ്ടാകുന്നതാണ്.

പ്രിയ യുവജനമേ, ലോകത്തിന്റെ അതിരുകൾ ഇക്കാലത്ത് തികച്ചും ആപേക്ഷികമാണ്. മിക്കപ്പോഴും എളുപ്പത്തിൽ “കപ്പൽ സഞ്ചാരം ചെയ്യാവുന്നതുമാണ്. ഡിജിറ്റൽ ലോകം - ഏറെ വ്യാപകവും സുലഭവുമായ സാമൂഹിക നെറ്റുവർക്കുകൾ അതിരുകളെ ഇല്ലാതാക്കുന്നു. അകലം ഇല്ലാതാക്കുന്നു. വ്യത്യാസങ്ങൾ കുറയ്ക്കുന്നു. എല്ലാം കൈയെത്തുന്നിടത്ത് ഉള്ളവയായി ഏറ്റവും അടുപ്പത്തിലുള്ളതായി, നേരിട്ടു കിട്ടുന്നതായി തോന്നുന്നു. എന്നാലും അനേകം ബന്ധപ്പെടലുകൾ നമുക്ക് ഉണ്ടാകുന്നുണ്ടെങ്കിലും ജീവന്റെ യഥാർഥ കൂട്ടായ്മയിൽ ഒരിക്കലും പങ്കുചേരുന്നില്ലെന്നു വരാം. നമ്മുടെ ജീവിതത്തിന്റെ ആത്മാർഥമായ ദാനമില്ലാത്തതുകൊണ്ടാണത്. ലോകത്തിന്റെ അതിർത്തികൾവരെ മിഷനിൽ പങ്കുചേരുകയെന്നത്, ദൈവം നമുക്കു തന്ന വിളിയിൽ നമ്മെത്തന്നെ ദാനമായി നല്കുകയെന്നത്, ആവശ്യമാണ്. ദൈവമാണല്ലോ നമ്മെ ഈ ഭൂമിയിൽ സ്ഥാപിച്ചത് (cf ലൂക്കാ 9:23-25). യേശുക്രിസ്തു

വിനെ അനുഗമിക്കാൻ ആഗ്രഹിക്കുന്ന ഏതു യുവാവിനെയും യുവതിയെയും സംബന്ധിച്ചിടത്തോളം ഏറ്റവും സത്താപരമായിട്ടുള്ളത് സ്വന്തം വിളി അന്വേഷിക്കുകയും കണ്ടെത്തുകയും അതിൽ നിലനില്ക്കുകയും ചെയ്യുകയെന്നതാണ് എന്നു ഞാൻ ഉറപ്പിച്ചു പറയുന്നു.

## സ്നേഹത്തിനു സാക്ഷ്യം വഹിച്ചുകൊണ്ട്

തന്റെ സഭയിൽ വസിക്കുന്ന യേശുവിനെ വ്യക്തിപരമായി കണ്ടുമുട്ടുവാൻ നിങ്ങൾക്ക് സാധ്യത നല്കുന്ന സഭാത്മകഗ്രൂപ്പുകളായിട്ടുള്ള ഇടവകകൾ, സംഘടനകൾ, പ്രസ്ഥാനങ്ങൾ സന്ന്യസ്ത സമൂഹങ്ങൾ എന്നിവരോടും മിഷണറിസേവനത്തിന്റെ വിവിധപ്രകാശനങ്ങളോടും എനിക്കു നന്ദിയുണ്ട്. എത്രയോ യുവജനങ്ങൾ പ്രേഷിതത്വ സന്നദ്ധ സേവനത്തിൽ നമ്മുടെ സഹോദരീസഹോദരന്മാരിൽ "ഏററവും എളിയവരെ" സേവിക്കാനുള്ള മാർഗം കണ്ടെത്തുന്നുണ്ട് (cf മത്താ 25:40). അവർ മനുഷ്യമഹത്ത്വത്തെ വളർത്തുന്നു. സ്നേഹത്തിന്റെ സന്തോഷത്തിനും ക്രിസ്ത്യാനിയായിരിക്കുന്നതിലുള്ള സന്തോഷത്തിനും അവർ സാക്ഷ്യം വഹിക്കുന്നു. സഭാത്മകമായ ഈ അനുഭവങ്ങൾ യുവജനങ്ങളെ പ്രൊഫഷണൽ വിജയത്തിനായി മാത്രമല്ല പിന്നെയോ, മറ്റുള്ളവർക്കു സേവനം ചെയ്യാൻ ദൈവം നല്കിയ ദാനങ്ങളെ വികസിപ്പിക്കുകയും വളർത്തുകയും ചെയ്യാനും പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നുണ്ട്. താത്കാലിക മിഷണറി സേവനത്തിൽ പ്രശംസനീയമായ ഈ രൂപങ്ങൾ ഫലപൂർണമായ ആരംഭമാണ്. വിളിപരമായ തിരിച്ചറിവിലൂടെ നിങ്ങളെ സഹായിക്കാൻ- മിഷണറിമാരായി ജീവിതം മുഴുവൻ സമർപ്പിക്കാൻ സഹായിക്കുന്നതിന്- അവർക്ക് കഴിയും.

പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ യുവഹൃദയങ്ങളിൽ നിന്നാണു ജനിച്ചത്. ഓരോ ജനതയോടും സുവിശേഷ പ്രസംഗം നടത്താനുള്ള പിന്തുണയുടെ മാർഗമാണത്. സത്യം അറിയാൻ ദാഹിക്കുന്ന എല്ലാവർക്കും മാനുഷികവും സാംസ്കാരികവുമായ വളർച്ചയ്ക്കായി സഹായം ചെയ്യുവാനാണത്. പൊന്തിഫിക്കൽ മിഷൻ സൊസൈറ്റിയിലൂടെ പ്രാർഥനയും ഭൗതികസഹായങ്ങളും ഉദാരതയോടെ നല്കപ്പെടുകയും വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. വ്യക്തിപരമായ കാര്യങ്ങളിൽ സഹായിക്കപ്പെടുന്നവർ അവരുടെ അനുദിന ജീവിത സാഹചര്യങ്ങളിൽ സുവിശേഷത്തിനു സാക്ഷ്യം വഹിക്കാൻ കഴിവുള്ളരാകുമെന്ന് പരിശുദ്ധ സിംഹാസനത്തിന് ഉറപ്പുണ്ടാകാൻ ആ സൊസൈറ്റികൾ സഹായിക്കുന്നു. തങ്ങൾക്ക് ഉള്ളത് എന്ന

തിനെക്കാൾ തങ്ങൾ ആയിരിക്കുന്നതെന്തോ അത് ഒന്നാമതായി നല്കാൻ കഴിയാത്തവിധം ദരിദ്രനായി ആരുമില്ല. ചില്ലിയിലെ യുവജനത്തോട് ഞാൻ പറഞ്ഞ പ്രോത്സാഹനകരമായ വാക്കുകൾ ആവർത്തിക്കട്ടെ: "ഒന്നും കൊടുക്കാനില്ലെന്നോ ആർക്കും നിങ്ങളെക്കൊണ്ട് ആവശ്യമില്ലെന്നോ നിങ്ങൾ ഒരിക്കലും വിചാരിക്കരുത്. ഏറെ ആളുകൾക്ക് നിങ്ങളെക്കൊണ്ട് ആവശ്യമുണ്ട്. ഇതിനെപ്പറ്റി ചിന്തിക്കുക! നിങ്ങളിൽ ഓരോ വ്യക്തിയും ഹൃദയത്തിൽ ഇങ്ങനെ ചിന്തിക്കണം: അനേകർക്ക് ആവശ്യമുള്ള ആളാണ് ഞാൻ" (യുവജനങ്ങളെ കണ്ടുമുട്ടൽ, മയ്പൂഷ്റൈൻ, 17 ജനുവരി 2018).

പ്രിയ യുവജനമേ, മിഷനുകളുടെ മാസമായ ഈ ഒക്ടോബർ മാസത്തിൽ നിങ്ങൾക്കായുള്ള സൂനഹദോസു നടത്തും. യേശുവിനും ലോകത്തിന്റെ അതിർത്തികൾ വരെയുള്ള അവിടത്തേ മിഷനും വികാരാവേശത്തോടെ കൂടുതൽ സമർപ്പിതരായ മിഷണറി ശിഷ്യന്മാരാകാൻ ഒരിക്കൽ കൂടി നമ്മെ സഹായിക്കുന്ന ഒരവസരമായിരിക്കും അത്. നമുക്ക് എല്ലാവർക്കും വേണ്ടി മാധ്യസ്ഥ്യം വഹിക്കാനും എപ്പോഴും നമ്മോടൊപ്പം ഉണ്ടായിരിക്കാനും ശ്ലീഹന്മാരുടെ രാജ്ഞിയായ മറിയത്തോടും വിശുദ്ധ ഫ്രാൻസിസ് സേവ്യറിനോടും വിശുദ്ധ കൊച്ചുത്രേസ്യായോടും വാഴ്ത്തപ്പെട്ട പാവുളോ മന്നായോടും ഞാൻ അപേക്ഷിക്കുന്നു.

വത്തിക്കാനിൽ നിന്ന്, 20 മേയ് 2018 പെന്തെക്കോസ്താ തിരുനാൾ ദിവസം

**ഫ്രാൻസിസ് മാർപാപ്പാ**

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി., കൊച്ചി - 682 025

Prot.No.577/2018 , സർക്കുലർ നമ്പർ 18/2018

# ബഹു. വൈദികരുടെ ശ്രദ്ധയ്ക്ക്

പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരെ,

അതിരൂപത അസംബ്ലിയുടെ ഏറ്റവും ശക്തമായ നിർദ്ദേശമായിരുന്ന കുടുംബക്കൂട്ടായ്മകൾ രൂപീകരിക്കുന്നതിനുള്ള പരിശ്രമങ്ങൾക്ക് ആരംഭം കുറിച്ചു കഴിഞ്ഞു. രണ്ട് ബാച്ചുകളായി നടന്ന അച്ചന്മാരുടെ റിഫ്രഷർ കോഴ്സിലും ജൂലൈമാസത്തെ വൈദികമാസധ്യാനത്തിലും ഈ വിഷയം സവിസ്തരം നാം പഠിയ്ക്കുകയും ചർച്ച ചെയ്യുകയുമുണ്ടായി. ഇങ്ങനെ രൂപപ്പെട്ട ചിന്തകളുടെ വെളിച്ചത്തിലാണ് പുതിയ സംവിധാനത്തെക്കുറിച്ച് ഇടയലേഖനത്തിലൂടെ ജനത്തെ അറിയിച്ചത്. അതനുസരിച്ച് നിങ്ങളുടെ ഇട വകയിൽ യൂണിറ്റുകൾ തിരിക്കുകയും ഭാരവാഹികളെ നിശ്ചയിക്കുകയും ചെയ്യു ന്നുവെന്ന് അറിയുന്നതിൽ സന്തോഷിക്കുന്നു. നിങ്ങളെ അഭിനന്ദിക്കുന്നു.

ഈ പുതിയ അജപാലനശൈലി ജനത്തിന് പരിചയപ്പെടുത്തി കൊടുക്കുന്നതിനും സംശയങ്ങൾ ദൂരീകരിക്കുന്നതിനുമായി പാരീ ഷ്കൗൺസിൽ അംഗങ്ങളെ ഫൊറോനതലത്തിൽ വിളിച്ച്കൂട്ടി പഠനപരി പാടി ഡയറക്ടർ ഫാ. മാത്യു ആശാരിപറമ്പിൽ നടത്തുകയുണ്ടായി. നിര വധി ഇടവകകളിൽ ഞായറാഴ്ച ബലിയർപ്പിച്ച് ജനത്തെ ഉദ്ബുദ്ധരാക്കി. ഇനിയുള്ള ഒരുമാസം നമ്മുടെ അതിരൂപതയിലെ മുഴുവൻ ഇടവകകളിലും ചെറുയൂണിറ്റുകൾ തിരിച്ച് അഞ്ച് ഭാരവാഹികളെ നിശ്ചയിച്ച് കൂട്ടായ്മ നന്നായി നടത്തുവാനുള്ള ക്രമീകരണങ്ങൾ നടത്തുന്നതിനുള്ള സമയമാണ്. ഓരോ യൂണിറ്റിൽനിന്നും വിവിധ സംഘടനകൾക്കുള്ള പ്രതിനിധികളെ നിശ്ചയിക്കുകയും വേണം. ഈ വിധത്തിൽ പുതിയതായി ക്രമീകരിക്കപ്പെട്ട കൂട്ടായ്മകളുടെ രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ച് നവംബർ 1ന് മുമ്പായി ഫ്രൂട്ട്സ് ഓഫീസിൽ എത്തിക്കണം. കുടുംബക്കൂട്ടായ്മയുടെ പ്രവർത്തന ങ്ങളെ സജീവമാക്കുന്നതിനായി എല്ലാ ഫൊറോനയിലും ഓരോ അച്ചന്മാരെ ഡയറക്ടർമാരായി നിശ്ചയിക്കുന്നു. പുതിയ ക്രമത്തിൽ തിരഞ്ഞെടുക്കപ്പെ ടുന്ന ഭാരവാഹികൾക്കായി (യൂണിറ്റിൽനിന്ന് 5പേർ) നവംബർ 10 നുശേഷം ഫൊറോനാതലത്തിൽ പഠനവും പരിശീലനവും നൽകുന്നതാണ്. അന്നേ ദിവസം കൂട്ടായ്മയുടെ ഹാജർബുക്കും റിപ്പോർട്ട്ബുക്കും നിയമാവലിയും പ്രാർത്ഥനാപുസ്തകവും സംലഭ്യമാക്കുന്നതാണ്. ഈ വിധത്തിൽ കുടും ബക്കൂട്ടായ്മ രൂപീകരിക്കുന്ന പ്രവർത്തനങ്ങളിൽ സജീവമാകണമെന്ന് ഒരി ക്കൽക്കൂടി നിങ്ങളെ ഓർമ്മിപ്പിക്കുന്നു.

സ്നേഹാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്,

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

തലശ്ശേരി
24.09.2018




## 1. പുതിയ നിയമനം

1. ഫാ. ജോസഫ് പന്തമാക്കൽ സി.എം.ഐ - താൽക്കാലിക വികാരി, കല്ലുമുതിരക്കുന്ന്.
2. ഫാ. ജെയ്സൺ ആനിക്കാതോട്ടം - മെഡിക്കൽ ലീവ്
3. ഫാ. സെബാസ്റ്റ്യൻ മൂക്കിലിക്കാട്ട് - ഗൾഫ് മിഷൻ
4. ഫാ. ജോർജ് ആലപ്പാട്ട് - വികാരി, ചന്ദനക്കാംപാറ
5. ഫാ. ജോൺപോൾ പറപ്പള്ളിയാത്ത് - വികാരി, പടന്നക്കാട് & ഡയറക്ടർ, ഗുഡ് ഷെപ്പേർഡ് പാസ്റ്ററൽ സെന്റർ
6. ഫാ. ലൂക്കോസ് മാടശ്ശേരി -പ്രോ.വികാർ, ഹൊസങ്കടി

## 2. മിഷൻ ഞായർ

ഒക്ടോബർ 28-നാണ് ഈ വർഷത്തെ മിഷൻ ഞായർ ആഘോഷിക്കുന്നത്. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ പ്രാർത്ഥനയും സംഭാവനയും വഴി സഹായിക്കാൻ ഈ ദിവസം നമുക്ക് പരിശ്രമിക്കാം. അന്നേദിവസം എടുക്കുന്ന സ്തോത്രക്കാഴ്ച ആഗോളമിഷൻ പ്രവർത്തനങ്ങളെ സഹായിക്കാനാണ് നൽകുന്നത്. ഉദാരമായി സംഭാവന ചെയ്യാൻ ജനങ്ങളെ ഉദ്ബോധിപ്പിക്കുകയും അന്നു ലഭിക്കുന്ന തുക താമസിയാതെ തന്നെ അതിരൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കുകയും ചെയ്യുമല്ലോ. ചെറുപുഷ്പമിഷൻലീഗ് അംഗങ്ങൾ പതിവുപോലെ മിഷൻഫണ്ട് സമാഹരിക്കാൻ ഉത്സാഹിക്കണം.

## 3. അഭിനന്ദനങ്ങൾ

റോമിലെ ഹോളിക്രോസ് യൂണിവേഴ്സിറ്റിയിൽനിന്നും തത്ത്വശാസ്ത്രത്തിൽ ഡോക്ടർ ബിരുദം കരസ്ഥമാക്കി തിരിച്ചെത്തിയിരിക്കുന്ന ബഹു. ജോൺ പോൾ പറപ്പള്ളിയാത്ത് അച്ചന് ഹൃദയംഗമമായ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

## 4. ഫൊറോന പുനർക്രമീകരണം

തളിപ്പറമ്പ് ഫൊറോനയിൽ ഉൾപ്പെട്ടിരുന്ന നെടുവാലൂർ ഇടവകയെ 2018 ഒക്ടോബർ 1 മുതൽ ചെമ്പന്തൊട്ടി ഫൊറോനയിൽ ഉൾപ്പെടുത്തിയിരിക്കുന്നതായി അറിയിക്കുന്നു. എല്ലാ സംഘടനകളുടെയും മേഖലാ സമിതികൾ ഈ മാറ്റത്തിനനുസരിച്ചുള്ള ക്രമീകരണങ്ങൾ നടത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

## 5. സ്ഥാനാരോഹണദിനം

അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് തലശ്ശേരി അതിരൂപതാധ്യക്ഷനായി ചുമതലയേറ്റിട്ട് ഈ ഒക്ടോബർ 30-ന് നാലുവർഷം പൂർത്തിയാവുകയാണ്. പിതാവിലൂടെ തലശ്ശേരി അതിരൂപതയ്ക്കു ലഭിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്ക് നന്ദിപറയുകയും പിതാവിന്റെ അജപാലനപ്രവർത്തനങ്ങൾ കൂടുതൽ നന്നായി ചെയ്യാനുള്ള ദൈവകൃപയ്ക്കുവേണ്ടിയും ആയുരാരോഗ്യങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കാം.

## 6. ആദരാഞ്ജലികൾ

**1. സി. റോസറ്റ് ജോസ് എൻ.എസ് :** നസ്രത്തു സന്ന്യാസിനീ സമൂഹാംഗവും പാരമ്പര്യ ആയുർവ്വേദ ചികിത്സകയുമായ സി.റോസറ്റ് ജോസ് എൻ.എസ് (60) 18-09-2018-ന് നിര്യാതയായി. സെപ്തംബർ 19-ന് ഉച്ചക്കഴിഞ്ഞ് ആർച്ച് ബിഷപ്പ് എമിരറ്റസ് മാർ ജോർജ്ജ് വലിയമറ്റത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്കാരം കുന്നോത്ത് നസ്രത്തു ജനറലേറ്റ് സിമിത്തേരിയിൽ നടത്തി. മാനടുക്കം ഭവനാംഗമായ സിസ്റ്റർ അവിടെ പാരമ്പര്യ ആയൂർവ്വേദചികിത്സ നടത്തിവരികയായിരുന്നു. ഉദയഗിരിയിലെ പരേതനായ പ്ലാത്തോട്ടത്തിൽ ജോസഫ് മറിയം ദമ്പതികളുടെ മകളാണ്. നസ്രത്തുസന്ന്യാസിനീ സമൂഹത്തിന്റെ സുപ്പീരിയർ ജനറലായും ജനറൽ പ്രൊക്കുറേറ്ററായും പരപ്പ, വിമലഗിരി, മണിപ്പാറ, മുത്തപ്പൻപുഴ, മണിക്കടവ്, അരീക്കമല, മാനടുക്കം എന്നീ ശാഖാഭവനങ്ങളുടെ സുപ്പീരിയറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.. ബ്രെയിൻ ട്യൂമർ ബാധിച്ച് കഴിഞ്ഞ ഏതാനും മാസങ്ങളായി രോഗശയ്യയിലായിരുന്നു. സി. റോസറ്റിന്റെ ആത്മാവിന് നിത്യശാന്തിനേരുകയും നസ്രത്ത് സന്യാസിനീ സമൂഹത്തെയും ബന്ധുമിത്രാദികളെയും അനുശോചനം അറിയിക്കുകയും ചെയ്യുന്നു.



**2. സി. സ്നേഹ എസ്.എം.എസ് :** സ്നേഹഗിരി മിഷനറി സന്യാസിനീ സമൂഹത്തിന്റെ, മലബാർ പ്രൊവിൻസിലെ അംഗമായ സി. സ്നേഹ (66)2018 ഓഗസ്റ്റ് 30ന് നിര്യാതയായി. ചങ്ങനാശ്ശേരി അതിരൂപതയിലെ കാരികുളം ഇടവകയിൽപ്പെട്ട പാലയ്ക്കൽ തോമസ് അന്നമ്മ ദമ്പതികളുടെ മകളായി ജനിച്ചു. 1983 മെയ് 16-ന് നിത്യവ്രത വാഗ്ദാനം നടത്തി. ജഗദൽപൂർ, കരുണാപുരം, ഉമ്മറപൊയിൽ, പുളിങ്ങോം, മഠങ്ങളിൽ ശുശ്രൂഷ ചെയ്തു. ഹൃദയാഘാതത്തെതുടർന്ന് ആകസ്മികമായി നിര്യാതയായ സിസ്റ്ററിന്റെ മൃതസംസ്കാര ശുശ്രൂഷകൾ 2018 സെപ്റ്റംബർ 2ന് പുളിങ്ങോം സെന്റ് ജോസഫ്സ് ദൈവാലയത്തിൽ ആർച്ചുബിഷപ്പ് എമിരറ്റസ് മാർ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. സിസ്റ്റർ സ്നേഹയുടെ ആത്മാവിന് നിത്യശാന്തി നേരുകയും എസ്.എം.എസ്. സന്ന്യാസസമൂഹത്തെയും ബന്ധുമിത്രാദികളെയും അനുശോചനം അറിയിക്കുകയും ചെയ്യുന്നു.



## 7. സ്നേഹസ്മൃതി

| | | | |
|---|---|---|---|
| 1. | റവ. ഫാ. ബർത്തലോമ്യോ മഴുവഞ്ചേരി സി.എം.ഐ. | - | 01-10-2006 |
| 2. | റവ. ഫാ. ജേക്കബ്ബ് ആലുങ്കൽ | - | 04-10-1994 |
| 3. | റവ. ഫാ. സെബാസ്റ്റ്യൻ ജോസഫ് കാഞ്ഞിരക്കാട്ട് | - | 06-10-2017 |
| 4. | റവ. ഫാ. ജോസഫ് കച്ചിറമറ്റം | - | 07-10-2001 |
| 5. | റവ. ഫാ. തോമസ് പുറത്തെമുതുകാട്ടിൽ | - | 21-10-2013 |
| 6. | റവ. ഫാ. സാബാസ് കുരുവിത്തടം സി.എം.ഐ. | - | 23-10-1982 |
| 7. | റവ. ഫാ. മാത്യു കാനക്കാട്ട് | - | 24-10-2007 |
| 8. | റവ. ഫാ. ജേക്കബ്ബ് നെടുമ്പിള്ളി | - | 26-10-2010 |
| 9. | റവ. ഫാ. അഡ്രിയാൻ സി.എം.ഐ. | - | 26-10-1978 |
| 10. | റവ. ഫാ. ഹൊർമീസ് പെരുമാലിൽ സി.എം.ഐ. | - | 28-10-1986 |
| 11. | റവ. ഫാ. ജേക്കബ്ബ് കുന്നപ്പള്ളിൽ | - | 30-10-2002 |

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

## എം.എസ്.എം.ഐ. തലശ്ശേരി സാൻജോസ് പ്രൊവിൻസിന് പുതിയ സാരഥികൾ



സി.ടെസിൻ ആൻഡ്രൂസ്
പ്രൊവിൻഷ്യൽ

**കൗൺസിലേഴ്സ് :**

സി. എൽസി ജോസ് വികർ പ്രൊവിൻഷ്യൽ

സി. ലിസി ജോർജ്

സി. തെരേസ് കുറ്റിക്കാട്ടുകുന്നേൽ

സി. ഷേർളി മാത്യു

സി. തെരേസ് ജോസ്, ഫിനാൻസ് ഓഫീസർ

സി. പൗളി ജോൺ, ഓഡിറ്റർ

പുതിയ ടീമിന് അഭിനന്ദനങ്ങളും ഭാവുകങ്ങളും!

## RELIEF FUND

| | | |
|---|---|---|
| 1 | Adampara | 20000 |
| 2 | Adottukaya | 12000 |
| 3 | Alakode | 266560 |
| 4 | Alphonsagiri | 15000 |
| 5 | Ammamkulam | 9000 |
| 6 | Anappanthy | 30105 |
| 7 | Anara | 35000 |
| 8 | Angadikkadavu | 125000 |
| 9 | Arabi | 5000 |
| 10 | Aravanchal | 20000 |
| 11 | Areekamala | 115000 |
| 12 | Arivilanjapoil | 50000 |
| 13 | Aryaparamba | 35000 |
| 14 | Athirumavu | 10000 |
| 15 | Attakandam | 34500 |
| 16 | Attenganam | 38500 |
| 17 | Ayannoor | 26250 |
| 18 | Badiyadukka | 100000 |
| 19 | Balal | 31348 |
| 20 | Balesugiri | 25000 |
| 21 | Bedoor | 44000 |
| 22 | Bheemanady | 250000 |
| 23 | Birikulam | 47000 |
| 24 | Chandanackampara | 25000 |
| 25 | Charal | 12600 |
| 26 | Chattamala | 30000 |
| 27 | Chavaragiri | 23000 |
| 28 | Chayyoth | 65000 |
| 29 | Chedikkulam | 35715 |
| 30 | Cheekkad | 25000 |
| 31 | Cheemeni | 16500 |
| 32 | Chempanthotty | 650000 |
| 33 | Chemperi | 850000 |
| 34 | Chengome | 50000 |
| 35 | Chepparamba | 105965 |
| 36 | Cherupara | 30200 |
| 37 | Cherupuzha | 160000 |
| 38 | Chettiyamparamba | |
| 39 | Choorapadavu | 20000 |
| 40 | Christnagar | 60000 |
| 41 | Chully | 76610 |
| 42 | Chundaparmba | 72225 |
| 43 | Deepagiri | 38000 |
| 44 | Edakkanam | 6000 |
| 45 | Edappuzha | 30000 |
| 46 | Edathotty | |
| 47 | Edoor | 162710 |
| 48 | Ennappara | 119000 |
| 49 | Ettupara | 25000 |
| 50 | Iritty | 235000 |
| 51 | Jayagiri | 35000 |
| 52 | Josegiri | 28000 |
| 53 | Josemount | 30000 |
| 54 | Kacherikkadavu | 111365 |
| 55 | Kadumeni | 100000 |
| 56 | Kalanki | 35000 |
| 57 | Kalichamaram | 40000 |
| 58 | Kalichanadukkom | 25000 |
| 59 | Kallar - Santhigiri | 44330 |
| 60 | Kallumuthirakkunnu | |
| 61 | Kalluvayal | 50000 |
| 62 | Kamballur | 75000 |
| 63 | Kanakakkunnu | |
| 64 | Kanakappally | 20115 |
| 65 | Kanichar | 75000 |
| 66 | Kanjangad | 100000 |
| 67 | Kanjiradukkom | 40000 |
| 68 | Kanjirakkolly | |
| 69 | Kannivayal | 62400 |
| 70 | Kannur | 100000 |
| 71 | Karayathumchal | 108500 |
| 72 | Kariappally | 49000 |
| 73 | Karikkottakkari | 35000 |
| 74 | Karthikapuram | 122000 |

| | | |
|---|---|---|
| 75 | Karunapuram | 150000 |
| 76 | Karuvanchal | 200000 |
| 77 | Kasargod | 72750 |
| 78 | Kavumthala | 26000 |
| 79 | Keezhpally | 86360 |
| 80 | Kiliyanthara | 65000 |
| 81 | Kodoppally | 26000 |
| 82 | Kolakkad | 100000 |
| 83 | Kolayad | 71500 |
| 84 | Koluvally | 37500 |
| 85 | Konnakkad | 70000 |
| 86 | Kottody | 100000 |
| 87 | Kottoor | 25000 |
| 88 | Kozhichal | 57450 |
| 89 | Kudianmala | 110000 |
| 90 | Kunnoth | 125000 |
| 91 | Kunnumkai | 50000 |
| 92 | Kuttaparamba | 30000 |
| 93 | Lissigiri | 45960 |
| 94 | Madathil | 60000 |
| 95 | Malome | 100000 |
| 96 | Mampoil | 29631 |
| 97 | Manadukkom | |
| 98 | Manakkadavu | 25000 |
| 99 | Mandalam | 342844 |
| 100 | Mandapam | |
| 101 | Mangode | 60410 |
| 102 | Manikkadavu | 100000 |
| 103 | Manippara | 125000 |
| 104 | Manjalampuram | 100000 |
| 105 | Marygiri | 120000 |
| 106 | Marypuram | 100000 |
| 107 | Mattara | 25000 |
| 108 | Mavumchal | 23000 |
| 109 | Melechovva | 20500 |
| 110 | Mudayaranji | 39000 |
| 111 | Mulapra | 10500 |
| 112 | Mulleria | 10000 |
| 113 | Mundanoor | 8000 |
| 114 | Naduvil | 75000 |
| 115 | Nattakkal | 6500 |
| 116 | Nedumpuramchal | 57000 |
| 117 | Neduvaloor | 17000 |
| 118 | Neeleshwaram | 41480 |
| 119 | Nellickampoil | 150000 |
| 120 | Nellikkunnu | 11675 |
| 121 | Nellikkutty | 60008 |
| 122 | Nellippara | 150000 |
| 123 | Nelliyadukkom | |
| 124 | Nirmalagiri | 103750 |
| 125 | Odenthode | 55000 |
| 126 | Ottathai | 10280 |
| 127 | Pachani | 32766 |
| 128 | Padankavala | 10000 |
| 129 | Padannakkad | 100000 |
| 130 | Padimaruthu | 100000 |
| 131 | Padiyoor | 25000 |
| 132 | Padiyottuchal | 102600 |
| 133 | Paduppu | 100000 |
| 134 | Paisakary | 150000 |
| 135 | Palathumkadavu | 14000 |
| 136 | Palavayal | 203700 |
| 137 | Panathady | 166060 |
| 138 | Panathoor | 146420 |
| 139 | Paramba | 60000 |
| 140 | Parappa | 35000 |
| 141 | Pariyaram | 107000 |
| 142 | Pathenpara | 120000 |
| 143 | Payyanur | |
| 144 | Payyavoor | 75000 |
| 145 | Peratta | 62500 |
| 146 | Peravoor | 500000 |
| 147 | Peringala | 26500 |
| 148 | Perinkari | 35000 |
| 149 | Perumpadavu | 54225 |
| 150 | Perumpunna | 35000 |
| 151 | Ponmala | 17678 |
| 152 | Poolakkutty | 31361 |

| | | |
|---|---|---|
| 153 | Pooparamba | 30520 |
| 154 | Pottenplavu | 25874 |
| 155 | Pulikurumba | 250000 |
| 156 | Pulingome | 136200 |
| 157 | Puncha | 60000 |
| 158 | Punnakkuunnu | 12850 |
| 159 | Puravayal | 75000 |
| 160 | Rajagiri | 40000 |
| 161 | Rajamudy | 32000 |
| 162 | Randamkadavu | 22000 |
| 163 | Rathnagiri | 26400 |
| 164 | Rayarome | 37000 |
| 165 | Santhinagar | |
| 166 | Snehagiri | 32000 |
| 167 | Sreekandapuram | 107000 |
| 168 | Thabore | |
| 169 | Thadikadavu | 29250 |
| 170 | Thalassery | 200000 |
| 171 | Thaliparamba | 300000 |
| 172 | Thayyeni | 60000 |
| 173 | Thermala | 16000 |
| 174 | Thirumeni | 143000 |
| 175 | Thomapuram | 200000 |
| 176 | Udayagiri | 100000 |
| 177 | Udayapuram | 22159 |
| 178 | Ulikkal | 65000 |
| 179 | Uruppumkutty | 15656 |
| 180 | Vaniyappara | 12000 |
| 181 | Varakkad | 43900 |
| 182 | Vattiyara | 8500 |
| 183 | Vayattuparamba | 170000 |
| 184 | Vazhamala | 7500 |
| 185 | Velimanam | 100000 |
| 186 | Vellad | 168720 |
| 187 | Vellarikkundu | 115184 |
| 188 | Vellariyanam | 10000 |
| 189 | Vembua | 65000 |
| 190 | Vennakallu | 55000 |
| 191 | Vijayagiri (Kappimala) | 61200 |
| 192 | Vijayapuram | 17550 |
| 193 | Vilakkannur | 200000 |
| 194 | Vilamana | 25000 |
| 195 | Vimalagiri | 90000 |
| 196 | Vimalassery | 85000 |
| 197 | Hosangadi - Filial - Vicar | |

**FILIAL CHURCHES**

| | | |
|---|---|---|
| 1 | Anamanjal | 30460 |
| 2 | Delempady | 5500 |
| 3 | Dharkas- Amalagiri | 5780 |
| 4 | Kaleenadukkom | 28360 |
| 5 | Kodoth | 16500 |
| 6 | Kulineer | |
| 7 | Mattanoor | 16080 |
| 8 | Melmuringody | 7500 |
| 9 | Mutharikkalam | 12500 |
| 10 | Poinachy | 20000 |
| 11 | Pullady | 12000 |
| 12 | Shimoganagar | 2500 |
| 13 | Thirur | |
| 14 | Thurumbi | 4240 |
| 15 | Madappurachal | |
| 16 | Kottoorvayal | 40000 |
| 17 | Kumbla | 7830 |
| 18 | Cheruvancherry | 15150 |
| 19 | peria | 16600 |

| | |
|---|---|
| Fr.Kaviyil Philp | 10000 |
| Fr.Chellamkott Saji | 10000 |
| Fr.VennayipalliL Jacob | 10000 |
| Fr.kakkaramattam Joji | 10000 |
| Fr.Thayyil Sunny | 10000 |
| Fr.Nirappel Benny | 10000 |
| Fr.Asariparampil Mathew | 10000 |
| Fr.Vadassery Sony | 10000 |
| Fr.Vengakunnel Binish | 5000 |
| Fr.Padinjaremuriyil Pious | 4000 |
| Fr.Ittiyapara Sebastian | 5000 |
| Fr.Thythottam Thomas | 3000 |

| | |
|---|---|
| Fr.Puthumana George | 3000 |
| Fr.kovoorputhenpurayil Johnson | 11000 |
| Fr.Njamatholil Shinu | 10000 |
| Fr.Thengumpally Thomas | 11000 |
| Fr.Tharamagalam Alex | 10000 |
| Fr.Korattiparabil Joseph | 10000 |
| Fr.Thuruthippally Dious | 10000 |
| Fr.Parethepathickal Babu | 10000 |
| Fr.Kadaliyil Joseph | 11000 |
| Fr.Veettiyankal Joseph | 11000 |
| Fr.Kizhakkel Mathew | 3000 |
| Fr.Karott Jacob | 11000 |
| Fr.Mullakara John | 11000 |
| Fr.Thekkekulam mathew | 11000 |
| Fr.Anakkallil James | 11000 |
| Fr.Chirayil George | 11000 |
| Fr.Puthenpurayil Xavier | 11000 |
| Fr.Vayalikkodoth Roy | 11000 |
| Fr.Anithanam Joseph | 11000 |
| Fr.Cheruvil Thomas | 5000 |
| Fr.Chanattu Joseph | 11000 |
| Fr.Poweth Joseph | 11000 |
| Fr.Elukunnel George | 5000 |
| Fr.Mulayolil Benny | 10000 |
| Nurses from Germany - c/o Fr.Johnson Thottathil | 200000 |
| Mr.Jimmy | 1000 |
| Mrs. Kanchana | 500 |
| Mr. Ranjith C | 8000 |
| Mr. Syril kaippallyparayil | 10000 |
| Sisters Good News Attenganam | 5000 |
| Mathruvedi Ettupara | 10000 |
| Mathruvedi Payyavoor | 7820 |
| F.C.C Provincilate | 200000 |
| Mission League Chayyoth | 10000 |
| Sunday School Marygiri | 30000 |
| Nazarath Genaralate | 100000 |
| Metropolitan Tribunal | 50000 |
| C.S T Brothers Sreekandapuram | 80000 |
| Marygiri Welfare centre | 10000 |
| Archangel Kannikalam | 100000 |
| Mary Mediatrix Sisters | 100000 |
| Fathers Paisakary Forane | 50000 |
| C.M.L Excecutive members | 40000 |
| K.C.Y.M Udayapuram, Kodoth | 11250 |
| Priest Home Karuvachal | 14000 |
| c/o Fr. Shinu Njamatholil | 244879 |
| c/o Mar George Valiyamattam | 72968 |
| Fr.Thomas Mappilaparambil | 2495341 |
| Fr.Thomas Paimpallil | 6000 |
| St.Joseph Hospital Karuvanchal | 60000 |
| C.M.L. Vellarikundu | 10000 |
| Roy Mathew Parathepathikal U.K | 25000 |
| Fr.Joby Karitholil | 121985 |

**AMMAMKULAM**
**GENERAL COLLECTIONS 2017-2018**

| | |
|---|---|
| Palm Sunday | 2700 |
| Good Friday | 2900 |
| Cathedractium | 26281 |
| Catechetical Sunday | 550 |
| Bible Sunday | 450 |
| Peter's Pence | 850 |
| Sabhadinam | 750 |
| Youth Sunday | 445 |
| Justice Sunday | 260 |
| Jesus fraternity | 575 |
| Mission Sunday | 1150 |
| Mass communication Media | 365 |
| Family Day | 370 |
| Syro Malabar Mission Sunday | 436 |
| Temperance Movement | 340 |
| Holy child | 371 |
| Charity fund | 7000 |
| Lenten collections | 670 |
| Ockhi Fund | 1864 |
| Soft ware Accounting | 8000 |

**PRIEST HOME CONSTRUCTION**

Fr.George Karott - 50000

# വിശ്വാസപരിശീലനം

> "ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2: 52).

ലോകസമാധാനത്തിനും കുടുംബങ്ങളുടെ നിലനിൽപ്പിനും വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിക്കുവാൻ 'കന്യകാമറിയത്തിന്റെ ജപമാല' (*Rosarium Virginis Mariae*) എന്ന അപ്പസ്തോലിക പ്രബോധനത്തിലൂടെ വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ ആഹ്വാനം ചെയ്തിട്ടുണ്ട്. 'സുവിശേഷസംഗ്രഹം' എന്നു വിളിക്കപ്പെടുന്ന ഈ ഭക്തമുറ കേവലം ഒരു യാന്ത്രികപ്രാർത്ഥനയല്ല, മറിച്ച് തികച്ചും ധ്യാനാത്മകമാണെന്ന് മാർപാപ്പ ഓർമ്മിപ്പിക്കുന്നു. ഒക്ടോബർ മാസത്തിൽ വിശ്വാസപരിശീലകരായ നമുക്ക് ജപമാല നമസ്ക്കാരത്തിൽ ഭക്തിപൂർവ്വം പങ്കുചേരാം.

## 1. അസൈൻമെന്റ് ക്ലാസ് - XII

പന്ത്രണ്ടാം ക്ലാസിലെ കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റിന്റെ വിഷയം **'മിശ്രവിവാഹത്തെ ബൈബിളിന്റെയും വിശ്വാസത്തിന്റെയും അടിസ്ഥാനത്തിൽ വിലയിരുത്തുക'** എന്നതാണ്. അസൈൻമെന്റ് **ഒക്ടോബർ 30ന്** മുമ്പ് നിർബന്ധമായും ഓഫീസിൽ എത്തിക്കേണ്ടതാണ്. ക്ലാസ് ടീച്ചർ കുട്ടികളെ അസൈൻമെന്റ് എഴുതാൻ ഒരുക്കേണ്ടതാണ്. ആമുഖം, ഉള്ളടക്കം, ഉപസംഹാരം, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ ഉണ്ടായിരിക്കണം. അസൈൻമെന്റിന് കുറഞ്ഞത് 10 പേജുകളെങ്കിലും ഉണ്ടായിരിക്കണം. കുട്ടിയുടെ മാമ്മോദീസാ പേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം. കുട്ടികൾ എഴുതിയ അസൈൻമെന്റിൽ ഓഫീസിൽ നിന്ന് നല്കിയിരിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ക്ലാസ് ടീച്ചറും ഹെഡ്മാസ്റ്ററും പരിശോധിച്ച് തിരുത്തലുകൾ വരുത്തിയതിന് ശേഷമാണ് ഓഫീസിലേക്ക് അയക്കേണ്ടത്.

## 2. ഡിപ്ലോമ പരീക്ഷ രജിസ്ട്രേഷൻ (ക്ലാസ്സ് XII) വെബ്സൈറ്റിലൂടെ മാത്രം

ഈ അധ്യയനവർഷത്തെ 12-ാം ക്ലാസിലെ റെഗുലർ കുട്ടികളുടെ ഡിപ്ലോമ രജിസ്ട്രേഷൻ വെബ്സൈറ്റിലൂടെ മാത്രമായിരിക്കും. 12-ാം ക്ലാസിലെ കുട്ടികളുടെ വിവരങ്ങൾ പൂർണ്ണമായി ചേർത്തു കഴിയുമ്പോൾ അവരുടെ രജിസ്ട്രേഷൻ പൂർത്തിയാകും. അത് വെബ്സൈറ്റിലെ റിപ്പോർട്ട് സെക്ഷനിൽ ഡിപ്ലോമ രജിസ്ട്രേഷൻ 2018-2019 എന്ന തലകെട്ടിൽ കാണാവുന്നതാണ്. പ്രസ്തുത കോപ്പിയുടെ പ്രിന്റ് എടുത്ത് വീണ്ടും കുട്ടികളെ

കാണിച്ച് തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ വരുത്തേണ്ടതാണ്. പൂർണ്ണമായ വിവരങ്ങൾ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമേ രജിസ്ട്രേഷൻ നമ്പർ ലഭിക്കുകയുള്ളൂ. രജിസ്ട്രേഷൻ നടത്താത്ത ആരെയും പരീക്ഷ എഴുതുവാൻ അനുവദിക്കുകയില്ല. കുട്ടികളുടെ മാമ്മോദീസ പേര്, സ്കൂളിലെ പേര്, വീട്ടുപേര്, ജനനതീയതി, മാമ്മോദീസ തീയതി, മാതാപിതാക്കളുടെ മാമ്മോദീസ പേര് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം. തിയതികൾ കൃത്യമായും പേരുകൾ അക്ഷരതെറ്റുകൂടാതെയും ചേർക്കേണ്ടതാണ്. സഹായം ആവശ്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക. സർട്ടിഫിക്കറ്റിൽ പിന്നീട് വരുന്ന തിരുത്തലുകൾക്ക് ഫൈൻ ഈടാക്കുന്നതായിരിക്കും.

## 3. XII-ാം ക്ലാസ്സ് ഡിപ്ലോമ ഇംപ്രൂവ്മെന്റ്

XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയിൽ തോറ്റവർക്ക് 2019 ജനുവരി 26-ന് നടത്തുന്ന പരീക്ഷയക്ക് പേര് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാവുന്നതാണ്. സൺഡേ സ്കൂൾ ലെറ്റർപാഡിൽ കുട്ടിയുടെ പേരും വീട്ടുപേരും, പരീക്ഷ എഴുതിയ വർഷം, കഴിഞ്ഞ പരീക്ഷയ്ക്ക് കിട്ടിയ മാർക്കുകൾ, രജിസ്റ്റർ നമ്പർ എന്നിവ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേയ്ക്ക് അയ്ക്കേണ്ടതാണ്. അവരുടെ പേരുകൾ വെബ്സൈറ്റിൽ ചേർക്കേണ്ടതില്ല. (ഓഫീസിൽനിന്ന് ചേർക്കുന്നതാണ്).

## 4. ഡിപ്ലോമ : നോൺ റെഗുലർ സ്റ്റുഡൻസ്

വേദപാഠ പഠനം പൂർത്തിയാക്കാതെ ഉന്നത പഠനത്തിനായ് ഇടവകയ്ക്ക് പുറത്ത് പഠിക്കുന്ന കുട്ടികൾ, അവർ പഠിക്കുന്ന ഇടവകയിൽനിന്ന് പഠനം പൂർത്തിയാക്കി എന്ന് സാക്ഷ്യപ്പെടുത്തുന്ന വികാരിയച്ചന്റെയോ ഹെഡ്മാസ്റ്ററിന്റെയോ കത്ത് ഹാജരാക്കിയാൽ അവരെ പരീക്ഷ എഴുതിപ്പിക്കേണ്ടതാണ്. പരീക്ഷയെ സംബന്ധിച്ച് ബഹു. വികാരിയച്ചന്മാർ പൊതുവായ നിർദ്ദേശം പള്ളിയിൽ കൊടുക്കുമല്ലോ. ഇപ്രകാരമുള്ള കുട്ടികളുടെ പേരുവിവരങ്ങൾ ലെറ്റർപാഡിൽ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേയ്ക്ക് അയ്ക്കേണ്ടതാണ്. അവരുടെ പേരുകൾ വെബ്സൈറ്റിൽ ചേർക്കേണ്ടതില്ല. (ഓഫീസിൽനിന്ന് ചേർക്കുന്നതാണ്.) അവർ അസൈൻമെന്റ് എഴുതേണ്ടതാണ്. നവോദയ, സ്പോർട്സ് സ്ക്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ടതില്ല. അവധിക്കാല ക്ലാസ്സിനുവരുമ്പോൾ കൊണ്ടുവന്നാൽ മതി.

## 5. ARMY - XI- XII ക്ലാസുകളിലെ കുട്ടികൾക്കുള്ള ധ്യാനം

യുവജനവർഷത്തോടനുബന്ധിച്ച് 11, 12 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള ധ്യാനം അതിരൂപത കെസിവൈഎം എസ്എംവൈഎം, വിശ്വാസപരിശീലനകേന്ദ്രം, ജീസസ് യൂത്ത് എന്നീ സംഘടനകൾ ചേർന്നാണ് നടത്തുന്നത്. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ

നേതൃത്വത്തിൽ രൂപീകരിച്ചിരിക്കുന്ന കേരളത്തിലെ പ്രഗൽഭ റിസോഴ്സ് ടീമാണ് ധ്യാനത്തിന് നേതൃത്വം നല്കുന്നത്. വി. കുർബാന, ദിവ്യകാരുണ്യ ആരാധന, സെഷൻസ്, മ്യൂസിക് മിനിസ്ട്രി, മ്യൂസിക്കൽ സ്കിറ്റ് എന്നിവ ധ്യാനത്തിൽ ഉൾപ്പെട്ടിരിക്കും. 11, 12 ക്ലാസുകളിൽ പഠിപ്പിക്കുന്ന അധ്യാപകർ കുട്ടികളെ ധ്യാനത്തിന് കൊണ്ടുവരേണ്ടതാണ്.

## ആർമി നടത്തുന്ന തീയതികൾ

| തീയതി | ഫൊറോന | സ്ഥലം |
|---|---|---|
| ഒക്ടോബർ 07 | വായാട്ടുപറമ്പ് | കരുണാപുരം |
| ,, 14 | കുന്നോത്ത് | |
| ,, 21 | തോമാപുരം, വെള്ളരിക്കുണ്ട്, കാഞ്ഞങ്ങാട് | ചട്ടമല |
| ,, 28 | എടൂർ | എടൂർ |

### 6. ഓണപരീക്ഷ

ഓണപരീക്ഷ ഭംഗിയായി നടത്തുവാൻ സഹായിച്ച ബഹു. വികാരിയച്ചന്മാർക്കും കൊച്ചച്ചന്മാർക്കും ഹെഡ്മാസ്റ്റർമാർക്കും എല്ലാ വിശ്വാസപരിശീലകർക്കും ഹൃദ്യമായ നന്ദി.

### 7. ചോദ്യപേപ്പർ രൂപീകരണ കമ്മിറ്റി

ക്രിസ്മസ് പരീക്ഷയുടെ ചോദ്യപേപ്പർ തയ്യാറാക്കുന്നതിനായി ചോദ്യപേപ്പർ രൂപീകരണകമ്മിറ്റി ഒക്ടോബർ 18, 19 തീയതികളിൽ സന്ദേശഭവനിൽ വച്ച് നടത്തുന്നു. കമ്മിറ്റി അംഗങ്ങളെല്ലാവരും 18 ന് വൈകുന്നേരം 6.00 മണിക്ക് സന്ദേശഭവനിൽ എത്തിച്ചേരേണ്ടതാണ്.

### 8. ആമുഖസെമിനാർ ആഗസ്റ്റ് 26 – 29

സന്ദേശഭവനിൽ വച്ച് നടന്ന 2018– 2019 അധ്യയനവർഷത്തെ രണ്ടാമത്തെ ആമുഖസെമിനാർ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. വിശ്വാസപരിശീലകരെ പറഞ്ഞയച്ച ബഹു. വികാരിയച്ചന്മാർക്കും ക്ലാസുകൽക്ക് നേതൃത്വം നല്കിയവർക്കും പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും നന്ദി. സെമിനാറിൽ 82 വിശ്വാസ പരിശീലകർ പങ്കെടുത്തു.

### 9. മിഷൻ ഞായർ ഒക്ടോബർ 28

ആഗോളമിഷൻ ഞായറായ ഒക്ടോബർ 28-ാം തീയതി എല്ലാ ഇടവകകളും മിഷൻദിനമായി ആഘോഷിക്കുമല്ലോ.

### 10. മതാധ്യാപകദിനം നവംബർ 4

വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ ദിനമായ നവംബർ 4നാണ് മതാധ്യാപകദിനം. എല്ലാ സൺഡേ സ്കൂളുകളിലും നവംബർ 4-ാം തീയതി മതാധ്യാപകദിനം ആചരിക്കുകയും അധ്യാപകർക്ക് സമ്മാനങ്ങൾ കൊടു

ക്കേണ്ടതുമാണ്. ഹെഡ്മാസ്റ്റർ ബഹു. വികാരിയച്ചനുമായി ആലോചിച്ച് മതാധ്യാപകദിനം സമുചിതമായി ആഘോഷിക്കാൻവേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. അതിരൂപതയിലെ എല്ലാ മതാധ്യാപകർക്കും മതാധ്യാപകദിനത്തിന്റെ മംഗളങ്ങളും പ്രാർത്ഥനകളും ആശംസിക്കുകയും അധ്യാപകരുടെ ശുശ്രൂഷയെ നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു.

## 11. രാജത്വത്തിരുനാൾ - നവംബർ 25

മിശിഹായുടെ രാജത്വത്തിരുനാൾ ദിനമായ നവംബർ 25-ാം തീയതി എല്ലാ ഇടവകകളിലും സമുചിതമായി ആഘോഷിക്കുവാൻവേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

## 12. ആസ്പെക്ട്

2018-2019 അധ്യയനവർഷത്തിൽ അധ്യാപകരുടെ തുടർപഠനഭാഗമായി ഏർപ്പെടുത്തിയിരിക്കുന്നത് '**സഭയും സുവിശേഷവൽക്കരണവും**' എന്ന പുസ്തകമാണ്.

## 13. ആസ്പെക്ട് പരീക്ഷാഫലം

വിശ്വാസപരിശീലകർക്കായി അതിരൂപതാതലത്തിൽ നടത്തിയ ആസ്പെക്ട് പരീക്ഷാഫലം താഴെകൊടുക്കുന്നു. അതിരൂപതാ, ഫൊറോനതല വിജയികളെയും പരീക്ഷയെഴുതിയ എല്ലാ വിശ്വാസപരിശീലകരെയും അവർക്ക് പ്രോത്സാഹനം നല്കിയ എല്ലാ ബഹു. വികാരിയച്ചന്മാരെയും അഭിനന്ദിക്കുന്നു.

**അതിരൂപതാ റാങ്ക് ലിസ്റ്റ്**

| **പേര്** | **ഇടവക** | **ഫൊറോന** | |
|---|---|---|---|
| ബിൻസി വല്ലനാട്ട് | വിജയഗിരി | ആലക്കോട് | ഒന്നാം റാങ്ക് |
| മോളി കാരക്കടയിൽ | ജയഗിരി | ആലക്കോട് | രണ്ടാം റാങ്ക് |
| സി. വിമല മാത്യു SH | പേരാവൂർ | പേരാവൂർ | മൂന്നാം റാങ്ക് |

**ഫൊറോനാ റാങ്ക് ലിസ്റ്റ്**

| **പേര്** | **ഇടവക** | **ഫൊറോന** |
|---|---|---|
| കൊച്ചുറാണി തോട്ടുങ്കൽ | ജയഗിരി | ആലക്കോട് |
| വത്സമ്മ ഞള്ളിമാക്കൽ | കൊട്ടൂർവയൽ | ചെമ്പന്തൊട്ടി |
| ഡെയ്സി പെരുമ്പള്ളിൽ | ദീപഗിരി | ചെമ്പേരി |
| സി. ബ്ലസി മാളിയേക്കൽSABS | അരവഞ്ചാൽ | ചെറുപുഴ |
| ജോസഫ് കലയത്തിനാക്കുഴി | കരിക്കോട്ടക്കരി | എടൂർ |
| മറിയക്കുട്ടി കിഴക്കരക്കാട്ട് | നീലേശ്വരം | കാഞ്ഞങ്ങാട് |
| സാലി പൈമ്പള്ളിക്കുന്നേൽ | അങ്ങാടിക്കടവ് | കുന്നോത്ത് |
| ഡെയ്സി പൂവത്ത് | പെരിങ്ങാല | മേരിഗിരി |
| സി. ആൻമരിയ ജെയിംസ് MLF | മുണ്ടാനൂർ | നെല്ലിക്കാംപൊയിൽ |

| | | |
|---|---|---|
| ജെസ്ന മണിമല | പാടാൻകവല | പൈസക്കരി |
| ലാലി മുറിഞ്ഞകല്ലേൽ | പടുപ്പ് | പനത്തടി |
| രജനി ഏറത്ത് | മേൽമുരിങ്ങോടി | പേരാവൂർ |
| മെർലിൻ സുനിൽ | കണ്ണൂർ | തളിപ്പറമ്പ് |
| ബിന്ദു അരീപ്പറമ്പിൽ | കണ്ണിവയൽ | തോമാപുരം |
| അനില കൊട്ടാരത്തിൽപറമ്പിൽ | കരുണാപുരം | വായാട്ടുപറമ്പ് |
| ഷീബ മഞ്ഞക്കുന്നേൽ | വിമലഗിരി | വെള്ളരിക്കുണ്ട് |

## 14. ഏകദിന സെമിനാർ

അതിരൂപതാ മതബോധന കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം എല്ലാ ഫൊറോനകളിലും ഈ അധ്യയനവർഷം അധ്യാപകർക്കായി രണ്ട് ഏകദിന സെമിനാറുകളാണ് നടത്തേണ്ടത്. ബഹു. ഫൊറോനാ വികാരിയച്ചന്റെ അധ്യക്ഷതയിൽ കമ്മിറ്റികൂടി ഏകദിനസെമിനാറിനുള്ള ക്രമീകരണങ്ങൾ ഫൊറോന കമ്മിറ്റി നടത്തുമല്ലോ. സെമിനാറിൽ ഫൊറോനയിലെ മുഴുവൻ അധ്യാപകരും സംബന്ധിക്കേണ്ടതാണ്.

### സെപ്റ്റംബർ മാസത്തിൽ നടന്ന സെമിനാറുകൾ

**a. വെള്ളരിക്കുണ്ട്:** സെപ്റ്റംബർ 08 ശനിയാഴ്ച്ച വെള്ളരിക്കുണ്ട് ഫൊറോനയിലെ വിശ്വാസപരിശീലകർക്ക് നടത്തപ്പെട്ട ഏകദിനസെമിനാർ ഫൊറോന വികാരി വെരി. റവ. ഫാ. ആന്റണി തെക്കേമുറി ഉദ്ഘാടനം ചെയ്തു. റവ. ഫാ. ഡെന്നീസ് നെല്ലിത്താനം ആശംസകൾ നേർന്നു. ഫൊറോന പ്രസിഡന്റ് ശ്രീ. ടോം വെണ്ണായപ്പിള്ളിൽ സ്വാഗതവും സെക്രട്ടറി ശ്രീ. കെന്നടി പൊടിമറ്റം നന്ദിയും പറഞ്ഞു. വിശ്വാസപരിശീലന അസി. ഡയറക്ടർ റവ. ഫാ. ജോസഫ് വേങ്ങക്കുന്നേൽ "How to be an effective Catechist" എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസെടുത്തു. സെമിനാറിൽ 215 വിശ്വാസപരിശീലകർ പങ്കെടുത്തു. ഏകദിനസെമിനാറിന്റെ സുഗമമായ നടത്തിപ്പിന് സഹകരിച്ച എല്ലാവർക്കും നന്ദി.

**b. കാഞ്ഞങ്ങാട്:** സെപ്റ്റംബർ 15 ശനിയാഴ്ച്ച കാഞ്ഞങ്ങാട് ഫൊറോനയിലെ വിശ്വാസപരിശീലകർക്ക് നടത്തപ്പെട്ട ഏകദിനസെമിനാർ ഫൊറോന വികാരി വെരി. റവ. ഫാ. മാത്യു പരവരാകത്ത് ഉദ്ഘാടനം ചെയ്തു. പടന്നക്കാട് ഗുഡ് ഷെപ്പേർഡ് പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ. ഫാ. ഷിന്റോ ആലപ്പാട്ട് ആശംസകൾ നേർന്നു. ഫൊറോന പ്രസിഡന്റ് ശ്രീ. സണ്ണി കാട്ടുതറ സ്വാഗതവും ശ്രീ. റാഫി ചെരിയപറമ്പിൽ നന്ദിയും പറഞ്ഞു. ഓടന്തോട് ഇടവക വികാരി റവ. ഫാ. മാത്യു വേങ്ങക്കുന്നേൽ "വിശ്വാസകൈമാറ്റം - വിശ്വാസപരിശീലനത്തിലൂടെ" എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസെടുത്തു. സെമിനാറിൽ 113 വിശ്വാസപരിശീലകർ പങ്കെടുത്തു. ഏകദിനസെമിനാറിന്റെ സുഗമമായ നടത്തിപ്പിന് സഹകരിച്ച എല്ലാവർക്കും നന്ദി.

**c. ചെമ്പന്തൊട്ടി:** സെപ്റ്റംബർ 20 വ്യാഴാഴ്ച്ച ചെമ്പന്തൊട്ടി ഫൊറോനയിലെ വിശ്വാസപരിശീലകർക്ക് നടത്തപ്പെട്ട ഏകദിനസെമിനാർ അതിരൂപതാ ഡയറക്ടർ ഉദ്ഘാടനം ചെയ്തു. ഫൊറോന അസി. വികാരി റവ. ഫാ. ജിത്ത് കളപ്പുര യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഫൊറോന പ്രസിഡന്റ് ശ്രീ. ബാബു കിഴക്കേപറമ്പിൽ സ്വാഗതവും സെക്രട്ടറി ശ്രീ. ജോസ് ചുക്കനാനിൽ നന്ദിയും പറഞ്ഞു. "മാറുന്ന കാലത്തെ വിശ്വാസപരിശീലനം" എന്ന വിഷയത്തെ ആസ്പദമാക്കി അതിരൂപതാ ഡയറക്ടർ ക്ലാസെടുത്തു. സെമിനാറിൽ 108 വിശ്വാസപരിശീലകർ പങ്കെടുത്തു. ഏകദിനസെമിനാറിന്റെ സുഗമമായ നടത്തിപ്പിന് സഹകരിച്ച എല്ലാവർക്കും നന്ദി.

**d. നെല്ലിക്കാംപൊയിൽ:** സെപ്റ്റംബർ 21 വെള്ളിയാഴ്ച്ച നെല്ലിക്കാം പൊയിൽ ഫൊറോ നയിലെ വിശ്വാസപരിശീലകർക്ക് നടത്തപ്പെട്ട ഏകദിനസെമിനാർ അതിരൂപതാ ഡയറക്ടർ ഉദ്ഘാടനം ചെയ്തു. ഫൊറോന വികാരി വെരി. റവ. ഫാ. ജോസഫ് ആനിത്താനം യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഫൊറോന പ്രസിഡന്റ് ശ്രീ. അബ്രാഹം വലിയമറ്റം സ്വാഗതവും സെക്രട്ടറി ശ്രീ. ജോസ് പുഷ്പക്കുന്നേൽ നന്ദിയും പറഞ്ഞു. "മാറുന്ന കാലത്തെ വിശ്വാസപരിശീലനം" എന്ന വിഷയത്തെ ആസ്പദമാക്കി അതിരൂപതാ ഡയറക്ടർ ക്ലാസെടുത്തു. സെമിനാറിൽ 181 വിശ്വാസപരിശീലകർ പങ്കെടുത്തു. ഏകദിനസെമിനാറിന്റെ സുഗമമായ നടത്തിപ്പിന് സഹകരിച്ച എല്ലാവർക്കും നന്ദി.

**ഒക്ടോബർ മാസത്തെ സെമിനാറുകൾ**

1. **ഒക്ടോബർ-** 2ന് പേരാവൂർ ഫൊറോന
2. **ഒക്ടോബർ-** 13ന് കുന്നോത്ത് ഫൊറോന

## 15. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2018-2019 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർശനം ആഗസ്റ്റ് മാസത്തിൽ ആരംഭിച്ചു. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതുകൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതും കുട്ടികളെ പൊതുവായി കാണുന്നതിനുള്ള അവസരം ക്രമീകരിക്കേണ്ടതുമാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടേയും സാന്നിധ്യം ഉണ്ടായിരിക്കണം.** അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ് ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## 16. വെബ്സൈറ്റ് (catechismthalassery.org)

വിശ്വാസപരിശീലന ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിലൂടെ (catechism thalassery.org) എല്ലാ മാസത്തേയും ബുള്ളറ്റിൻ വാർത്തകൾ, admission

form, Transfer certificate, ഡിപ്ലോമ, മുൻകാലപരീക്ഷകളുടെ ചോദ്യ പേപ്പറുകൾ ഓരോ ടേമിലെയും പരീക്ഷയ്ക്കുള്ള ജനറൽ ചോദ്യോത്തരങ്ങൾ മുതലായവ ലഭ്യമാണ്. മുഴുവൻ അധ്യാപകരുടേയും കുട്ടികളുടേയും പേരു വിവരങ്ങൾ കൃത്യതയോടും തെറ്റുകൂടാതെയും വെബ്സൈറ്റിൽ ചേർക്കേണ്ടതുമാണ്. ബഹു. അച്ചന്മാർ വെബ്സൈറ്റ് ഉപയോഗിക്കുവാൻ അധ്യാപകരെയും കുട്ടികളെയും പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ വിവരങ്ങൾ ചേർക്കുന്നതിന് അധ്യാപകരെ സഹായിക്കുകയും ചെയ്യുമല്ലോ.

## 17. റിസോഴ്സ് ടീം ട്രെയിനിംഗ്

**ഇരിട്ടിയിൽ** വച്ചു നടത്തപ്പെട്ട മതാധ്യാപക റിസോഴ്സ് ടീം ട്രെയിനിംഗിൽ 16 വിശ്വാസപരിശീലകർ പങ്കെടുത്തു. റവ. സി. പുഷ്പ സി.എം.സി ക്ലാസുകൾക്ക് നേതൃത്വം നല്കി. **ചെമ്പേരിയിൽ** വച്ചു നടത്തപ്പെട്ട മതാധ്യാപക റിസോഴ്സ് ടീം ട്രെയിനിംഗിൽ 16 വിശ്വാസപരിശീലകർ പങ്കെടുത്തു. റവ. സി. പുഷ്പ സി.എം.സി ക്ലാസുകൾക്ക് നേതൃത്വം നല്കി. **ആലക്കോട്** വച്ചു നടത്തപ്പെട്ട മതാധ്യാപക റിസോഴ്സ് ടീം ട്രെയിനിംഗിൽ 14 വിശ്വാസ പരിശീലകർ പങ്കെടുത്തു. റവ. സി. പുഷ്പ സി.എം.സി ക്ലാസുകൾക്ക് നേതൃത്വം നല്കി. **വെള്ളരിക്കുണ്ട്** വച്ചു നടത്തപ്പെട്ട മതാധ്യാപക റിസോഴ്സ് ടീം ട്രെയിനിംഗിൽ 11 വിശ്വാസപരിശീലകർ പങ്കെടുത്തു. ശ്രീ. ടോമി വെണ്ണായപ്പിള്ളിൽ ക്ലാസുകൾക്ക് നേതൃത്വം നല്കി. **പനത്തടിയിൽ** വച്ച് നടത്തപ്പെട്ട മതാധ്യാപക റിസോഴ്സ് ടീം ട്രെയിനിംഗിൽ 12 വിശ്വാസപരിശീലകർ പങ്കെടുത്തു. ശ്രീ. സക്കറിയാസ് തേക്കുംകാട്ടിൽ ക്ലാസുകൾക്ക് നേതൃത്വം നല്കി. ക്ലാസുകൾക്ക് സൗകര്യങ്ങൾ ഒരുക്കിത്തന്ന റവ. ഫാ. ജോസ് മഞ്ചപ്പിള്ളി, വെരി. റവ. ഫാ. ജോർജ് കാഞ്ഞിരക്കാട്ട്, വെരി. റവ. ഫാ. ആന്റണി ആനക്കല്ലിൽ, വെരി. റവ. ഫാ. ആന്റണി തെക്കെമുറിയിൽ, വെരി. റവ. ഫാ. തോമസ് പട്ടാംകുളം എന്നിവർക്ക് ഹൃദയപൂർവ്വം നന്ദി.

## ഒക്ടോബർ മാസത്തെ റിസോഴ്സ് ടീം ട്രെയിനിംഗ്

ഫൊറോന തലത്തിൽ തിരഞ്ഞെടുക്കപ്പെട്ട 9 മുതൽ 12 വരെ ക്ലാസുകളിൽ പഠിപ്പിക്കുന്ന വിശ്വാസപരിശീലകർക്കുള്ള ട്രെയിനിംഗ് നടക്കുന്ന സ്ഥലങ്ങൾ:

| | |
|---|---|
| **ഒക്ടോബർ 07 ഇരിട്ടി** | : പേരാവൂർ, എടൂർ, കുന്നോത്ത്, നെല്ലിക്കാംപൊയിൽ ഫൊറോനകൾ |
| **ഒക്ടോബർ 14 ചെമ്പേരി** | : പൈസക്കരി, ചെമ്പേരി, ചെമ്പന്തൊട്ടി, വായാട്ടുപറമ്പ് ഫൊറോനകൾ |
| **ഒക്ടോബർ 21 ആലക്കോട്** | : തളിപ്പറമ്പ്, ആലക്കോട്, മേരിഗിരി, ചെറുപുഴ ഫൊറോനകൾ |
| **ഒക്ടോബർ 21 വെള്ളരിക്കുണ്ട്** | : തോമാപുരം, വെള്ളരിക്കുണ്ട് ഫൊറോനകൾ |

## 18. പുസ്തകപരിചയ സെമിനാർ

5 മുതൽ 8വരെ ക്ലാസുകളിൽ പഠിപ്പിക്കുന്ന വിശ്വാസപരിശീലകർക്ക് നടത്തിയ പുസ്തകപരിശീലന സെമിനാറിൽ 16 ഫൊറോനകളിലെ വിശ്വാസപരിശീലകർ പങ്കെടുത്തു.

### ഫൊറോനാതല ക്ലാസുകൾക്ക് നേതൃത്വം നല്കിയവർ

മേഴ്സി നോബിൾ പൈക്കട, ഷീജ ജോയി തോട്ടുപുറത്ത്, അൻസോ മുഴുത്തേട്ട്, ജിജി മൂന്നാനപ്പിള്ളി, അനിൽ കാച്ചപ്പിള്ളി, സി. ലീന റോസ് സി.എസ്.എൻ, ഷിബിൻ പടിഞ്ഞാറേചിറ്റേടത്ത്, ഷൈനി തേക്കുംകാട്ടിൽ, ബെസ്സി കണിയാരോലിക്കൽ, ഷൈജു കുഴിവേലിപ്പുറത്ത്, ദീപു കണ്ടത്തിൽ, റീന എബ്രയിൽ, സി. ആൻസ് എസ്.എ.ബി.എസ്, ഇമ്മാനുവൽ പേണ്ടാനത്ത്, ഷേർലി പാമ്പനാൽ, ജെറിൻ വട്ടക്കുന്നേൽ, സി. ഗ്രേസി സി.എം.സി, അമൽ പാലമറ്റം, ജോബിൻസ് തുണ്ടിയിൽ, സ്കറിയ കൂറ്റാരപ്പിള്ളി, സജി മാതാളിക്കുന്നേൽ, റെനി പൂവംനിൽക്കുന്നതിൽ, ലൗലി റോയി കൊച്ചിക്കുന്നേൽ, ശ്രീജിൽ വടകര, സേവ്യർ വലിയകാലായിൽ, സണ്ണി കുന്നപ്പള്ളിൽ, ജോണി വർഗ്ഗീസ് വരക്കാട്ടിൽ, മോളി ജോയി നരങ്ങംകുഴി, സിനി മാന്തോട്ടം, മേഴ്സി ഓരത്തേൽ, പുഷ്പ കാരണത്തുപറമ്പിൽ, ബിജു പൊട്ടക്കുളം, ഡെന്നി കരിപ്പാൽ, ക്രിസ്റ്റി കൊച്ചിത്തറ, ഷിജി ചെത്തിപ്പുഴ, മെൽവിൻ വട്ടത്തറ, വിപിൻ വെളിയത്ത്, സി. റോയസ് സി.എം.സി, ശ്രേയസ്സ് പടിഞ്ഞാറെമുറിയിൽ, തങ്കമ്മ വെട്ടത്ത്, ഏലിയാമ്മ ചക്കാനിക്കുന്നേൽ, ഏലമ്മ ചക്കാംകുന്നേൽ, മഞ്ജു അയ്യങ്കാനാൽ, സാലമ്മ കീച്ചേരി, ബിജി മണിയംകുളം, ബിജി വടക്കേൽ, ഷൈല മഠത്തിപ്പറമ്പിൽ, റെജി ആലുക്ക, മാർട്ടിൻ ആലുങ്കൽ, ബിജു മരങ്ങാട്ട്, സി. ഷൈജി എം.എസ്.എം.ഐ, റീഗോ മൂണ്ടയ്ക്കൽ, വത്സമ്മ കുളത്തിനാൽ, ഷിജോ നാടികുന്നേൽ, കൊച്ചുറാണി ആലുങ്കൽ, ജിമ്മി കളപ്പുരക്കൽ, മരിയ പ്ലാത്തോട്ടം, സി. ബിൻസി എൻ.എസ്, മേഴ്സി പാറത്താനത്ത്, അതുല്യ കായാങ്കാട്ടിൽ, അമല അഴികണ്ണിക്കൽ, ജെയിംസ് പുതുശ്ശേരി, ഡെയ്സി കാവാലം, റോയിച്ചൻ പുല്ലാട്ട്, ഷൈജു കച്ചിറയിൽ, മാത്യു കാടൻകാവിൽ, ടിജി കാവുപുരയ്ക്കൽ, ആന്റണി മുണ്ടനാട്ട്, ബീന പുല്ലാട്ട്.

## 19. ഒക്ടോബർ മാസത്തെ പുസ്തകപരിചയ സെമിനാർ: 9 മുതൽ 12 വരെ ക്ലാസുകൾ

9 മുതൽ 12 വരെ ക്ലാസുകളിൽ പഠിപ്പിക്കുന്ന വിശ്വാസ പരിശീലകർക്കുള്ള പുസ്തകപരിചയ സെമിനാർ ഒക്ടോബർ മാസത്തിൽ നടത്തുകയാണ്. എല്ലാവരും നിർബന്ധമായും സെമിനാറിൽ പങ്കെടുക്കണം. **സെമിനാറിൽ പങ്കെടുക്കുന്നവർ പാഠപുസ്തകത്തിലെ ഏതെങ്കിലുമൊരു അദ്ധ്യായം ക്ലാസെടുക്കുവാൻ ഒരുങ്ങിവരേണ്ടതാണ്.** വരുമ്പോൾ ടെക്സ്റ്റ് ബുക്ക്, നോട്ട്ബുക്ക് എന്നിവ കൊണ്ടുവരേണ്ടതാണ്.

| ഫൊറോന | തീയതി | സ്ഥലം | സമയം |
|---|---|---|---|
| പേരാവൂർ | ഒക്ടോബർ 14 | പേരാവൂർ | 2-5 pm |
| എടൂർ | ഒക്ടോബർ 14 | എടൂർ | 2-5 pm |
| കുന്നോത്ത് | ഒക്ടോബർ 14 | കുന്നോത്ത് | 2-5 pm |
| നെല്ലിക്കാംപൊയിൽ | ഒക്ടോബർ 14 | നെല്ലിക്കാംപൊയിൽ | 2-5 pm |
| പൈസക്കരി | ഒക്ടോബർ 21 | പൈസക്കരി | 2-5 pm |
| ചെമ്പേരി | ഒക്ടോബർ 21 | ചെമ്പേരി | 2-5 pm |
| ചെമ്പന്തൊട്ടി | ഒക്ടോബർ 21 | ചെമ്പന്തൊട്ടി | 2-5 pm |
| വായാട്ടുപറമ്പ് | ഒക്ടോബർ 21 | വായാട്ടുപറമ്പ് | 2-5 pm |
| ആലക്കോട് | ഒക്ടോബർ 28 | ആലക്കോട് | 2-5 pm |
| മേരിഗിരി | ഒക്ടോബർ 28 | മേരിഗിരി | 2-5 pm |
| ചെറുപുഴ | ഒക്ടോബർ 28 | ചെറുപുഴ | 2-5 pm |
| തളിപ്പറമ്പ് | ഒക്ടോബർ 28 | തളിപ്പറമ്പ് | 2-5 pm |
| തോമാപുരം | ഒക്ടോബർ 28 | തോമാപുരം | 2-5 pm |
| വെള്ളരിക്കുണ്ട് | ഒക്ടോബർ 28 | വെള്ളരിക്കുണ്ട് | 2-5 pm |

## 20. ദിയാകോണിയ കർമ്മ പദ്ധതി - ക്ലീൻ ഹോം, ക്ലീൻ സിറ്റി

ഒക്ടോബർ മാസത്തിൽ **ശുചീകരണ**ത്തിന് പ്രത്യേകപ്രാധാന്യം നല്കുകയാണ്. സൺഡേസ്കൂൾ കുട്ടികൾ ചെയ്യേണ്ട കാര്യങ്ങൾ

1. ദൈവാലയം, സ്കൂൾ, വീട്, റോഡ് പരിസരങ്ങൾ ശുചീകരിക്കുക.
2. തോടുകൾ, നദികൾ ശുചീകരിക്കുക
3. പ്ലാസ്റ്റിക് വിമുക്ത ഭവന പ്രവർത്തനങ്ങളിൽ കുട്ടികൾ മാതാപിതാക്കളോടൊപ്പം സഹകരിക്കുക.
4. കുട്ടികൾക്ക് പേപ്പർ ക്യാരിബാഗ് നിർമ്മാണപരിശീലനം നല്കുക.

## 21. സീറോമലബാർ പ്രതിഭാസംഗമം 2018-19

2011-2012 അധ്യയനവർഷം മുതൽ ഓരോ രൂപതയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന 12-ാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തുന്ന മൂന്ന് ആൺകുട്ടികൾക്കും മൂന്ന് പെൺകുട്ടികൾക്കും സഭാതലത്തിൽ സീറോ മലബർ വിശ്വാസപരിശീലന കമ്മീഷൻ പ്രത്യേക പരിശീലനം കൊടുത്തുവരുന്നു.

### ഫൊറോനാതല ക്യാമ്പ്

ഫൊറോനാതല ക്യാമ്പ് ഒക്ടോബർ 18ന് ഫൊറോനകളിൽ വച്ച് നടത്തുന്നു. ഓരോ ഇടവകയും 12-ാം ക്ലാസിലെ രണ്ട് ആൺകുട്ടികളെയും രണ്ട് പെൺകുട്ടികളെയും ക്യാമ്പിലേക്ക് അയക്കുക. **40 കുട്ടികളിൽ കൂടുതലുള്ള ഇടവകകളിൽ നിന്നും 3 ആൺകുട്ടികളെയും 3 പെൺകുട്ടികളെയും ക്യാമ്പിനയക്കാവുന്നതാണ്.** ക്യാമ്പ് രാവിലെ 9.30ന് ആരംഭിച്ച് വൈകുന്നേരം 3.30ന് സമാപിക്കുന്നതാണ്. പങ്കെടുക്കുന്നവർ ബൈബിൾ,

നോട്ട്ബുക്ക്, പേന, ഉച്ചഭക്ഷണം എന്നിവ കൊണ്ടുവരേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുകയില്ല.

**അതിരൂപതാതല ക്യാമ്പ്**

ഫൊറോനാതലത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികളുടെ അതിരൂപതാ ക്യാമ്പ് നവംബർ 10,11 തീയതികളിലായി തലശ്ശേരി സന്ദേശഭവനിൽ വച്ച് നടത്തുന്നു. ക്യാമ്പ് ശനിയാഴ്ച്ച രാവിലെ 10.00 മണിക്ക് ആരംഭിച്ച് ഞായറാഴ്ച്ച 1.00 മണിക്ക് അവസാനിക്കുന്നു. പങ്കെടുക്കുന്നവർ ബൈബിൾ, നോട്ട്ബുക്ക്, പേന, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. ക്യാമ്പിനായി തിരഞ്ഞെടുത്ത കുട്ടികളെ തീയതിയും മറ്റു വിവരങ്ങളും മുൻകൂട്ടി അറിയിക്കുമല്ലോ. ഫൊറോനാ പ്രസിഡന്റ് പ്രസ്തുത കുട്ടികളുടെ പേരുകളും ഇടവകയും ഫോൺ നമ്പറും ഓഫിസിലേക്ക് ഒക്ടോബർ 28നകം അയച്ചുതരേണ്ടതാണ്. **(വിശദവിവരങ്ങൾ വെബ്സൈറ്റിലും വാട്സ് ആപ്പ് ഗ്രൂപ്പിലും ലഭ്യമാണ്)**

## 22. ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രമായ 'ഗിരിദീപം' എല്ലാ പ്രധാനാധ്യാപകർക്കും അയയ്ക്കുന്നുണ്ട്. അഡ്രസ്സ് മാറ്റേണ്ടവരും ഗിരിദീപം ലഭിക്കാത്തവരും ഓഫീസിൽ അറിയിക്കേണ്ടതാണ്. **എല്ലാ മാസത്തെയും ആദ്യത്തെ ഞായറാഴ്ചത്തെ സ്റ്റാഫ് മീറ്റിംഗിൽ** വിശ്വാസ പരിശീലനത്തെ സംബന്ധിച്ച് ഗിരിദീപത്തിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ പ്രധാനാധ്യാപകൻ സ്റ്റാഫംഗങ്ങളെ അറിയിക്കുകയും ചർച്ചചെയ്യുകയും ചെയ്യേണ്ടതാണ്.

## 23. WhatsApp Group

തലശ്ശേരി അതിരൂപതയിലെ ഫൊറോന പ്രസിഡന്റുമാർക്കും, ഫൊറോനകളിലെ പ്രധാനാധ്യാപകർക്കും വാട്സ്ആപ്പ് ഗ്രൂപ്പുകൾ ആരംഭിച്ചിട്ടുണ്ട്. ആരുടെയെങ്കിലും പേരുകൾ വിട്ടുപോയിട്ടുണ്ടെങ്കിൽ അറിയിക്കണേ. ഇടവകയിൽ നിങ്ങൾ ചെയ്യുന്ന വിശ്വാസപരിശീലനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമേ ഈ ഗ്രൂപ്പിൽ പങ്കുവയ്ക്കാവൂ.

## 24. ഡയറക്ടറച്ചൻമാരുടെ സന്ദർശനം

ഡയറക്ടറച്ചൻ കരയത്തുംചാൽ, മണിക്കടവ്, ബാലേശുഗിരി, പാണത്തൂർ, പെരിങ്കരി എന്നീ ഇടവകകളിലും അസി. ഡയറക്ടറച്ചൻ വെണ്ണക്കല്ല്, ചേപ്പറമ്പ്, ചെമ്പേരി, രാജമുടി എന്നീ ഇടവകകളിലും വി. കുർബ്ബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സുകളെടുക്കുകയും ചെയ്തു.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ** — അസി. ഡയറക്ടർ

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ** — ഡയറക്ടർ, 9447952958

# ബൈബിൾ അപ്പൊസ്തൊലേറ്റ് & ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. ലോഗോസ് – 2018

നമ്മുടെ അതിരൂപതയിൽ ഈ വർഷത്തെ ലോഗോസ് ക്വിസ് പരീക്ഷ സെപ്റ്റംബർ 30-ാം തീയതി നടത്തപ്പെട്ടു. **31795** പേർ ഈ വർഷം പരീക്ഷയിൽ പങ്കെടുത്തു. ലോഗോസ് ക്വിസിന്റെ രൂപതാതല ഉദ്ഘാടനം അടോട്ടുകയം ഇടവകയിൽവച്ച് ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, ഇടവകാവികാരി ഫാ. പ്രജിൽ പണ്ടാരപ്പറമ്പിൽ എന്നിവരുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ലോഗോസ് ക്വിസ് പരീക്ഷ ഏറ്റവും നല്ല രീതിയിൽ നടത്താൻ സഹായിച്ച വികാരിയച്ചൻമാർക്കും സഹകരിച്ച എല്ലാ മതാദ്ധ്യാപകർക്കും അഭിനന്ദനങ്ങൾ! ഓൺലൈൻ വഴിയായി ഭൂരിപക്ഷം ഇടവകകളും രജിസ്ട്രേഷൻ ചെയ്തിരുന്നു. അവർക്കും പ്രത്യേകം നന്ദി.

ഓരോ വിഭാഗത്തിലും സമ്മാനാർഹരായവരുടെ സെമിഫൈനൽ കോഴിക്കോട് വച്ച് നവംബർ 11 ഞായറാഴ്ച നടത്തപ്പെടുന്നു. സെമിഫൈനലിൽ വിജയിക്കുന്നവർക്കായി സംസ്ഥാനതല മത്സരം നവം. 22-25 തീയതികളിൽ എറണാകുളത്ത് പി.ഒ.സിയിൽ വച്ച് നടത്തപ്പെടുന്നു. ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച പാലാവയൽ, ചെമ്പേരി, തോമാപുരം എന്നീ ഇടവകകൾക്ക് പ്രത്യേക അഭിനന്ദനങ്ങൾ!

## 2. ലോഗോസ് പരീക്ഷയുടെ മൂല്യനിർണ്ണയം

പരീക്ഷയ്ക്കുശേഷം ഉത്തരക്കടലാസുകൾ വികാരിയച്ചന്റെ നേതൃത്വത്തിൽ അതാതുപള്ളികളിൽത്തന്നെ സൂക്ഷിച്ചുവയ്ക്കുമല്ലോ. ഉത്തരസൂചികകൾ, മേഖലാ കേന്ദ്രമാക്കി പരീക്ഷയുടെ ഉത്തരവാദിത്വമുള്ളവരെ ഒരുമിച്ചുകൂട്ടി വിതരണം ചെയ്യുന്നതായിരിക്കും. ഒക്ടോബർ 14-ാം തീയതി ഇടവകകളിൽ മാർക്ക് പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓൺലൈൻ രജിസ്റ്റർ ചെയ്തവർക്ക് മാർക്കുകൾ സ്വന്തമായി Upload ചെയ്യാവുന്നതാണ്. മൂല്യനിർണ്ണയത്തിനുശേഷം **മുഴുവൻപേരുടെയും മാർക്കുകൾ രേഖപ്പെടുത്തിയ ലിസ്റ്റും** കൂടാതെ **ഓരോ ഗ്രൂപ്പിലും ഏറ്റവും കൂടുതൽ മാർക്കുകൾ ലഭിച്ച മൂന്നുപേരുടെ മാർക്കുകളും ഉത്തരകടലാസും** രൂപതാ ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ **ഒക്ടോബർ 15** ന് മുൻപ് എത്തിക്കേണ്ടതാണ്.

### 3. ലൂമെൻ എക്ലേസിയ

ഒക്ടോബർ 7-ാം തിയ്യതിയും 14-ാം തിയ്യതിയുമായി ലൂമെൻ എക്ലേസിയാ ക്ലാസ്സുകൾ അതാതു ഫൊറോനാ കേന്ദ്രങ്ങളിൽവച്ച് നടത്തപ്പെടുന്നതാണ്. കൃത്യമായ തിയ്യതി പിന്നീട് അറിയിക്കുന്നതാണ്.

<u>വിഷയങ്ങൾ</u>

- Theology of Other Religions
- Wisdom Books

### 4. ദൈവശാസ്ത്ര കോൺടാക്ട് ക്ലാസ്സുകളുടെ സമയക്രമം

| Date | Center | Time | Subject |
|---|---|---|---|
| 02-10-2018 | Idukki (Jaimatha Adoration Provincialate, Kuthirakkallu) | 9.30-4.30 | Book of Revelation<br>Morality of Life<br>Theology of Other Religions<br>Wisdom Books |
| 04-10-2018 | DTH – Puthusserikadavu | 9.30-4.30 | Diploma in Theology |
| 07-10-2018 | New Delhi (Diocese of Faridabad) | 9.30-4.30 | Introduction to Theology<br>Book of Revelation<br>Morality of Life<br>Theology of Other Religions,<br>Wisdom Books |
| 13-10-2018 | Irinjalakuda (Pavanatma Provincial House) | 9.30-4.30 | Social Doctrines<br>Ezra-Nehemiah,<br>Eschatology<br>Philosophy and Theology |
| 19-10-2018 | Pala (Carmelite Provincial House) | | Mariology<br>Greek<br>The Gospel of St. John<br>Spiritual Theology |

### 5. ഏകദിന ക്ലാസ്സ്: തലശ്ശേരി

2018-19 വർഷത്തിലെ ആദ്യ സെമസ്റ്ററിലെ എല്ലാ വിഷയങ്ങളും ഉൾക്കൊള്ളിച്ചുള്ള ഏകദിന ക്ലാസ്സ് തലശ്ശേരി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് ഒക്ടോ

ബർ 27 ന് രാവിലെ 9.30 മുതൽ വൈകുന്നേരം 4.30 വരെ നടത്തപ്പെടുന്നു. അതാതു സെന്ററുകളിൽ ക്ലാസ്സുകൾ നഷ്ടപ്പെട്ടവർക്കും പുതിയതായി രജിസ്ട്രേഷൻ നടത്തിയ വിദ്യാർത്ഥികൾക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. ക്ലാസ്സുകളിൽ പങ്കെടുക്കുന്നവർ ആൽഫാ ഓഫീസുമായി ബന്ധപ്പെടുക.

**വിഷയങ്ങൾ**

- Book of Revelation
- Morality of Life
- Theology of Other Religions
- Wisdom Books

## 6. MTh, Integrated MA വിദ്യാർത്ഥികളുടെ സമ്മേളനം: സെപ്റ്റംബർ 22 ന് തലശ്ശേരിയിൽവച്ച് നടത്തപ്പെട്ടു

ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം ചെയ്യുന്ന വിദ്യാർത്ഥികൾക്കായുള്ള മീറ്റിംഗ് സെപ്റ്റംബർ 22 ന് തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തപ്പെട്ടു. ഈ വർഷം മുതൽ ബിരുദാനന്തരബിരുദം മൂന്നു സ്പെഷ്യലൈസേഷനുകളിലായിട്ടാണ് (Biblical theology, Moral Theology and Dogmatic Theology) നടത്തപ്പെടുന്നത്. മീറ്റിംഗിൽ പങ്കെടുത്ത നൂറിലധികം വിദ്യാർത്ഥികൾ തങ്ങളുടെ സ്പെഷ്യലൈസേഷനുകൾ തിരഞ്ഞെടുത്തു. പുതുതായി രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികളും മീറ്റിംഗിൽ പങ്കെടുക്കാൻ സാധിക്കാത്തവരും എത്രയും വേഗം ആൾഫാ ഓഫീസുമായി ബന്ധപ്പെട്ട് തങ്ങളുടെ സ്പെഷ്യലൈസേഷൻ തിരഞ്ഞെടുക്കേണ്ടതാണ്.

## 7. ബൈബിൾ ഞായർ ആചരിച്ചു

ലോഗോസ് ക്വിസിനോടനുബന്ധിച്ച് കച്ചേരിക്കടവ് സെന്റ് ജോർജ്ജ് ഇടവകയിൽ ബൈബിൾ ഞായർ ആചരിച്ചു. ബൈബിൾ ഞായറിനോടനുബന്ധിച്ച് നടത്തിയ വചനം പകർത്തിയെഴുത്ത്, സുവിശേഷ ചെപ്പ്, ആറടി വലുപ്പത്തിൽ നിർമ്മിച്ച വേദഗ്രന്ഥം, നൃത്തശില്പം, സങ്കീർത്തനാലാപനം എന്നിവ ശ്രദ്ധേയമായി. രൂപതാ ബൈബിൾ അപ്പൊസ്റ്റോലേറ്റ് ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, വികാരി ഫാ. അനീഷ് മണവത്ത് എന്നിവർ പ്രോഗ്രാമിന് നേതൃത്വം നൽകി.

സ്നേഹപൂർവ്വം,

**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻലീഗ്

ഈശോയിൽ സ്നേഹം നിറഞ്ഞ അച്ചാ, സിസ്റ്റർ, കുഞ്ഞുപ്രേഷിതരേ,

നിശബ്ദമായ, ത്യാഗസമ്പൂർണ്ണമായ ജീവിതത്തിലൂടെ ശക്തമായ സുവിശേഷപ്രഘോഷണം നടത്തിയ വി. കൊച്ചുത്രേസ്യായുടെയും യേശുവിന്റെ പിന്നാലെ ഇറങ്ങിത്തിരിച്ച് ലോകായതികത്വത്തിലേക്ക് ചാഞ്ഞുകൊണ്ടിരുന്ന ക്രിസ്തുസഭയെ താങ്ങിനിറുത്തി അതിനു നഷ്ടപ്പെട്ട ആത്മീയത വീണ്ടെടുത്തു കൊടുത്ത വി. ഫ്രാൻസീസ് അസ്സീസിയുടെയും തിരുനാൾ ആചരിക്കുന്ന മാസമാണല്ലോ ഒക്ടോബർ. ജപമാല ചൊല്ലിയും മിഷൻ ഞായർ ആചരിച്ചും ഈ മാസത്തെ പ്രവർത്തനങ്ങളെ മിഴിവുറ്റതാക്കാം. ഈ ദിനങ്ങളോരോന്നും ഏറ്റവും തീക്ഷ്ണതയോടെ ആചരിച്ച് ദൈവാനുഗ്രഹങ്ങൾ സ്വന്തമാക്കി മറ്റുള്ളവർക്ക് മാതൃകയും പ്രചോദനവുമായി മാറാൻ പരിശ്രമിക്കുകയും ചെയ്യാം.

| | | |
|---|---|---|
| **അനുസ്മരിക്കുന്ന തിരുനാൾ** | : | കാവൽ മാലാഖ |
| ,, **വിശുദ്ധർ** | : | വി. കൊച്ചുത്രേസ്യ, വി. ഫ്രാൻസീസ് അസ്സിസി. |
| **പ്രാർത്ഥനാനിയോഗം** | : | പ്രേഷിതപ്രവർത്തനങ്ങളുടെ വിജയത്തിനുവേണ്ടി |
| **സുകൃതജപം** | : | ഈശോയുടെ പീഡാനുഭവമേ മിഷൻ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തണമേ |
| **വചനഭേരി** | : | പ്രഭാഷകൻ 18-21 അധ്യായങ്ങൾ മനഃപാഠമാക്കുക |
| **സുകൃതം** | : | 71 എത്രയും ദയയുള്ള മാതാവേ... |
| ***ദിയാക്കോണിയ*** | : | ശുചിത്വം |

## ശാഖകൾ ശ്രദ്ധിക്കാൻ

| | | |
|---|---|---|
| 1 ഞായർ | : | വി. കൊച്ചുത്രേസ്യായുടെ തിരുനാൾ; മിഷൻമാസാരംഭം, ശാഖയിൽ പതാക ഉയർത്തൽ, അംഗത്വനവീകരണം, അസാധാരണ സമ്മേളനം, പൊതുദിവ്യകാരുണ്യസ്വീകരണം. |
| 2 ചൊവ്വ | : | ശുചീകരണ പ്രവർത്തനങ്ങൾ |
| 3 ബുധൻ | : | മിഷൻലീഗ് 72-ാം സ്ഥാപകദിനം, പതാകവന്ദനം |
| 4 വ്യാഴം | : | വി. ഫ്രാൻസീസ് അസ്സീസിയുടെ തിരുനാൾ |
| 12 വെള്ളി | : | വി. അൽഫോൻസാമ്മയുടെ വിശുദ്ധപദവി ദിനാചരണം |
| 18-21 | : | ക്രിസ്റ്റീൻ ധ്യാനം-നവജ്യോതി കോളേജ്, എടത്തൊട്ടി |

28 ഞായർ : മിഷൻ ഞായർ:അസാധാരണസമ്മേളനം, പൊതുദിവ്യകാരുണ്യ സ്വീകരണം, പ്രേഷിതറാലി,
31 ബുധൻ : മിഷൻമാസ സമാപനം, മിഷൻഗ്രാമങ്ങൾക്ക് 5 മാസത്തെ സുകൃതങ്ങൾ, സാമ്പത്തികസഹായങ്ങൾ എന്നിവ അയച്ചുകൊടുക്കുന്നു.

## മേഖലകൾ ശ്രദ്ധിക്കാൻ

എക്സിക്യൂട്ടീവ്, മിഷൻമാസാചരണം പദ്ധതികൾ, മിഷൻലീഗ് സ്ഥാപകദിനം, ദിയാക്കോണിയ പദ്ധതികൾ...

## മിഷൻഞായർ-മിഷൻമാസാചരണം

ഒക്ടോബർ 1 മുതൽ 31 വരെ മിഷൻമാസമായി ആചരിക്കുകയും ഓരോ ദിവസവും പ്രത്യേക നിയോഗങ്ങളോടെ മിഷൻഗ്രാമങ്ങൾക്കും മിഷൻപ്രവർത്തനങ്ങൾക്കും മിഷനറിമാർക്കുംവേണ്ടി പ്രാർത്ഥിക്കാൻ കുട്ടികളെ ഓർമ്മിപ്പിക്കുകയും ഒക്ടോബർ 28-ാം തീയതി മിഷൻഞായർ സമുചിതമായി ആഘോഷിക്കുകയും ചെയ്യുമല്ലോ. അതിരൂപതാതലത്തിൽ വെള്ളരിക്കുണ്ട് മേഖലയിലെ ബളാൽ ശാഖയിൽവച്ച് മിഷൻഞായർ ആചരിക്കുന്നതായിരിക്കും. കൂടാതെ കുട്ടികളിൽ മിഷൻചൈതന്യവും പ്രേഷിത തീക്ഷ്ണതയും ഉജ്ജ്വലിക്കാൻതക്കവിധം വി. കുർബാനയ്ക്കുശേഷം വി. കൊച്ചുത്രേസ്യായുടെ രൂപത്തിനുമുമ്പിൽ അനുദിനപ്രാർത്ഥന, മിഷൻഗ്രാമത്തിനുവേണ്ടി പ്രാർത്ഥന, പ്രാർത്ഥിക്കാൻ ലഭിച്ചിരിക്കുന്ന മിഷൻഗ്രാമവുമായി സൗഹൃദബന്ധം, തുടങ്ങിയവ നടത്തുകയും ശാഖാതല പ്രവർത്തനങ്ങൾ ശക്തമാക്കാൻ മിഷൻപിരിവ് നടത്തുകയും ചെയ്യുമല്ലോ.

## മിഷൻ കലണ്ടർ

മിഷൻകലണ്ടർ ആരെങ്കിലും കൊണ്ടുപോകുവാൻ ഉണ്ടെങ്കിൽ ഈ മാസം 10-ാം തീയതിക്കു മുമ്പായി ഓഫീസിൽനിന്ന് വാങ്ങുവാൻ ശ്രദ്ധിക്കുമല്ലോ. വരുന്നതിന് മുമ്പ് ഒന്ന് വിളിച്ചുപറയുമല്ലോ. ഈ വർഷത്തെ മിഷൻപിരിവിന്റെ 2%വും മിഷൻ കലണ്ടറിന്റെ തുകയും പതിവുപോലെ ഡിസംബർ മാസത്തിനുള്ളിൽ അതിരൂപതാ ഓഫീസിൽ അടയ്ക്കാൻ ശ്രദ്ധിക്കുമല്ലോ.

## കൈയ്യെഴുത്തുമാസിക

ശാഖകളിൽ കൈയ്യെഴുത്ത് മാസിക നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകാണുമെന്നു കരുതുന്നു. (നിബന്ധനകൾ: മാർഗ്ഗരേഖ പേജ് 48-49) ഈ വർഷത്തെ പഠനവിഷയമായ 'കുഞ്ഞുമിഷനറിമാർ പ്രേഷിതയുവത്വത്തിലേക്ക്' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള രചനകൾ നിർബന്ധമായും മാസികയിൽ ഉണ്ടായിരിക്കണം. കൈയ്യെഴുത്ത് മാസിക ഓഫീസിൽ ലഭിക്കേണ്ട അവസാനതീയതി ജനുവരി 26.

## ഉപന്യാസം

ചെറുപുഷ്പമിഷൻലീഗ് തലശ്ശേരിഅതിരൂപത സുവർണ്ണ ജൂബിലി സ്മാരക അവാർഡിനായി അതിരൂപതാതലത്തിൽ 18 വയസ്സിൽ താഴെപ്രായമുള്ള മിഷൻലീഗ് അംഗങ്ങൾക്കായി ഉപന്യാസമത്സരം നടത്തുന്നു.

## നിബന്ധനകൾ

- വിഷയം - കുഞ്ഞുമിഷനറിമാർ പ്രേഷിതയുവത്വത്തിലേക്ക്
- ഉപന്യാസം 10 പേജിൽ കവിയരുത്.
- വികാരിയച്ചന്റെ കത്തും അംഗത്വകാർഡിന്റെ കോപ്പിയും രചനയോടൊപ്പം ഉണ്ടായിരിക്കണം.
- ഒരു ഇടവകയിൽനിന്നും ഒന്നിൽകൂടുതൽപേർക്ക് പങ്കെടുക്കാം
- ഒന്നാം സമ്മാനം 2000 രൂപ, രണ്ടാംസമ്മാനം 1000രൂപ
- രചനകൾ നവംബർ 30 നു മുമ്പായി ഓഫീസിൽ ലഭിച്ചിരിക്കണം.

## മിഷൻ പച്ചക്കറിത്തോട്ടം

പച്ചക്കറിത്തോട്ടമത്സരത്തിൽ പങ്കെടുക്കാൻ രജിസ്റ്റർ ചെയ്തിരിക്കുന്ന ശാഖകളുടെ പേരുകൾ ചുവടെ ചേർക്കുന്നു. ഇനിയും ഏതെങ്കിലും ശാഖകൾ രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്നുവെങ്കിൽ സെപ്റ്റംബർ 30നുമുമ്പ് ഓഫീസിൽ അറിയിക്കേണ്ടതാണ്. രജിസ്റ്റർ ചെയ്യാത്തശാഖകളെ മത്സരത്തിന് പരിഗണിക്കുന്നതല്ല. 25.09.2018 വരെ രജിസ്റ്റർ ചെയ്തിരിക്കുന്ന ശാഖകൾ: കുട്ടാപറമ്പ്, ചാവറഗിരി, ചെമ്പേരി, ഏറ്റുപാറ, ചൂരപ്പടവ്, തയ്യേനി, തോമാപുരം, ബളാൽ, കണിച്ചാർ, വായാട്ടുപറമ്പ്, രാജമുടി, പേരട്ട, നിർമ്മലഗിരി, ഉദയഗിരി, ദീപഗിരി, മാവുംചാൽ, വിളമന, ചട്ടമല, പൊട്ടംപ്ലാവ്, പാത്തൻപാറ.

## ദിയാക്കോണിയ

ഈ മാസം ശാഖാതലത്തിൽ ചെയ്യേണ്ടവ:

1 പ്ലാസ്റ്റിക് മുക്തഭവനപ്രവർത്തനങ്ങളിൽ കുട്ടികൾ മാതാപിതാക്കളോടൊപ്പം സഹകരിക്കുക.

2 പേപ്പർ കാരിബാഗ് നിർമ്മാണപരിശീലനം നടത്തുക.

## വചനഭേരിമത്സരം

പ്രഭാഷകന്റെ പുസ്തകത്തെ ആധാരമാക്കി ഒരു ബൈബിൾ ക്വിസ്പ്രോഗ്രാം അതിരൂപതാതലത്തിൽ ഫെബ്രുവരി മാസത്തിൽ നടത്തപ്പെടുന്നു. ആൺപെൺ വിത്യാസമില്ലാതെ ഒരു ടീമിൽ 2 പേർക്ക് പങ്കെടുക്കാം. മേഖലയിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന ടീമിന് അതിരൂപതാമത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. അതിരൂപതയിൽ ഒന്നാംസ്ഥാനം കിട്ടുന്ന ടീമിന് മെയ് 11ന് നടക്കുന്ന സംസ്ഥാന മത്സരത്തിൽ പങ്കെടുക്കാൻ അവസരം ലഭിക്കും. 10 വയസ്സിനും 15 വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികൾ ഒരു ടീമും 16വയസ്സിനും 25വയസ്സിനും ഇടയിൽ പ്രായമുള്ളവരും അടങ്ങിയ 2 ടീം ആയിരിക്കും മത്സരിക്കേണ്ടത്. പങ്കെടുക്കുന്നവരെ ക്വിസ്സ് മത്സരത്തിനായി ആനിമേറ്റേഴ്സ് ഒരുക്കുമല്ലോ. മത്സരത്തെ സംബന്ധിച്ച് സംശയങ്ങളുണ്ടെങ്കിൽ അതിരൂപതാ ഓഫീസിലേയ്ക്ക് വിളിക്കുമല്ലോ.

## മിഷൻക്വിസ്

അതിരൂപതാ കലാമത്സരങ്ങളുടെ ഭാഗമായി നടത്തപ്പെട്ടിരുന്ന മത്സമായിരുന്നല്ലോ മിഷൻക്വിസ്. ഈ വർഷം പ്രളയക്കെടുതിയിൽ ബുദ്ധിമുട്ടനുഭ

വിച്ചവരോടുള്ള **ആദരസൂചകമായി** കലാമത്സരങ്ങൾ ഒഴിവാക്കിയതിനാൽ മിഷൻക്വിസ്സും ഈ വർഷം നടത്തുന്നതല്ല. എന്നാൽ ടീം ക്വിസ്സ് പതിവു പോലെ ഈ വർഷവും നടത്തുന്നതാണ്.

## കുഞ്ഞേട്ടൻ പ്രച്ഛന്ന വേഷ പ്രസംഗ മത്സരവിജയികൾ

ചെറുപുഷ്പമിഷൻലീഗ് സ്ഥാപകനേതാവ് ശ്രീ. പി.സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെ 9-ാം ചരമവാർഷികത്തോടനുബന്ധിച്ച് ശാഖകളിൽ നട ത്തിയ പ്രസംഗ-പ്രഛന്നവേഷമത്സരത്തിൽ വിവിധ ശാഖകളിൽനിന്നുള്ള കുട്ടികൾ താൽപര്യപൂർവ്വം പങ്കെടുത്തു. പങ്കെടുത്ത എല്ലാവർക്കും പ്രോത്സാ ഹിപ്പിച്ച ബഹു. അച്ചന്മാർക്കും സിസ്റ്റേഴ്സിനും അഭിനന്ദനങ്ങൾ. വിജയി കൾക്കുള്ള സമ്മാനങ്ങൾ അതിരൂപതാ കൗൺസിൽ വാർഷികസമ്മേളന ത്തിൽ വെച്ച് നൽകുന്നതായിരിക്കും. മത്സരവിജയികൾ:

**I.** അഫിൻ വയലാമണ്ണിൽ- അങ്ങാടിക്കടവ്

**II.** അലൻ പീറ്റർ പുലിയുറുമ്പിൽ - ചെമ്പേരി

**III.** ജോസ് താഴത്തുകുന്നേൽ - ആലക്കോട്

## ഉണർവ്വ് : എം.റ്റി.സി ക്യാമ്പ്

ഈവർഷത്തെ ഉണർവ്വ് എംറ്റിസി ക്യാമ്പ് ഒക്ടോബർ 12 വൈകുന്നേരം 6 മണി മുതൽ 13-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിവരെ വായാട്ടുപറമ്പ് ഫൊറോനയിലെ കരുണാപുരം ഇടവകയിൽ വച്ച് നടത്തുന്നതാണ്. 2016-17, 2017-18 വർഷങ്ങളിൽ അതിരൂപതാതലത്തിൽ വിജയവാഡ, സാംഗ്ലി എന്നീ സ്ഥലങ്ങളിൽ എംറ്റിസി ക്യാമ്പിനായി പോയ എല്ലാ കുട്ടികളെയും ബഹു. വൈസ് ഡയറക്ടർ സിസ്റ്റേഴ്സ് പറഞ്ഞയയക്കുമല്ലോ.

## ക്ലിക്ക് ഷോട്ട് : ഷോർട്ട് ഫിലിം- നിബന്ധനകൾ

1) 5-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള ആൺകുട്ടികൾക്കും പെൺകു ട്ടികൾക്കും പങ്കെടുക്കാം.
2) സ്ക്രിപ്റ്റ് സ്വയം രചിച്ചതാവണം. 3) സഭ, മിഷൻലീഗ് സംഘടന എന്നി വയെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം ഷോർട്ട് ഫിലിം. 4) 6 മിനു ട്ടിൽ കൂടുതൽ ദൈർഘ്യമുള്ളവ മത്സരത്തിൽ പരിഗണിക്കുന്നതല്ല. 5) മിഷൻലീഗിൽ അംഗത്വമുള്ള എത്ര കുട്ടികൾക്ക് വേണമെങ്കിലും ഷോർട്ട് ഫിലിമിൽ അഭിനയിക്കാം. 6) ടെക്നിക്കൽ കാര്യങ്ങൾക്ക് മുതിർന്നവ രുടെ സഹായം തേടാവുന്നതാണ്.

ഒന്നാം സ്ഥാനം : 3000 രൂപയും ട്രോഫിയും

: 2500 രൂപയും ട്രോഫിയും

: 2000 രൂപയും ട്രോഫിയും

പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും പ്രോത്സാഹന സമ്മാനം ഉണ്ടായിരിക്കും. എന്തെങ്കിലും സംശയമുള്ളവർ അതിരൂപതാ ഓഫിസിൽ വിളിക്കുമല്ലോ.

## മദർ തെരേസ അനുസ്മരണം

വി. മദർ തെരേസയുടെ തിരുനാളിനോടനുബന്ധിച്ച് അതിരൂപതയുടെയും മേരിഗിരി ഫൊറോനയുടെയും വെള്ളരിയാനം ശാഖയുടെയും നേതൃത്വത്തിൽ

വെള്ളരിയാനത്തുള്ള അഞ്ജലി അഗതിമന്ദിരം സന്ദർശിക്കുകയും അവരുമായി സൗഹൃദസംഭാഷണം നടത്തുകയും ഒരുനേരത്തെ ഭക്ഷണം നൽകുകയും ചെയ്തു. അഗതിമന്ദിരസന്ദർശനം നടത്താൻവേണ്ട ക്രമീകരണങ്ങൾ നടത്തിയ അതിരൂപതാഭാരവാഹികളെയും മേരിഗിരി ഫൊറോന ഡയറക്ടർ മാത്യു മുല്ലപ്പള്ളി അച്ചന്റെ നേതൃത്വത്തിലുള്ള മേഖലാഭാരവാഹികളെയും വെള്ളരിയാനം ഇടവകാംഗങ്ങളെയും സിസ്റ്റേഴ്സിനെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

## അധ്യാപകദിനം

അധ്യാപകദിനത്തോടനുബന്ധിച്ച് ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപതയുടെയും മേരിഗിരി മേഖലയുടെയും മേരിഗിരി ശാഖയുടെയും നേതൃത്വത്തിൽ മേരിഗിരി ചെറുപുഷ്പം യു.പി. സ്കൂളിലെ അധ്യാപകരെ ആദരിച്ചു. പ്രസ്തുത ചടങ്ങ് ഫൊറോന വികാരി മാത്യു മണിമലത്തറപ്പേൽ ഉദ്ഘാടനം ചെയ്തു. മേഖല ഡയറക്ടർ ഫാ. മാത്യു മുല്ലപ്പള്ളി സ്വാഗതം ആശംസിച്ച ചടങ്ങിന് അതിരൂപതാപ്രസിഡന്റ് ശ്രീ ബേബി പ്ലാശ്ശേരി അധ്യക്ഷത വഹിച്ചു. അതിരൂപത ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ അധ്യാപകരെയും ബഹു. മാത്യു അച്ചന്മാരെയും ഷോൾ അണിയിച്ച് ആദരിച്ചു. ചടങ്ങുകൾക്ക് നേതൃത്വം കൊടുത്ത അതിരൂപതാ, ഫൊറോന,ശാഖ ഭാരവാഹികൾക്കും ചെറുപുഷ്പം യു.പി. സ്കൂളിലെ എല്ലാ ബഹു. സിസ്റ്റേഴ്സിനും ടീച്ചേഴ്സിനും കുട്ടികൾക്കും ഹൃദയംഗമമായ നന്ദി.

## ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണം

സെപ്റ്റംബർ 8-ാം തീയതി ശനിയാഴ്ച ആർപ്പൂക്കരയിൽ വച്ച് നടന്ന ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണസമ്മേളനത്തിൽ അതിരൂപതാ ഭാരവാഹികൾ പങ്കെടുത്തു. അതോടൊപ്പം അതിരൂപതാതല മാലിപ്പറമ്പിൽ അനുസ്മരണം 23-ാം തീയതി ചെമ്പേരി ശാഖയിൽ വെച്ച് നടത്തി.

## അൽഫോൻസ ക്വിസ്

ഓഗസ്റ്റ് 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേലിന്റെ നേതൃത്വത്തിൽ തളിപ്പറമ്പ് സെന്റ് മേരീസ് ദേവാലയ ഓഡിറ്റോറിയത്തിൽവച്ച് അതിരൂപതാതല അൽഫോൻസ ക്വിസ് മത്സരം നടത്തപ്പെട്ടു. 16 മേഖലകളിൽ നിന്നുമായി 48 കുട്ടികൾ പങ്കെടുത്തു. തളിപ്പറമ്പ്, ആലക്കോട്, പേരാവൂർ എന്നീ മേഖലകൾ യഥാക്രമം ഒന്നും, രണ്ടും, മൂന്നുംസ്ഥാനങ്ങൾ കരസ്ഥമാക്കി. മത്സരത്തിൽ പങ്കെടുത്ത കൊച്ചുകൂട്ടുകാർക്ക് പ്രത്യേക അഭിനന്ദനങ്ങൾ... വിജയികൾക്ക് തെക്കേക്കണ്ടത്തിൽ കുരുവിള-അന്നമ്മ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും ക്യാഷ് അവാർഡും നൽകി.

## മദർ കരുണയുടെ നിറം : ചിത്രരചനാ ക്യാമ്പ്

ചെറുപുഷ്പമിഷൻലീഗിന്റെയും ആർട്ടിസ്റ്റ് ഫോറത്തിന്റെയും നേതൃത്വത്തിൽ ഓഗസ്റ്റ് 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.30ന് തളിപ്പറമ്പ് സെന്റ്

മേരീസ് പള്ളിഓഡിറ്റോറിയത്തിൽ വെച്ച് ചിത്രരചനക്യാമ്പ് നടത്തപ്പെട്ടു. 16 മേഖലകളിൽനിന്നുമായി 48 കുട്ടികൾ പങ്കെടുത്തു. ക്യാമ്പിന് നേതൃത്വം കൊടുത്ത ബഹു. മനോജ് ഒറ്റപ്ലാക്കൽ അച്ചനും അതിരൂപതാ, തളിപ്പറമ്പ് മേഖലാ, ശാഖാ ഭാരവാഹികൾക്കും അതിരൂപതാകുടുംബത്തിന്റെ നന്ദി.

## ക്ലാസ്സുകൾ, സെമിനാറുകൾ

- ഓഗസ്റ്റ് 19 : പുന്നക്കുന്ന് ശാഖയിൽ അതിരൂപതാ ഡയറക്ടർ സെമിനാർ നടത്തി.
- ഓഗസ്റ്റ് 23 : ചേപ്പറമ്പ ശാഖയിൽ അതിരൂപതാ ഡയറക്ടർ ദൈവവിളി സെമിനാർ നടത്തി
- ഓഗസ്റ്റ് 26 : നെല്ലിക്കുറ്റി ശാഖ അതിരൂപതാ ഡയറക്ടർ വി. കുർബാനയർപ്പിച്ച് ക്ലാസ്സെടുത്തു.
- സെപ്റ്റംബർ 2 : വെണ്ണക്കല്ല് ശാഖ അതിരൂപതാ ഡയറക്ടർ വി. കുർബാനയർപ്പിച്ച് ക്ലാസ്സെടുത്തു.
- സെപ്റ്റംബർ 4 : അതിരൂപതാ പ്രസിഡന്റ് ശ്രീ ബേബി പ്ലാശ്ശേരി പുറവയൽ ശാഖയിൽ ഏകദിനസെമിനാർ നടത്തി.
- സെപ്റ്റംബർ 22 : പൈസക്കരി ഫൊറോനയിലെ വൈസ് ഡയറക്ടർമാർക്കായി അതിരൂപതാ സെക്രട്ടറി ശ്രീ സുനിൽ കല്ലിടുക്കിൽ ക്ലാസ്സെടുത്തു.
- സെപ്റ്റംബർ 23 : ചെമ്പേരി ശാഖ അതിരൂപതാ ഡയറക്ടർ സന്ദർശിക്കുകയും വി. കുർബാനയർപ്പിച്ച് സെമിനാർ നടത്തുകയും ചെയ്തു.
- സെപ്റ്റംബർ 30 : രാജമുടി ശാഖ അതിരൂപതാ ഡയറക്ടർ സന്ദർശിക്കുകയും വി. കുർബാനയർപ്പിച്ച് സെമിനാർ നടത്തുകയും ചെയ്തു.

## ശാഖാ സന്ദർശനങ്ങൾ

**09.09. 2018 ഞായർ:** എടൂർ മേഖലയിലെ 9 ശാഖകൾ അതിരൂപതാ ഓർഗനൈസിംഗ് ടീം സന്ദർശിച്ചു. വെളിമാനം-സജികുളങ്ങരമുറി, ഉരുപ്പുംകുറ്റി-സി. മരിയറ്റ് എംഎസ്എംഐ, മാങ്ങോട്-സി. ഹെലൻ എഫ്സിസി, ചെടിക്കുളം-ജോണി കൊന്നയിൽ, വട്ടിയറ-ജോബി പനച്ചിക്കൽ, കീഴ്പള്ളി -ആന്റണി മേൽവട്ടം, എടപ്പുഴ-മാണി കണിയാരോലിക്കൽ, കരിക്കോട്ടക്കരി-ബേബി പ്ലാശ്ശേരി, എടൂർ-ബിജു മണ്ണനാൽ.

**16.9.18ന് ഞായർ:** കുന്നോത്ത് മേഖലയിലെ 13 ശാഖകൾ സന്ദർശിച്ചു. അങ്ങാടിക്കടവ്-തോമസ് ഓലിക്കൽ, ചരൾ-സജി കുളങ്ങരമുറി, എടക്കാനം-ജോയൽ കൈച്ചിറമറ്റത്തിൽ, കച്ചേരിക്കടവ്, പാലത്തിൻകടവ്-സജി കുന്നത്ത്, കിളിയന്തറ-സി. മരിയറ്റ്, കുന്നോത്ത്-ബേബി പ്ലാശ്ശേരി, മാടത്തിൽ-ജോബി പാണ്ട്യാംപറമ്പിൽ, മുടയരഞ്ഞി-സണ്ണിപടിഞ്ഞാറേടത്ത്, പേരട്ട-സി. റോഷ്നി എഫ്സിസി, പെരിങ്കരി-ജോണി കൊന്നയിൽ, രണ്ടാംകടവ്-ജോബി പനച്ചിക്കൽകരോട്ട്, വാണിയപ്പാറ-മാണി കണിയാരോലിക്കൽ.

**23.09.18ന് ഞായർ:** നെല്ലിക്കാംപൊയിൽ മേഖലയിലെ 14 ശാഖകൾ സന്ദർശിച്ചു. ആനറ-ജോയൽ കൈച്ചിറമറ്റം, ഇരിട്ടി- സി. ഹെലൻ, കാലാങ്കി-ജോബി പാണ്ട്യാംപറമ്പിൽ, കല്ലുവയൽ-ബേബി പ്ലാശ്ശേരി, മണിക്കടവ്-ടോമി ഓലിക്കൽ, മണിപ്പാറ- സജി കുന്നത്ത്, മാട്ടറ - സി. റോഷ്നി, മുണ്ടാനൂർ-മോളി ഇല്ലിക്കൽ, നെല്ലിക്കാംപൊയിൽ-ബെന്നി തെരുവത്ത്, പടിയൂർ-സി. അലീന, ശാന്തിനഗർ-മാണി, തേർമല-സണ്ണി പടിഞ്ഞാറേചിറ്റേടത്ത്, ഉളിക്കൽ-ജോണി കൊന്നയിൽ.

ശാഖാസന്ദർശനങ്ങൾ നടത്തിയ എല്ലാ ഓർഗനൈസിംഗ് ടീം അംഗങ്ങൾക്കും ടീം അംഗങ്ങൾക്ക് വേണ്ട ക്രമീകരണങ്ങൾ ചെയ്തുകൊടുത്ത എല്ലാ ശാഖാഡയറക്ടർ അച്ചന്മാർക്കും, വൈസ്ഡയറക്ടർ സിസ്റ്റേഴ്സിനും, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർമാർക്കും എല്ലാ വിശ്വാസപരിശീലകർക്കും ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ കുടുംബത്തിന്റെ നന്ദി.

## ഒക്ടോബർ: ശാഖാ സന്ദർശനങ്ങൾ

അതിരൂപതാ ഓർഗനൈസിംഗ് ടീം അംഗങ്ങൾ ഓക്ടോബർ മാസം ചെമ്പേരി (ഒക്ടോബർ-7), തളിപ്പറമ്പ് (ഒക്ടോ.14), വായാട്ടുപറമ്പ് (ഒക്ടോ.21), ആലക്കോട് (ഒക്ടോബ.28) എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്നുള്ള കാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേദിവസം ശാഖാ വൈസ് ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ. വികാരിയച്ചനെയും സൺഡേസ്കൂൾ ഹെഡ്മാസ്റ്ററെയും സന്ദർശനത്തിനുവരുന്നകാര്യം വൈസ് ഡയറക്ടർ സിസ്റ്റർ പ്രത്യേകം ഓർമ്മിപ്പിക്കണേ.

## നന്ദിയും സ്വാഗതവും (SJB)

കഴിഞ്ഞവർഷങ്ങളിൽ ചെമ്പേരി മേഖല ചെറുപുഷ്പ മിഷൻലീഗിനെ ധീരമായി പ്രേഷിത ആഭിമുഖ്യത്തിൽ വളർത്തിയ ബഹു. ജോർജ് പടിഞ്ഞാറേ ആനിശ്ശേരിൽ അച്ചനെ നന്ദിപൂർവ്വം അനുസ്മരിക്കുന്നു. പുതിയ ഫൊറോന ഡയറക്ടറായി സ്ഥാനമേറ്റെടുത്തിരിക്കുന്ന പൊട്ടംപ്ലാവ് വികാരി ബിജു പൂത്തേട്ടാൽ SJB അച്ചന് പുതിയ കർമ്മപഥത്തിൽ ഹൃദ്യമായ സ്വാഗതവും ആശംസകളും.

**NB:** അതിരൂപതാ ഓഫീസിലെ പുതിയ ഫോൺ നമ്പർ - 9188233579

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരേ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

പരിശുദ്ധ അമ്മയിൽനിന്നും കൂടുതൽ അനുഗ്രഹങ്ങൾ പ്രാപിക്കുവാനും എപ്പോഴും അമ്മയുടെ സംരക്ഷണം ലഭിക്കുവാനുമായി ജപമാലചൊല്ലി പ്രാർത്ഥിക്കുവാനും ഇടവകദേവാലയത്തിലെ കൊന്തനമസ്ക്കാരത്തിൽ പങ്കെടുക്കുവാനും വ്യക്തിപരമായി ജപമാലചൊല്ലാനും ഈ ഒക്ടോബർ മാസം കൊച്ചുകൂട്ടുകാരെല്ലാവരും ശ്രദ്ധിക്കുമല്ലോ...

**നിറംകൊടുക്കാമോ സെപ്റ്റംബർ മാസത്തെ വിജയികൾ**

I ജിസ മരിയ അഞ്ചേക്കർ - കാഞ്ഞിരടുക്കം

II നിയ മരിയ മൂഞ്ഞോലിൽ - കുടിയാന്മല

III ട്രീസ കാക്കീയാനിയിൽ - വെള്ളാട്

**നിങ്ങൾക്കറിയാമോ വിജയികൾ**

I ആൽവിൻ സാജു - കുട്ടാപറമ്പ്

II ജെയ്‌വിൻ ജോ ജെയ്സൺ - രാജമുടി

III ലിയ റെജി - നിർമ്മലഗിരി

## വി. മദർതെരേസ ഫാൻസി ഡ്രസ്സ് മത്സരവിജയികൾ

I നിയാ മൈലാടൂർ - ചൂരപ്പടവ്

II എയ്ഞ്ചൽ കൊട്ടാരത്തിൽ - കണിച്ചാർ

III അലീന പുന്നയ്ക്കൽ - മാവുംചാൽ

## ഈശോയെപ്പോലെ തിരുത്താം...

ഈ മാസം നമുക്ക് ഈശോയെപ്പോലെ തിരുത്താം എന്ന നാലാം അധ്യായം പഠിക്കാം. വലിപ്പചെറുപ്പം ഇല്ലാതെ മുഖംനോക്കാതെ എല്ലാവരുടെയും തെറ്റുകൾ തിരുത്തുന്നവനാണ് ഈശോ. ആരെയും മാറ്റിനിർത്താതെ കാരുണ്യത്തോടെ മറ്റുള്ളവരെനോക്കി; സ്നേഹത്തോടെ മാറോട് ചേർത്ത് നിർത്തി തെറ്റുകൾ തിരുത്തിക്കൊടുക്കുന്ന സ്നേഹസമ്പന്നനായ പിതാവാണ് നമ്മുടെ ഈശോ. കൂട്ടുകാരേ, നമുക്കും സഹോദരങ്ങളുടെ തെറ്റുകൾ കാണുമ്പോൾ സ്നേഹത്തോടെ തിരുത്താം... അങ്ങനെ തെറ്റുചെയ്യുന്നവരെ തിരുത്തുന്ന ഈശോയുടെ ഹൃദയഗുണങ്ങൾ നമുക്ക് സ്വന്തമാക്കാൻ പരിശ്രമിക്കാം....

## വൈസ് ഡയറക്ടേഴ്സിന്റെ പ്രത്യേക ശ്രദ്ധയ്ക്ക്

**a)** തിരുബാലസഖ്യ ജൂബിലി വർഷത്തോടനുബന്ധിച്ച് ജൂബിലി പ്രാർത്ഥന എല്ലാ ഇടവകകളിലും ഉടൻ എത്തിക്കുന്നതായിരിക്കും. എല്ലാ

ആഴ്ചയും തിരുബാലസഖ്യ മീറ്റിംഗ്കൂടി കുട്ടികളെക്കൊണ്ട് പ്രാർത്ഥന ചൊല്ലിപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**b)** ജൂബിലി വർഷത്തിൽ അതിരൂപതാതലത്തിൽ കുട്ടികൾക്കായി അതിരൂപതാകലോത്സവമല്ലാതെ മറ്റുപ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതല്ല. മേഖലാതലത്തിലും ശാഖാതലത്തിലും പ്രോഗ്രാമുകൾ സംഘടിപ്പിക്കാനാണ് തീരുമാനമെടുത്തിരിക്കുന്നത്. കുഞ്ഞുകുട്ടികളെ അതിരൂപതാതലത്തിൽ ഒരുമിച്ചുകൊണ്ടുവരുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ടാണ് ഈ തീരുമാനം.

**c)** തിരുബാലസഖ്യം നിങ്ങൾക്കറിയാമോ നിറം കൊടുക്കാമോ എന്നിവ അതിരൂപതാ ഓഫീസിലേയ്ക്ക് അയയ്ക്കുമ്പോൾ ഇവയുടെ മുകളിൽ കൃത്യമായും കുട്ടികളുടെ പേരും, വീട്ടുപേരും, ഇടവകയും എഴുതുവാൻ ശ്രദ്ധിക്കുമല്ലോ. കൃത്യമായും എഴുതാത്ത ശാഖകളെ മത്സരത്തിന് പരിഗണിക്കുന്നതല്ല എന്നുള്ള കാര്യം ഓർമ്മപ്പെടുത്തുന്നു.

## തിരുബാലസഖ്യ കലോത്സവം

ഈവർഷവും പതിവുപോലെ തിരുബാലസഖ്യ കലോത്സവം ഉണ്ടായിരിക്കുന്നതാണ്. അതിരൂപതാതല കലോത്സവം ജനുവരി 12-ാം തീയതി ആയിരിക്കും. കലോത്സവവേദി പിന്നീട് അറിയിക്കുന്നതാണ്. മത്സരയിനങ്ങൾ തിരുബാലസഖ്യ വർക്ക് ബുക്കിൽ നൽകിയിരിക്കുന്നത് ശ്രദ്ധിച്ചുകാണുമല്ലോ. ഡിസംബർ 30ന് മുമ്പ് മേഖലകളിൽ മത്സരം നടത്തി ജനുവരി 1-ാം തീയതിയോടെ റിസൾട്ട് അതിരൂപതാ ഓഫീസിൽ അറിയിക്കുമല്ലോ.

## ക്ലാസ്സുകൾ, സെമിനാറുകൾ

ഈവർഷം തിരുബാലസഖ്യം ജൂബിലി വർഷമായതിനാൽ ഇടവകാതലത്തിലോ മേഖലാതലത്തിലോ ക്ലാസ്സുകൾ നടത്താനാഗ്രഹിക്കുന്നവർ അതിരൂപതാ ഓഫീസിൽ അറിയിക്കുമല്ലോ. ക്ലാസ്സുകൾക്കും സെമിനാറുകൾക്കും ധ്യാനങ്ങൾക്കും ടീം സജ്ജമാണ്.

## ജൂബിലി ഗാനം

ജൂബിലി വർഷത്തിൽ കുഞ്ഞുകൂട്ടുകാർക്കായുള്ള ജൂബിലി ഗാനം ചിട്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു. കുഞ്ഞുങ്ങൾക്ക് ഏറ്റവും പ്രാധാന്യമുള്ള മാസമായ ഡിസംബർ മാസത്തിനുമുമ്പായി എല്ലാവരും പഠിക്കത്തക്കവിധത്തിൽ വാട്സ് ആപ്പ് വഴിയായി ഗാനവും കരോക്കയും നവംബർ 15നുശേഷം അയച്ചുതരുന്നതാണ്.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

## യുവജനങ്ങൾ ക്രിസ്തുവിനോടൊപ്പം
## തിരുസഭയോടൊപ്പം സമൂഹത്തോടൊപ്പം

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ,

## യുവജന വർഷ ബൈബിൾ ക്വിസ്

യുവജന വർഷത്തിൽ ബൈബിൾ അപ്പൊസ്റ്റൊലേറ്റും, kcym smym ഉം ചേർന്ന് സംഘടിപ്പിക്കുന്ന യുവജനവർഷ ലോഗോസ് ക്വിസ്. കേരളാ കാത്തലിക് ബൈബിൾ സൊസൈറ്റി നടത്തുന്ന 19 ാം ലോഗോസ് ക്വിസ്സിൽ ഫൊറോനാ തലത്തിൽ ഏറ്റവും ഉയർന്ന മാർക്ക് വാങ്ങുന്ന രണ്ട് പേർ അടങ്ങുന്ന രണ്ട് ടീമുകൾക്ക് അതിരൂപതാമൽസരത്തിൽ പങ്കെടുക്കാൻ സാധിക്കുന്നതാണ്.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1) 15 വയസ്സിനും 30 വയസ്സിനും ഇടയിൽ പ്രായമുള്ളവർക്ക് മൽസരിക്കാം
2) അതിരൂപതാ മൽസരത്തിൽ പങ്കെടുക്കുന്നവർ വികാരി സാക്ഷ്യപ്പെടുത്തുന്ന കത്ത് കൊണ്ടു വരേണ്ടതാണ്
3) ഒരു ഫൊറോനയിൽ നിന്നും രണ്ട് ടീമിന് പങ്കെടുക്കാം
4) ഒരു ടീമിൽ രണ്ട് പേർ മാത്രമെ ഉണ്ടാകാൻ പാടുള്ളു
5) ടീമിലെ രണ്ട് പേർ ആൺകുട്ടിയോ പെൺകുട്ടിയോ ആകാം
6) അതിരൂപതാ മൽസരത്തിൽ പഠനഭാഗത്ത് നിന്ന് ഓഡിയോ, വീഡിയോ ക്ലിപ്പിംഗ്സ് ഉപയോഗിച്ചുള്ള ചോദ്യങ്ങൾ ഉണ്ടായിരിക്കും
7) കേരളാ കാത്തലിക് ബൈബിൾ സൊസൈറ്റി നടത്തുന്ന 19 ാം ലോഗോസ് ക്വിസ്സിന്റെ പഠനഭാഗങ്ങൾ തന്നെയായിരിക്കും അതിരൂപതാമൽസരത്തിന്റെയും പഠനഭാഗം

## സമ്മാനങ്ങൾ

ഒന്നാം സമ്മാനം 2500, രണ്ടാം സമ്മാനം 1500, മൂന്നാം സമ്മാനം 1000
അതിരൂപതാമൽസരത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കും പ്രോൽസാഹന സമ്മാനങ്ങൾ

## അതിരൂപത അർദ്ധവാർഷിക സെനറ്റ്

കെ സി വൈ എം എസ് എം വൈ എം ന്റെ 2018 ലെ തലശ്ശേരി അതിരൂപതാ അർദ്ധവാർഷിക സെനറ്റ് ഒക്ടോബർ 13 ന് വായാട്ടു പറമ്പ് ഫൊറോനയുടെ ആതിഥേയത്വത്തിൽ നടത്തപ്പെടുന്നു. എല്ലാ ഫൊറോനയിലേയും സെനറ്റ് അംഗങ്ങളും ഫൊറോന ഡയറക്ടേഴ്സും, ആനിമേറ്റേഴ്സും നിർബന്ധമായും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. കഴിഞ്ഞ

ലെപ്പോലെ അതിരൂപതയിൽ നിന്നും നല്കുന്ന ഫോമിൽ അവതരിപ്പിക്കേണ്ടതാണ്. അതിരൂപതാ ട്രഷറർ ശ്രീ. പ്രിൻസ് ജോസഫ് തുണ്ടത്തിൽ വ്യക്തിപരമായ കാരണത്താൽ രാജിവച്ച ട്രഷറർ സ്ഥാനത്തേക്ക് സെനറ്റിൽവച്ച് ഇലക്ഷൻ ഉണ്ടായിരിക്കും. ഇലക്ഷന് നിൽക്കുന്നവർ 2018 ൽ അഫിലിയേഷനിൽ പേരുള്ളവരും ഐ ഡി കാർഡ് ഉള്ളവരും ഫൊറോന ഭാരവാഹിത്വം ഉള്ളവരും ഒരുവർഷത്തെ സെനറ്റ് പരിചയം ഉള്ളവരും ആയിരിക്കണം. ഒപ്പം ഇടവക ഫൊറോന ഡയറക്ടേഴ്സിന്റെ കത്തും നിർബന്ധമായും കൊണ്ടുവരണം. പ്രായം 15 നും -30 നും ഇടയിൽ. സെനറ്റ് നടക്കുന്ന സ്ഥലം പിന്നീട് അറിയിക്കുന്നതായിരിക്കും.

## ഫൊറോന അർദ്ധവാർഷിക സെനറ്റ്

ഒക്ടോബർ 13 ന് അതിരൂപതാ അർദ്ധവാർഷിക സെനറ്റ് നടത്തുന്നതിനുമുമ്പ് ഫൊറോന അർദ്ധ വാർഷിക സെനറ്റ് നടത്താൻ ബഹു: ഡയറക്ടേഴ്സും പ്രസിഡന്റുമാരും ശ്രദ്ധിക്കുമല്ലോ.

## ക്ലീൻ സിറ്റി -തളിപ്പറമ്പ

ഒക്ടോബർ 2 ഗാന്ധിജയന്തിയോടനുബന്ധിച്ച് തലശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ തളിപ്പറമ്പ് ഫൊറോനയുടെ ആതിഥേയത്വത്തിൽ തളിപ്പറമ്പ് മുൻസിപ്പാലിറ്റി ജീവനക്കാരെ ആദരിക്കുന്ന ചടങ്ങും ഫ്ളാഷ് മോബും നടത്തപ്പെടുന്നു. എല്ലാസിന്ഡിക്കേറ്റ് അംഗങ്ങളും പങ്കടുക്കണമെന്ന് അറിയിക്കുന്നു. വിവിധ ടൗണുകളിൽ ക്ലീനിങ്ങ് നടത്താൻ ശ്രദ്ധിക്കുമല്ലോ. ഒക്ടോബർ മാസത്തിൽ ദിയാക്കോണിയയുടെ കർമ്മ പദ്ധതിയും ക്ലീൻ സിറ്റി പ്രോഗ്രാം തന്നെയാണെന്ന് ഓർപ്പിക്കുന്നു.

## മിഷൻ വയനാട്

മിഷൻ വയനാടിന്റെ ഭാഗമായി ആഗസ്റ്റ് 24 മുതൽ മൂന്നുദിവസം മാനന്തവാടി പ്രളയബാധിത പ്രദേശത്ത് വേദന അനുഭവിക്കുന്നവർക്ക് ആത്മാർത്ഥമായി സേവനം കാഴ്ചവയ്ക്കുവാൻ തലശ്ശേരി കെ സി വൈ എം യുവജനങ്ങൾക്ക് സാധിച്ചു. അതിരൂപത ഡയറക്ടർ ഫാ.സോണി വടശ്ശേരിയുടെ നേതൃത്വത്തിൽ 24-ാം തിയതി രാവിലെ മുതൽ വീടുകൾ ക്ലീൻചെയ്യാനും, മണ്ണിടിഞ്ഞുവീണ് കേടുപാടുകൾ സംഭവിച്ച വീടുകളിലെ മണ്ണുകൾ നീക്കം ചെയ്യാനും, 27 വീട്ടുകാരുടെ കിണർ വൃത്തിയാക്കി കുടിവെള്ളക്ഷാമം പരിഹരിക്കാനും, മേൽക്കൂര തകർന്നുവീണ വീടുകളുടെ ഭിത്തി പൊളിച്ചുനീക്കുവാനുമായി കഠിനാധ്വാനം ചെയ്തത് 75 ഓളം യുവജനങ്ങളായിരുന്നു. കാവുംമന്ദം ഇടവക വികാരി ഫാ. ബിജുവും കൈക്കാരന്മാരും കമ്മറ്റിക്കാരും ഏറെ സ്നേഹത്തോടെ സ്വീകരിക്കുകയും വേണ്ട ക്രമീകരണങ്ങൾ ഒരുക്കിതരികയും ചെയ്തു. പടിഞ്ഞാറെതറയിൽ നിന്നും യുവജനങ്ങൾ തലശ്ശേരിക്കാരോടൊപ്പം ഉണ്ടായിരുന്നു.

## റീബിൽഡ് കേരള - സ്നേഹ പ്രവാഹം

ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തത് എന്ന തിരുവചനം ഉൾക്കൊണ്ടുകൊണ്ട് തലശ്ശേരി അതിരൂപത

യുടെ മക്കൾ പ്രളയബാധിത പ്രദേശങ്ങളിലെല്ലാം ഓടിചെല്ലുവാനും മാനുഷിക മൂല്യങ്ങൾക്ക് വിലകൽപ്പിച്ചുകൊണ്ട് സേവനസന്നദ്ധരാകാനും സാധിച്ചു എന്നത് നന്ദിയോടെ ഓർക്കുന്നു. ഭക്ഷണവും വസ്ത്രവും കുടിവെള്ളവും ശേഖരിക്കാനും അത് എത്തിക്കുവാനും മഴ വകവയ്ക്കാതെ യുവജനങ്ങൾ വീടുകൾ കയറിയിറങ്ങി. അതോടൊപ്പം ഒരാഴ്ചയോളം താമസിച്ച് അനേകം വീടുകൾ വാസയോഗ്യമായി നല്കാനും കഠിനാധ്വാനം ചെയ്തു. വിവിധ ഇടവകകളിൽ നിന്നും പുറപ്പെട്ട എല്ല യുവജനങ്ങൾക്കും തലശ്ശേരി അതിരൂപതയുടെ നന്ദി അറിയിക്കുന്നു.

## അഗതി ദിനാചരണം

വെള്ളരിക്കുണ്ട് ഫൊറോനയുടെ ആതിഥേയത്വത്തിൽ ജീവജ്യോതി അഗതിമന്ദിരത്തിൽ വച്ച് സെപ്റ്റംബർ 2-ാം തിയതി വി. മദർതെരേസ അനുസ്മരണ ദിനം ആചരിച്ചു. വിവിധ ഫൊറോനകളിൽ നിന്നുമായി 68 യുവജനങ്ങൾ പങ്കെടുത്തു. പ്രാർത്ഥനയോടെ ആരംഭിച്ച അഗതിദിനത്തിൽ ജീവജ്യോതിയുടെ ആരംഭവും പിന്നിട്ട വഴികളും ഇന്നത്തെ നിലയുമെല്ലാം അനുഭവങ്ങളുടെ വെളിച്ചത്തിൽ ബഹു.ബ്രദർ യാക്കോബ് യുവജനങ്ങളോട് പങ്കുവച്ചു. അതിരൂപതാ ഡയറക്ടർ ഫാ.സോണി വടശ്ശേരിൽ, വെള്ളരിക്കുണ്ട് ഫൊറോന ഡയറക്ടർ ഫാ. റിമൽ ചെമ്പനാനിക്കൽ, അതിരൂപത പ്രസിഡന്റ് ശ്രീ. ജിതിൻ മുടപ്പാലയിൽ, ഫൊറോന പ്രസിഡന്റ് ശ്രീ. ടോണി ചേപ്പുകാലായിൽ എന്നിവർ നേതൃത്വം നല്കി. ജീവജ്യോതിയിലെ അന്തേവാസികളെ സന്ദർശിക്കാൻ അവസരം ഒരുക്കിതന്ന ബ്രദർ യാക്കോബിനും എല്ലാ ക്രമീകരണങ്ങളും ഒരുക്കിതന്ന ഫൊറോന ഡയറക്ടർ ബഹു. റിമൽ ചെമ്പനാനിക്കൽ അച്ചനും പ്രസിഡന്റ് ടോണിക്കും ടിം അംഗങ്ങൾക്കും ഇടവക വികാരി ഫാ. നിതിൻ പുഞ്ചത്തറപ്പേലിനും ഇടവക യുവജനങ്ങൾക്കും വിവിധ ഫൊറോനകളിൽനിന്നും വന്ന യുവജനസുഹൃത്തുക്കൾക്കും നന്ദി.

## ആർമി - യുവജന കൺവൻഷൻ ഉദ്ഘാടനം

തലശ്ശേരി അതിരൂപതാ യുവജന കൺവെൻഷൻ ആർമി സെപ്റ്റംബർ 9-ാം തിയതി ചെമ്പേരി വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജിൽ വച്ച് ചെമ്പേരി ഫൊറോന വികാരി റവ. ഫാ ജോർജ് കാഞ്ഞിരക്കാട്ട് ഉദ്ഘാടനം ചെയ്തു. ചെമ്പേരി, ചെമ്പന്തൊട്ടി, പൈസക്കരി ഫൊറോനകളിൽ നിന്നും രണ്ടായിരത്തോളം യുവജനങ്ങൾ പങ്കെടുത്തു. രാവിലെ 8.30 ന് ആരംഭിച്ച് 5.30 സമാപിച്ച കൺവെൻഷനിൽ വി.കുർബാന, മോട്ടിവേഷൻ ക്ലാസ്സുകൾ, മ്യൂസിക് മിനിസ്ട്രി, സ്കിറ്റ്, ആരാധന തുടങ്ങിയവ ഉൾപ്പെട്ടിരുന്നു. ജീസസ് യൂത്തിന്റെ പ്രഗൽഭരായ ടീമാണ് മനോഹരമായ മ്യൂസിക് മിനിസ്ട്രിക്ക് നേതൃത്വം നൽകിയത്. അതിരൂപത ഡയറക്ടർ ഫാ. സോണി വടശ്ശേരിൽ അതിരൂപത പ്രസിഡന്റ ശ്രീ ജിതിൻ മുടപ്പലയിൽ ഫൊറോന ഡയറക്ടർമാരായ ഫാ മനോജ് കൊച്ചുപുരക്കൽ,ഫാ ജോർജ് തൈകുന്നുംപുറം, ഫാ ജോർജ് ചേലമരം ഫൊറോന പ്രസിഡന്റുമാരായ ശ്രീ ജോമോൻ തുണ്ടത്തിൽ, ജോയൽ തൊട്ടിയിൽ, തോമസ് പാറമ്പുഴയിൽ എന്നിവർ നേതൃത്വം നല്കി.

## ആർമി - ചെറുപുഴ ഫൊറോന

ചെറുപുഴ ഫൊറോന യുവജന കൺവെൻഷൻ ആർമി സെപ്റ്റംബർ 23 ന് ഫൊറോന വികാരി റവ. ഫാ ജോർജ് വണ്ടർകുന്നേൽ ഉദ്ഘാടനം ചെയ്തു. 9 മണിയ്ക്ക് വി. കുർബാനയോടെ ആരംഭിച്ച് 4 മണിക്ക് ആരാധനയോടെ സമാപിച്ച കൺവെൻഷനിൽ 650 യുവജനങ്ങൾ പങ്കെടുത്തു. ഫാ. ആന്റണി വെട്ടിയാനിക്കൽ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. ജീസസ് യൂത്ത് ടീം മ്യൂസിക് മിനിസ്ട്രിക്ക് നേതൃത്വം നല്കി. ഏറെ പ്രതിസന്ധികൾ ഉണ്ടായിട്ടും ഈ കൺവെൻഷൻ ഏറ്റുനടത്തിയ ചെറുപുഴ ഫൊറോന ഡയറക്ടർ സ്റ്റാനി അച്ചനും, വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകി മുഴുവൻ സമയവും കൂടെ ഉണ്ടായിരുന്ന ചെറുപുഴ ഫൊറോന വികാരി ജോർജ് വണ്ടർകുന്നേൽ അച്ചനും, അസി. വികാരി ജോബിനച്ചനും, അതിരൂപതാ ഡയറക്ടർ സോണി വടശ്ശേരി അച്ചനും, ക്ലാസ്സും ആരാധനയും നടത്തിയ ആന്റണി വെട്ടിയാനിക്കലച്ചനും ടീം അംഗങ്ങൾക്കും, മ്യൂസിക് ടീമിനും, കൺവെൻഷനുവേണ്ടി കൃപാലയം വിട്ടുതരികയും എല്ലാ സഹായസഹകരണങ്ങളും ചെയ്തുതരികയും ചെ.യ്ത ബഹു. സിസ്റ്റേഴ്സിനും, ആർമിയുടെ വിജയത്തിനായി കഠിനാധ്വാനം ചെയ്ത ഫൊറോന പ്രസിഡന്റ് ബോണിമിക്കും ഫൊറോന സമിതി അംഗങ്ങൾക്കും, അതിരൂപതാ പ്രസിഡന്റ് ശ്രീ. ജിതിൻ മുടപ്പാലയ്ക്കും, യുവജന പ്രതിനിധിയായി ക്ലാസ്സെടുത്ത ശ്രീ. സിജോ അമ്പാട്ടിനും, എല്ലാ യുവജന സുഹൃത്തുക്കൾക്കും തലശ്ശേരി അതിരൂപതയുടെ നന്ദി അറിയിക്കുന്നു.

## ആർമി നടത്തുന്ന തീയതികൾ

| തീയതി | ഫൊറോന | സ്ഥലം |
|---|---|---|
| ഒക്ടോബർ 07 | വായാട്ടുപറമ്പ് | കരുണാപുരം |
| ,, 14 | കുന്നോത്ത് | |
| ,, 21 | തോമാപുരം, വെള്ളരിക്കുണ്ട്, കാഞ്ഞങ്ങാട് | ചട്ടമല |
| ,, 28 | എടൂർ | എടൂർ |

## വിവാഹാശംസകൾ

തലശ്ശേരി അതിരൂപതയിൽ കെസിവൈഎം ന്റെ രണ്ടു വർഷം രൂപതാ ഭാരവാഹിയായും 2018-2019 വർഷത്തെ സംസ്ഥാന സിന്റിക്കേറ്റുമായിരുന്ന കുമാരി ഡോണോയ്ക്കും വരൻ ജസ്റ്റിനും തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ വിവാഹാശംസകളും പ്രാർത്ഥനകളും നേരുന്നു.

സ്നേഹപൂർവ്വം,

**ഫാ. സോണി സ്ക്കറിയ വടശ്ശേരിൽ**
യുവജനപ്രേഷിതത്വം, ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

പ്രിയമുള്ള വൈദികരെ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ,

നാം ഓരോരുത്തരും ജീവിതത്തിലെ ആദ്യ ചുവടുകൾ വച്ചത് കുടുംബത്തിലാണ്. ഐക്യത്തോടെ ഒന്നിച്ചുജീവിക്കാനും സ്വാർത്ഥതയെ അതിജീവിക്കുവാനും ഭിന്നതകൾ മറികടക്കുവാനും സർവ്വോപരി ജീവിതത്തിന് അർത്ഥവും പൂർണ്ണതയും നൽകുന്ന മൂല്യങ്ങൾ തിരിച്ചറിയാനും തേടാനും എല്ലാം നാം പഠിച്ചത് കുടുംബത്തിലാണ്. വിവാഹത്തിലെ വിശ്വസ്തത, അവിഭാജ്യത, ഐക്യം, ജീവിതത്തോടുള്ള തുറവിഎന്നിവയാൽ മുദ്രിതമായ ഒരു ദാമ്പത്യസ്നേഹവും സാധ്യമാക്കുന്നത് എല്ലാ കാര്യങ്ങളും നവീകരിക്കുന്ന ക്രിസ്തുവിന്റെ സ്നേഹമാണ്. ക്രിസ്തു സ്നേഹത്തിന് സാക്ഷ്യം വഹിക്കുവാനും ആവശ്യത്തിലിരിക്കുന്ന സഹോദരങ്ങളിലേക്ക് കടന്നുചെല്ലുവാനും നമ്മെ പ്രാപ്തരാക്കുന്ന ദൈവകരുണയിലാകർഷിച്ച് നമ്മുടെ പ്രവർത്തനങ്ങളെ ദൈവോന്മുഖമാക്കി നമുക്ക് മുന്നോട്ട് നീങ്ങാം. ഒക്ടോബർ - ജപമാല മാസം മാതൃത്വത്തിന്റെ ആയുധങ്ങളായി ജപമാലകൾ കൈയ്യിലേന്തി പരി. മറിയത്തിന്റെ മാദ്ധ്യസ്ഥം തേടി പ്രാർത്ഥിക്കാം.

## I. 1) ദിയാക്കോണിയ പ്രോഗ്രാം - ശുചീകരണം

പൊതുസ്ഥലങ്ങൾ, സ്ഥാപനങ്ങൾ, പള്ളി, പള്ളിപരിസരങ്ങൾ എന്നിവകുടുംബനാഥൻമാരെയും യുവജനങ്ങളെയും, കുട്ടികളെയുംകൂടി സഹകരിപ്പിച്ച് വൃത്തിയാക്കാൻ പരിശ്രമിക്കുക. പൊതുസ്ഥാപനങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, ഗവ:സ്ഥാപനങ്ങൾ, ആശുപത്രികൾ തുടങ്ങിയ ഇടങ്ങളിൽ ശുചീകരിക്കാൻ ശ്രദ്ധിക്കുക.

### 2) ദമ്പതീ ക്വിസ്

തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ദമ്പതികൾക്കായി ഒരു ക്വിസ് പ്രോഗ്രാം ഒരുക്കുന്നുണ്ട്. ഭാര്യാ ഭർത്താക്കന്മാർ ഒരുമിച്ച് പഠിച്ചെഴുതാനായി നടത്തുന്ന ഈ ക്വിസ് പരിപാടിയിൽ താൽപര്യപൂർവ്വം പങ്കുകൊള്ളാൻ ദമ്പതികളായവരെ ക്ഷണിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഈ വിവരം പള്ളികളിൽ അറിയിച്ച് ആനിമേറ്റർമാരുടെ സഹായത്തോടെ ടീമിനെ പഠിപ്പിച്ചൊരുക്കുമല്ലോ. ഇതിലേക്കാവശ്യമായ പുസ്തകങ്ങൾ ഫാമിലി അപ്പസ്റ്റൊലേറ്റ് ഓഫീസിൽ ലഭ്യമാക്കുന്നതാണ്. ഇടവകയിലെ ഒരു ടീമിനാണ് രൂപതയിൽ മത്സരിക്കുവാൻ സാധിക്കുകയുള്ളൂ. കൂടുതൽ പേർ മത്സരിക്കുവനുണ്ടെങ്കിൽ ഇടവകാതലത്തിൽ മത്സരങ്ങൾ നടത്തി വിജയികളായ ദമ്പതികളിൽ ഒരു ടീമിനെ രൂപതയിലേക്ക് പറഞ്ഞുവിടുമല്ലോ.

**പഠനഭാഗം : വിശുദ്ധ ദമ്പതികൾ**
**സ്നേഹത്തിന്റെ ആനന്ദം : 4, 7 അദ്ധ്യായങ്ങൾ.**
**മത്സര ദിവസം : നവംബർ 10 ശനി**
**രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി : ഒക്ടോബർ 31**
**രജിസ്ട്രേഷൻ ഫീസ് : 100 രൂപ**
**ഒന്നാം സമ്മാനം : 5001 രൂപ**
**രണ്ടാം സമ്മാനം : 3001 രൂപ**
**മൂന്നാം സമ്മാനം : 2001 രൂപ**
**നാലാം സമ്മാനം : 1500 രൂപ**
**അഞ്ചാം സമ്മാനം : 1000 രൂപ**

### 3) സഖറിയാസ് കൺവെൻഷൻ

60 വയസ്സിന് മുകളിൽ പ്രായമുള്ള ദമ്പതികൾക്കു വേണ്ടി ഫാമിലി അപ്പൊസ്റ്റൊലേറ്റ് മലബാർ ക്രിസ്റ്റീൻ മിനിസ്ട്രിയോട് ചേർന്ന് നടത്തുന്ന ധ്യാനം - സഖറിയാസ് കൺവെൻഷൻ ഒക്ടോബർ 23,24,25 തിയ്യതികളിൽ ചെമ്പേരി ഫൊറോനയിൽ വച്ച് നടത്തപ്പെടുന്നു. ദമ്പതികളെ കണ്ടെത്തുന്നതിനും കൺവെൻഷനിൽ പങ്കെടുപ്പിക്കുന്നതിനും മാതൃവേദി അംഗങ്ങൾ സഹകരിക്കുക.

## എടൂർ

ആഗസ്റ്റ് 29,30, 31 തിയ്യതികളിൽ എടൂർ മേഖലയിൽ വച്ച് സഖറിയാസ് ധ്യാനം നടത്തപ്പെട്ടു. ഏകദേശം 650 ഓളം പേർ പങ്കെടുത്ത കൺവെൻഷൻ വിജയിപ്പിക്കുന്നതിനായി മാതൃവേദി അംഗങ്ങൾ നന്നായി സഹകരിച്ചു. അഭിവന്ദ്യമാർ ജോസഫ് പാംപ്ലാനി, എടൂർ ഫൊറോന വികാരി റവ.ഫാ.ആന്റണി മുതുകുന്നേൽ, ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ എന്നിവർ വിവിധ ദിവസങ്ങളിൽ വി.കുർബ്ബാനയർപ്പിച്ച് സന്ദേശം നൽകി. കൺവെൻഷനൊരുക്കമായി ഹോം മിഷൻ നടത്തുകയും ആ ദിവസങ്ങളിൽ പൂർണ്ണമായ സേവനം നൽകുകയും ചെയ്ത എടൂർ മേഖലാ മാതൃവേദി പ്രവർത്തകരെ മുഴുവൻ അഭിനന്ദിക്കുന്നു. കൺവെൻഷനു നേതൃത്വം നൽകിയ മലബാർ ക്രിസ്റ്റീൻ ടീം അംഗങ്ങൾക്ക് നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

## II. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

827, 828 എന്നീ എം.പി.സി കോഴ്സുകൾ ആഗസ്റ്റ് 21-23, സെപ്റ്റംബർ 11-13 എന്നീ തീയ്യതികളിൽ തലശ്ശേരി സന്ദേശഭവൻ , പടന്നക്കാട് ഗുഡ്ഷെപ്പേർഡ് പാസ്റ്ററൽ സെന്റർ എന്നീ സ്ഥലങ്ങളിൽ വച്ച് നടക്കുകയുണ്ടായി. രണ്ട് കോഴ്സുകളിലായി 106 ആൺകുട്ടികളും 105 പെൺകുട്ടികളും ഉൾപ്പെടെ ആകെ 211 പേർ കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി.

### 1) എം.പി.സി പേരന്റ്സ് മീറ്റ്

തലശ്ശേരി സന്ദേശഭവനിൽ വച്ച് ആഗസ്റ്റ് 23, സെപ്റ്റംബർ 13 എന്നീ തീയ്യതികളിൽ എം പി സി 827, 828 എന്നീ കോഴ്സുകളിൽ സംബന്ധിച്ച

വരുടെ മാതാപിതാക്കൾക്ക് ക്ലാസ്സ് നടത്തുകയുണ്ടായി. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ക്ലാസ്സ് നയിച്ചു.

### 2) പ്രീ മാരിറ്റൽ കൗൺസലിംഗ്

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 826, 827 എം.പി.സി കോഴ്സുകളിൽ സംബന്ധിച്ചവരിൽ നിന്നും ആവശ്യപ്പെട്ടതനുസരിച്ച് 30 പേർക്ക് പ്രീ-മാരിറ്റൽ കൗൺസലിംഗ് നടത്തി വിവാഹത്തിനായി ഒരുക്കി.

### 3. MPC - 2018

| MONTH | SANDESABHAVAN | PADANNAKKAD | PERAVOOR |
|---|---|---|---|
| OCTOBER | 9 - 11 | Nil | 23 - 25 |
| NOVEMBER | 6 - 8, 27 - 29 | 13 - 15 | Nil |
| DECEMBER | 4 - 6 | 11 - 13 | 18 - 20 |

### പ്രത്യേക ശ്രദ്ധയ്ക്ക്:-

**1.** കെ.സി.ബി.സി ഫാമിലി കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം എം.പി.സി യുടെ സമാപനദിനം ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കു വേണ്ടി ക്ലാസ് ഉണ്ടായിരിക്കും. കോഴ്സ് സർട്ടിഫിക്കറ്റ് മാതാപിതാക്കളുടെ കൈയ്യിലാണ് നൽകുക. മാതാപിതാക്കൾ നിർബന്ധമായും ഈ ക്ലാസിൽ പങ്കെടുക്കേണ്ടതാണ്. **മാതാപിതാക്കൾ രണ്ടുപേരും ഈ ക്ലാസിൽ സംബന്ധിക്കാൻ സാധിക്കാത്ത ഗൗരവമായ കാരണങ്ങൾ ഉണ്ടെങ്കിൽ വികാരിയച്ചന്മാരുടെ കത്തിൽ അക്കാര്യം സൂചിപ്പിക്കുകയോ വികാരിയച്ചന്മാർ നേരിൽ വിളിച്ചറിയിക്കുകയോ ചെയ്യേണ്ടതാണ്. ഇക്കാര്യം വികാരിയച്ചന്മാർ പള്ളികളിൽ അറിയിക്കുമല്ലോ.**

- കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ www.familytly.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ.
- ആഗസ്റ്റ് മാസം മുതൽ എം.പി.സി യുടെ ഫീസ് 1100 രൂപയായിരിക്കും. ഇനി മുതൽ Online Registration ചെയ്യുമ്പോൾ Reg.Fee 600 രൂപ അടയ്ക്കേണ്ടതാണ്.
- Online Registration നടത്തുമ്പോൾ ഫീസ് ബാങ്കിൽ അടക്കുന്നവർ Bank Transfer Receipt ന്റെ Screen shot അയച്ചുതരിക/Bank Transfer Receipt സൈറ്റിൽ അപ്ലോഡ് ചെയ്യുക.
- Mobile transaction നടത്തുന്നവർ Payment ന്റെ Screen shot അയച്ചുതരിക. അതോടൊപ്പം രജിസ്ട്രേഷൻ നടത്തിയ നമ്പർ അയക്കുക.
- നേരിട്ട് ഓഫീസിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് രജിസ്ട്രേഷൻ സ്ലിപ്പ് നൽകുന്നതായിരിക്കും. കോഴ്സിന് പങ്കെടുക്കുവാൻ വരുമ്പോൾ രജിസ്ട്രേഷൻ നടത്തിയതിന്റെ രേഖയും ബാക്കി 500 രൂപയും കൊണ്ടുവരിക.

**Family Apostolate**
**Contact Number: 0490 2343414, Mob: 9400206974**
**Account Details :**
**Name : Director Family Apostolate**
**A/c No : 0078053000073775**
**IFSC Code: SIBL0000078**

**MPC - 2019**

| MONTH | SANDESABHAVAN | PADANNAKKAD | PERAVOOR |
|---|---|---|---|
| JANUARY | 8 - 10 22 – 24 | 15 - 17 | |
| FEBRUARY | 5 - 7 | 26 – 28 | Nil |
| MARCH | 5 – 7 | 12 – 14 | 26 - 28 |
| APRIL | 2 – 4, 23 - 25 | Nil | 9 - 11 |
| MAY | 21 - 23 | 7 - 9 | Nil |
| JUNE | 25 - 27 | 11 - 13 | Nil |
| JULY | 9 – 11 | Nil | 23 - 25 |
| AUGUST | 6 – 8, 27 – 29 | Nil | Nil |
| SEPTEMBER | 24 – 26 | 17 – 19 | Nil |
| OCTOBER | 15 – 17 | Nil | 29 - 31 |
| NOVEMBER | 5 – 7 | 12 – 14 | 26 - 28 |
| DECEMBER | 3 – 5 | 17 – 19 | 10 – 12 |

## III. മാതൃവേദി

### 1) ശുചിത്വം

പൊതുസ്ഥലങ്ങൾ, സ്ഥാപനങ്ങൾ, പള്ളി, പള്ളിപരിസരങ്ങൾ എന്നിവ കുടുംബനാഥൻമാരെയും യുവജനങ്ങളെയും, കുട്ടികളെയും കൂടി സഹകരിപ്പിച്ച് വൃത്തിയാക്കാൻ പരിശ്രമിക്കുക.

### 2) ഹരിതം 2018

മുൻ വർഷങ്ങളിൽ നാം നടത്തി വന്ന ഹരിതം എന്ന ജൈവ പച്ചക്കറിത്തോട്ട നിർമ്മാണം കുറേക്കൂടി വിപുലമായി ഈ വർഷം നടത്തുവാൻ ശ്രദ്ധിക്കുക. നാം ജീവിക്കുന്ന പ്രപഞ്ചത്തിന്റെയും നമ്മോടൊത്തു കഴിയുന്നവരുടെ ജീവന്റെയും സംരക്ഷകരാണ് നമ്മൾ എന്ന തിരിച്ചറിവിൽ നിന്നുകൊണ്ട് ഈ ജനുവരി മാസത്തിൽ അമ്മമാർ പരമാവധി പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, പൂച്ചെടികൾ, കിഴങ്ങുവർഗ്ഗങ്ങൾ, ഔഷധസസ്യങ്ങൾ, മറ്റുവൃക്ഷങ്ങൾ എന്നിവ നട്ടുവളർത്താൻ ശ്രദ്ധിക്കുക. ജൈവ വളങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഈ കൃഷികളിലൂടെ ഭക്ഷ്യസ്വയംപര്യാപ്തതയിലേക്ക് എത്തുവാനും ജീവന്റെയും പ്രപഞ്ചത്തിന്റെയും കാവലാളുകളായി തീരുവാനും നമ്മുക്ക് കഴിയണം. മേഖലാ, ശാഖാ ഭാരവാഹികളുടെ നേതൃത്വത്തിൽ വിത്തുകളും വിവിധ ഇനം തൈകളും എത്തിച്ച് കൊടുത്ത് മാറ്റാൾ പണി

യിലൂടെയും കൂട്ടായ പ്രവർത്തനങ്ങളിലൂടെയും ഇത് വിജയകരകമായി നട പ്പിലാക്കാനും എല്ലാ കുടുംബങ്ങളെയും ഇതിൽ ഉൾച്ചേർക്കാനും ശ്രദ്ധിക്ക ണെ.ഏറ്റവും കൂടുതൽ ഇനം പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, പഴവർഗ്ഗ ങ്ങൾ, ഔഷധസസ്യങ്ങൾ എന്നിവ നട്ടുവളർത്തി നല്ല അടുക്കളത്തോട്ടം ഉണ്ടാക്കുന്നവർക്ക് രൂപതാതലത്തിൽ പ്രത്യേക സമ്മാനം നൽകുന്നതാണ്.

## 3) ജ്വാല - പൈസക്കരി

2018 സെപ്റ്റംബർ 15 ന് ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1.30 വരെ പൈസക്കരി മേഖലയുടെ ജ്വാല പ്രോഗ്രാം ചന്ദനക്കാംപാറ ദേവാ ലയത്തിൽ വച്ച് നടന്നു. പൈസക്കരി മേഖല മാതൃവേദി ഡയറക്ടർ ഫാ. ജോസഫ് നിരപ്പേൽ സ്വാഗതം ആശംസിച്ചു. പൈസക്കരി മേഖലാ പ്രസി ഡണ്ട് ശ്രീമതി ബീന മുളക്കൽ ചടങ്ങിന് അദ്ധ്യക്ഷത വഹിച്ചു. ചന്ദനക്കാം പാറ അസി. വികാരി ഫാ. പ്രിയേഷ് പുതുശ്ശേരി ചടങ്ങ് ഉദ്ഘാടനം ചെയ്തു. തലശ്ശേരി ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടി യപ്പാറ, സി. ലിയ റോസ് സി.എച്ച്.എഫ്, ബ്ര. സച്ചിൻ കരക്കൊഴുപ്പിൽ എന്നി വർ ആശംസകളർപ്പിച്ച് സംസാരിച്ചു. തുടർന്ന് ശ്രീ.ടി.എം ജോസ് തയ്യിൽ ക്ലാസ്സ് നയിച്ചു. പൈസക്കരി മേഖലാ സെക്രട്ടറി ശ്രീമതി മോളി ചെറുവ ള്ളിൽ റിപ്പോർട്ടും മേഖലാ ട്രഷറർ ശ്രീമതി ഉഷ തടത്തിൽ കണക്കും അവ തരിപ്പിച്ചു. പൈസക്കരി മേഖലാ ജോ. സെക്രട്ടറി പുഷ്പ കൊച്ചുപൊങ്ങ നാൽ ഏവർക്കും നന്ദിയർപ്പിക്കുകയും ചെയ്തു. ജ്വാല പ്രോഗ്രാം നന്നായി നടത്തുവാൻ സഹകരിച്ച പൈസക്കരി മേഖലയ്ക്കും ഭാരവാഹികൾക്കും ചന്ദനക്കാംപാറ യൂണിറ്റിനും അനുമോദനങ്ങൾ.

## 4) സന്ദർശനം - സാന്ത്വനം, പ്രീസ്റ്റ് ഹോം

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ മാതൃവേദി അതിരൂ പതാ ഭാരവാഹികളും മരിയൻ സിംഗിൾസിലെ അംഗങ്ങളും കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽ വിശ്രമത്തിലായിരിക്കുന്ന ബഹു.വൈദികരെ സന്ദർശിക്കു കയും അവരോടൊത്ത് സമയം ചിലവഴിക്കുകയും ചെയ്തു. തുടർന്ന് മാതൃ വേദി ഭാരവാഹികൾ, അതിരൂപതാ ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയ പ്പാറ, സി.ലിയ റോസ് സി.എച്ച്.എഫ്, ബ്രദർ സച്ചിൻ എന്നിവരോടൊന്നിച്ച് ചെമ്പേരി സാന്ത്വനത്തിൽ കഴിയുന്നവരെ സന്ദർശിക്കുകയും രോഗാവസ്ഥയി ലായിരിക്കുന്നവരെ ആശ്വസിപ്പിക്കുകയും ചെയ്തു.

## മാതൃവേദി പ്രോഗ്രാംസ് - ഒക്ടോബർ

ഒക്ടോബർ 6 - ജ്വാല - പനത്തടി

ഒക്ടോബർ 13 - എക്സിക്യൂട്ടീവ് മീറ്റിംഗ് - തലശ്ശേരി

ജ്വാല പ്രോഗ്രാമുകൾക്ക് പങ്കെടുക്കുമ്പോൾ യൂണിറ്റുകളുടെ റിക്കാർഡുകളും പരിശോധനയ്ക്ക് കൊണ്ടുവരേണ്ടതാണ്.

## 5) ബിബ്ലിയ - 2018

2018 വർഷത്തെ മാതൃവേദിബൈബിൾക്വിസ്മത്സരംതലശ്ശേരിസന്ദേശ വനിൽവച്ച്ആഗസ്റ്റ് 28 ചൊവ്വാഴ്ച നടത്തപ്പെട്ടു. ബിബ്ലിയ 2018 എന്ന പേരിൽ

നടത്തപ്പെട്ട പരിപാടിക്ക് നേതൃത്വം നൽകിയ ഫാ.ജേക്കബ് വെണ്ണായിപ്പള്ളി അച്ചനും മത്സരത്തിൽ പങ്കെടുത്ത 15 മേഖലകളിൽ നിന്നുമുള്ള അമ്മമാർക്കും വിജയികളായവർക്കുംഅതിരൂപതാ ഫാമിലിഅപ്പൊസ്റ്റൊലേറ്റിന്റെ അഭിനന്ദനങ്ങൾ.

**അതിരൂപതാമാതൃവേദിബൈബിൾക്വിസ് ബിബ്ലിയ 2018 ൽ വിജയികളായവർ :**

ഒന്നാം സമ്മാനം :റജീന ഈന്തനാകുന്നേൽ - ചെമ്പേരി - ദീപഗിരി

രണ്ടാം സമ്മാനം : എൽസമ്മ തോണക്കര - വെള്ളരിക്കുണ്ട് - മാലോം

പ്രോത്സാഹന സമ്മാനങ്ങൾ : അൽഫോൻസ തടവനാൽ - ആലക്കോട് - പരപ്പ

: ബീന കിഴക്കേൽ - പേരാവൂർ - പേരാവൂർ

## 6) അതിരൂപതാ മാതൃവേദി സാഹിത്യമത്സരവിജയികൾ - 2018

## ചിത്രരചന - ജൂനിയർ

ഒന്നാം സമ്മാനം : ത്രേസ്യാമ്മ ആലക്കൽ - എടൂർ - വെളിമാനം

രണ്ടാം സമ്മാനം : സാനി മടിയത്ത് - പേരാവൂർ - മഞ്ഞളാംപുറം

പ്രോത്സാഹന സമ്മാനങ്ങൾ:സിസിലി കുമ്പളാനിയിൽ-തോമാപുരം-കടുമേനി

ജിനോ പോണാട്ട് - പൈസക്കരി - പൈസക്കരി

സ്വപ്ന കളയംന്താനം - ആലക്കോട് - ഉദയഗിരി

ലീന എലിപുലിക്കാട്ട് - ചെറുപുഴ - ജോസ്ഗിരി

## ചിത്രരചന - സീനിയർ

ഒന്നാം സമ്മാനം : സ്റ്റെല്ല മരിയ പറക്കളശ്ശേരിയിൽ-കുന്നോത്ത് - കുന്നോത്ത്

രണ്ടാം സമ്മാനം : ഡെന്നീസ് പറമ്പുകാട്ടിൽ - എടൂർ - എടൂർ

പ്രോത്സാഹന സമ്മാനങ്ങൾ : കാതറിൻ മരോട്ടിമൂട്ടിൽ-പേരാവൂർ-പൂളക്കുറ്റി

സാലി കോയിപ്പറമ്പിൽ - ചെമ്പന്തൊട്ടി - വിളക്കന്നൂർ

## 7) ഡയറക്ടറച്ചന്റെ യൂണിറ്റ് സന്ദർശങ്ങൾ

**പൊട്ടംപ്ലാവ്:** ആഗസ്റ്റ് 31 വെള്ളിയാഴ്ച പൊട്ടൻപ്ലാവ് യൂണിറ്റ് സന്ദർശിച്ച് മാതൃവേദി അംഗങ്ങൾക്ക് ക്ലാസ് നൽകി. സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പൊട്ടംപ്ലാവ് യൂണിറ്റിന് പ്രത്യേകഅഭിനന്ദനങ്ങൾ.

**ചേപ്പറമ്പ് :** ചേപ്പറമ്പ് ഇടവകയിൽവി.കുർബ്ബാനയർപ്പിച്ച്സന്ദേശം നൽകി. വിവിധസംഘടന ഭാരവാഹികളുടെ മീറ്റിംഗിൽ ഡയറക്ടറച്ചൻ ദിയാക്കോണിയ പ്രവർത്തനങ്ങൾ വിലയിരുത്തുകയും മാതൃവേദിയുടെ സജീവ പ്രവർത്തനങ്ങളെഅഭിനന്ദിക്കുകയുംചെയ്തു.

**മേഖലാ ജനറൽബോഡി - ചെമ്പന്തൊട്ടി:** സെപ്റ്റംബർ 1ന് ചെമ്പന്തൊട്ടി മേഖലാ ജനറൽബോഡിയിൽ പങ്കെടുത്ത്മേഖലാ പ്രവർത്തനങ്ങളെവിലയിരുത്തി. മേഖലാഭാരവാഹികൾ മുഴുവൻ പങ്കുചേർന്ന മീറ്റിംഗിൽ ഡയറക്ടറച്ചൻ സന്ദേശം നൽകി. ഉത്സാഹത്തോടെ പ്രവർത്തിക്കുന്ന മേഖലാ പ്രവർത്തനങ്ങൾക്ക് അഭിനന്ദനം അർപ്പിച്ചു.

**സമ്പൂർണ്ണ മാതൃവേദി-പെരുമ്പടവ് :** പെരുമ്പടവ് ഇടവകയിൽ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ വി. കുർബ്ബാനയർപ്പിച്ച് മാതൃദിനാഘോഷങ്ങളിൽ പങ്കുചേർന്നു. തുടർന്ന് പെരുമ്പടവ് യൂണിറ്റ് സമ്പൂർണ്ണ മാതൃവേദിയായി പ്രഖ്യാപിച്ചു. ഭാരവാഹികൾ ഇടവകയിലെ മുഴുവൻ മാതൃവേദി അംഗങ്ങളുടെയും ലിസ്റ്റ് ഡയറക്ടർക്ക് സമർപ്പിക്കുകയും ദുരിതാശ്വാസ ഫണ്ട് കൈമാറുകയും ചെയ്തു. ഇടവക വികാരി ഫാ. ഫിലിപ്പ് ഇരുപ്പക്കാട്ടിലിനും ആനിമേറ്റർ സിസ്റ്ററിനും ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

## 8) തൂവാനീസ

കെ.എസ്.ടി യുടെ കീഴിൽ പ്രവർത്തിക്കുന്ന തൂവാനീസ (ഭാഗ്യവതി) മിനിസ്ട്രിയോട് സഹകരിച്ച് മാതൃവേദി അംഗങ്ങളും ചെയിൻ റോസറി നടത്തി സഭയുടെ നിയോഗങ്ങൾക്കായി പ്രാർത്ഥിക്കണമെന്ന് അഭിവന്ദ്യപിതാക്കന്മാർ ആഗ്രഹിക്കുന്നു. വെഞ്ചരിച്ച ജപമാലകൾ കൈമാറി തുടർച്ചയായി നടത്തുന്ന ജപമാലകൾ മാതൃവേദി അംഗങ്ങളുടെ പ്രാർത്ഥനാ ചൈതന്യം പോഷിപ്പിക്കുവാൻ സഹായകമാണ്

## 9) അറിയിപ്പുകൾ

1) ഓരോ യൂണിറ്റിലും ഹരിതം 2018 ൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് കളക്റ്റ് ചെയ്ത് മേഖലയിൽ ഏൽപ്പിക്കുക.
2) ഡിസംബർ മാസത്തിൽ നടക്കുന്ന ജീവോത്സവത്തിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് ശേഖരിച്ച് ഒക്ടോബർ 30 നകം മേഖലയിൽ എത്തിക്കുക.
3) എല്ലാ മേഖലകളും ഓരോ വാട്ട്സ് ആപ്പ് ഗ്രൂപ്പ് ആരംഭിച്ച് ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഗ്രൂപ്പുമായി ബന്ധിപ്പിക്കുക.
4) ബാഡ്ജ് ആവശ്യമുള്ളവർ നേരത്തെതന്നെ ഓഫീസിൽ വിളിച്ചറിയിക്കുക.
5) ദമ്പതീ ക്വിസ്സിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഒക്ടോബർ 15 ന് മുമ്പ് അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## 10) ഫാമിലിഅപ്പൊസ്റ്റൊലേറ്റ്കലണ്ടർ - 2019

ഫാമിലിഅപ്പൊസ്റ്റൊലേറ്റിന്റെ 2019 വർഷത്തെ കലണ്ടർ പ്രസിദ്ധീകരിച്ച് മാതൃവേദിയുടെമേഖലാ കേന്ദ്രങ്ങളിൽഏല്പിച്ചിട്ടുണ്ട്. വികാരിയച്ചന്മാർചാരിറ്റി കളക്ഷനായിമാതൃവേദിയൂണിറ്റുകൾക്ക്ഇത് ഉപയോഗിക്കുന്നതിനെക്കുറിച്ച് പള്ളിയിലറിയിക്കുമല്ലോ. 1 കലണ്ടറിന് 15 രൂപ വീതംമേഖലാതലത്തിൽശേഖരിച്ച്ഒക്ടോബർ 25 ന് മുമ്പ് രൂപതാകേന്ദ്രത്തിൽഎത്തിക്കാൻ ശ്രദ്ധിക്കണെ.

## 11) ദുരിതാശ്വാസ ഫണ്ട്

സെപ്റ്റംബർ 8ന് മാതൃദിനത്തോടനുബന്ധിച്ച് ഇടവകകളിൽ സമർപ്പണം നടത്തിയത് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കുവാൻ നേരത്തെ അറിയിച്ചിരുന്നുവല്ലോ. അതിൻ പ്രകാരം ചെറുപുഴ(56325), എടൂർ(10500),മേഖലകളിൽ നിന്നും പെരുമ്പടവ് (5000) തലശ്ശേരി (20,000)

എന്നീ യൂണിറ്റുകളിൽ നിന്നുമായി 91825 രൂപ ഇതിനോടകം അതിരൂപതാ കേന്ദ്രത്തിൽ എത്തിച്ചു. താൽപര്യപൂർവ്വം കാരുണ്യപ്രവർത്തനങ്ങളിൽ സഹകരിച്ചുകൊണ്ടിരിക്കുന്ന ഏവരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

## IV) ദ്വിദിന കൺവെൻഷൻ

അതിരൂപതാ ഫാമിലിഅപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽഅതിരൂപതയിലെ ഏകസ്ഥ ജീവിതം നയിക്കുന്ന മരിയൻ സിംഗിൾസിനു വേണ്ടി ഒക്ടോബർ 19-ാം തിയ്യതി 4 മണിമുതൽ 20ന് ഉച്ചയ്ക്ക് 1 മണിവരെ ദ്വിദിന കൺവെൻഷൻ തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തപ്പെടുന്നു. എല്ലാമേഖലകളിൽ നിന്നുമുള്ള മാതൃവേദി അംഗങ്ങൾ ഏകസ്ഥജീവിതം നയിക്കുന്നവരെ പറഞ്ഞയക്കാൻ പ്രത്യേകം ശ്രദ്ധിക്കണെ.

## V) കാരുണ്യസംഗമം - പേരാവൂർ

സെപ്റ്റംബർ ദിയാക്കോണിയ പ്രവർത്തനത്തോടനുബന്ധിച്ച് തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തിയകാരുണ്യസംഗമത്തിന് പേരാവൂർ മേഖല ആഥിത്യം വഹിച്ചു. 24.09.2018 തിങ്കളാഴ്ച നടന്ന സംഗമത്തിൽ ഫാമിലി അപ്പൊസ്റ്റൊലേറ്റ്ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ അദ്ധ്യക്ഷം വഹിച്ചു. തലശ്ശേരിഅതിരൂപതാവികാരി ജനറാൾ മോൺ. അലക്സ് താരാമംഗലം സമ്മേളനം ഉദ്ഘാടനം ചെയ്തു. പേരാവൂർ മേഖലാഡയറക്ടർ ഫാ.അനീഷ് കുളത്തറ സ്വാഗതം ആശംസിച്ച സംഗമത്തിൽ മേഖലാ ആനിമേറ്റർ സി.എത്സി ജെയിംസ് എസ്.എച്ച്, മേഖലാ പ്രസിഡണ്ട് ശ്രീമതി ബീന കിഴക്കയിൽ എന്നിവർ ആശംസകളർപ്പിച്ചു. തുടർന്ന് കാരുണ്യസംഗമത്തിൽ പങ്കെടുത്ത കാരുണ്യ ശുശ്രൂഷകരെ ഷോൾ അണിയിച്ച് ആദരിക്കുകയും മൊമന്റോ നൽകുകയും ചെയ്തു. തലശ്ശേരിരൂപതയിലെ വിവിധ അഗതിശുശ്രൂഷാ കേന്ദ്രങ്ങളിലെ ശുശ്രൂഷകർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവയ്ക്കുകയും ഈ സംഗമം സംഘടിപ്പിച്ച മാതൃവേദി അംഗങ്ങൾക്ക് നന്ദിയർപ്പിക്കുകയും ചെയ്തു. മാതൃവേദി പേരാവൂർ മേഖലാ സെക്രട്ടറി ശ്രീമതി മേരി പ്ലാത്താനം ഏവർക്കും നന്ദി പ്രകാശിപ്പിച്ചു. തുടർന്ന് സ്നേഹ വിരുന്നോടുകൂടി സംഗമം സമാപിച്ചു. ഈ സ്നേഹ സംഗമം സംഘടിപ്പിക്കുവാൻ നേതൃത്വം നൽകിയ പേരാവൂർ മേഖലയുടെ മാതൃവേദി അംഗങ്ങളെ നന്ദിയോടെ അനുസ്മരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു.

## 14) സ്വാഗതം

അതിരൂപതാ ഫാമിലി അപ്പസ്റ്റൊലേറ്റിന്റെ പുതിയ റീജന്റ് ബ്രദറായി കടന്നുവന്നിരിക്കുന്ന ബ്രദർ സച്ചിൻ കരക്കൊഴുപ്പിലിന് ഫാമിലി അപ്പസ്റ്റൊലേറ്റ് അംഗങ്ങളുടെ ഹൃദയപൂർവ്വകമായ സ്വാഗതവും, പ്രാർത്ഥനാശംസകളും സ്നേഹപൂർവ്വം നേരുന്നു.

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ, ഫാമിലി അപ്പൊസ്റ്റൊലേറ്റ്

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## ആദരാഞ്ജലികൾ

കരിക്കോട്ടക്കരി സെന്റ് തോമസ് ഹൈസ്കൂളിലെ അധ്യാപികയായ ശ്രീമതി മേരി എം.പി 29.07.2018 ന് മരിച്ചു. മേരി എം. പി ടീച്ചറിന്റെ വേർപാടിൽ അനുശോചനമറിയിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

## പുതിയ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ

1) പൊതുയോഗ തീരുമാനം ഉണ്ടായിരിക്കണം. കൂരിയായിൽ നിന്നും കോർപ്പറേറ്റിൽ നിന്നും അനുവാദം മേടിക്കണം

2) സ്കൂൾ നിർമ്മാണത്തിന് കൈക്കാരന്മാർ ഉൾപ്പെടുന്ന ഒരു നിർമ്മാണ കമ്മിറ്റി ഉണ്ടായിരിക്കണം.

3) നിർമ്മിക്കേണ്ട സൈറ്റിനെക്കുറിച്ച് തീരുമാനമായതിനുശേഷം പ്രാരംഭ പ്ലാൻ കോർപ്പറേറ്റ് മാനേജരുമായി ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

4) പ്ലാൻ നിർമ്മാണകമ്മിറ്റിയുടെയും പള്ളി കമ്മിറ്റിയുടെയും അംഗീകാരം തേടിയതിനുശേഷം ബഹു.വികാരി അച്ചന്റെ കവറിംഗ് ലെറ്ററോടുകൂടി ഒരു കോപ്പി കൂരിയായിലേക്കും ഒരു കോപ്പി ഓഫീസിലേക്കും നൽകണം.

5) ക്ലാസ് റൂമുകൾക്ക് സർക്കാർ നിശ്ചയിച്ചിരിക്കുന്ന അളവുകൾ പ്ലാനിൽ മാത്രമല്ല നിർമ്മിക്കുമ്പോഴും ഉണ്ടെന്ന് ഉറപ്പ് വരുത്തണം. ചിലപ്പോൾ നിർമ്മാണം പൂർത്തിയാകുമ്പോൾ എഞ്ചിനീയർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് തന്നാലും അളവ് കൃത്യമായിട്ടില്ല എന്ന കാരണത്താൽ വിദ്യാഭ്യാസ ഓഫീസർമാർ കെട്ടിടം ഉപയോഗിക്കുന്നതിന് തടസ്സവാദം ഉന്നയിക്കാറുണ്ട്. എൽ.പി വിഭാഗത്തിനും, യു.പി, ഹൈസ്കൂൾ വിഭാഗങ്ങൾക്കും ക്ലാസ് റൂം ഉയരത്തിൽ വ്യത്യാസം ഉണ്ട് എന്ന കാര്യം ശ്രദ്ധിക്കുമല്ലോ.

6) നിലവിലുള്ള കെട്ടിടം പൂർണ്ണമായോ, ഭാഗികമായോ പൊളിച്ചിട്ടാണ് പുതിയ കെട്ടിടം പണിയേണ്ടതെങ്കിൽ വിദ്യാഭ്യാസ ഓഫീസർമാരിൽ നിന്നും രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. വാക്കാലുള്ള അനുവാദത്താൽ കെട്ടിടം പൊളിക്കരുത്.

7) പുതിയ സ്കൂൾ കെട്ടിട നിർമ്മാണം പൂർത്തിയായി കഴിയുമ്പോൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എത്രയും പെട്ടെന്ന് ലഭ്യമാക്കാൻ പരിശ്രമിക്കണം.

8) പുതിയ സ്കൂൾ കെട്ടിടത്തിന് ഫിറ്റ്നസ് കിട്ടിയാൽ പോലും പഴയ കെട്ടിടം പൊളിച്ചു മാറ്റുന്നതിന് വിദ്യാഭ്യാസ ഓഫീസർമാരുടെ അനുവാദം ലഭിക്കണം.
9) വിവിധ നിർമ്മാണ ഗ്രൂപ്പുകളോട് ക്വൊട്ടേഷൻ മേടിച്ച് നിർമ്മാണ കമ്മിറ്റിയിൽ ചർച്ച ചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾ ഏൽപ്പിക്കാനും കമ്പിയും, സിമന്റും മറ്റ് സാമഗ്രികളും വാങ്ങാനും ശ്രദ്ധിക്കണം.
10) നിർമ്മാണ കമ്മിറ്റിയുടെ യോഗ മിനുട്സ് കൃത്യമായും ഭംഗിയായും സൂക്ഷിക്കണം.

സ്കൂളുകളുടെ നിർമ്മാണത്തിനും നവീകരണത്തിനും ബഹു. അച്ചന്മാർ കാണിക്കുന്ന ജാഗ്രതയ്ക്കും കഠിനാദ്ധ്വാനത്തിനും പ്രത്യേകം നന്ദി പറയുന്നു.

## കാരുണ്യമാസം

തലശ്ശേരി അതിരൂപതയിലെ എല്ലാ സംഘടനകളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന പൊതു കർമ്മ പദ്ധതിയാണ് ദിയാകോണിയ. അതിരൂപത ഓരോ മാസവും നിർദ്ദേശിക്കുന്ന പൊതു ലക്ഷ്യങ്ങൾക്കായി കൂട്ടായ്മയിൽ സമൂഹ നന്മയ്ക്കായി പ്രവർത്തിക്കുവാൻ ഈ പ്രവർത്തന ശൈലിയിലൂടെ ലക്ഷ്യം വയ്ക്കുന്നു. ഈ കർമ്മ പദ്ധതികൾ സ്കൂൾ തലത്തിലും നടപ്പിലാക്കാൻ ശ്രദ്ധിക്കണം.

സെപ്തംബർ മാസത്തിൽ ലക്ഷ്യമിടുന്നത് കാരുണ്യ പ്രവൃത്തികളാണ്. അഗതികളുടെ അമ്മയായ മദർതെരേസയെ അനുസ്മരിക്കുന്ന ഈ മാസം കാരുണ്യമാസമായി അതിരൂപത ആചരിക്കുന്നു.

വയോജന സംരക്ഷണം, രക്തദാന സേന രൂപീകരണം, അഗതിമന്ദിര സന്ദർശനങ്ങൾ, അഗതി ദിനാചരണം, വിദ്യാഭ്യാസ സഹായനിധി രൂപീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ ഈ മാസം അതിരൂപതയിലെ വിവിധ സംഘടനകൾ നടപ്പിലാക്കുന്നുണ്ട്.

നമ്മുടെ സ്കൂളുകളിൽ കാരുണ്യമാസം കാരുണ്യപ്രവൃത്തികൾക്കൊണ്ട് നിറയണം. വിദ്യാർത്ഥികളിൽ കാരുണ്യത്തിന്റെ മനസ്സ് രൂപീകരിക്കാൻ, ജീവിത ശീലങ്ങൾ വളർത്തിയെടുക്കുവാൻ ശ്രദ്ധിക്കണം.

കഥകളിലൂടെയും സംഭവ വിവരണങ്ങളിലൂടെയും കാരുണ്യ പ്രവൃത്തികളിലൂടെയും വിദ്യാർത്ഥികളിൽ കരുണയുടെ മനോഭാവങ്ങൾ രൂപപ്പെടുത്തുന്നതും പരിപോഷിപ്പിക്കുന്നതും അധ്യയനത്തിന്റെ ഭാഗം തന്നെയാണ്.

സ്കൂൾ തലത്തിൽ വിവിധ കർമ്മ പദ്ധതികൾ പഠനത്തോടൊപ്പം ആവിഷ്കരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്

എല്ലാവർഷവും നമ്മുടെ സ്കൂളുകളിൽ നിന്ന് മികച്ച വിദ്യാലയങ്ങളെ തിരഞ്ഞെടുത്ത് അവാർഡുകൾ നൽകാറുണ്ട്. വിജയികളെ തിരഞ്ഞെടുക്കു

ന്നതിന് അക്കാഡമിക് നിലവാരം വിലയിരുത്തേണ്ടത് ആവശ്യമാണ്. എൽ.പി, യു.പി വിഭാഗങ്ങളിൽ എൽ എസ് എസ്, യു എസ് എസ് പരീക്ഷയിലെയും മറ്റ് സ്കോളർഷിപ്പ് പരീക്ഷയിലെ വിജയവുമാണ് പരിഗണിക്കുന്നത്. സ്കൂൾ സന്ദർശന വേളയിൽ നമ്മുടെ എൽ.പി, യു.പി സ്കൂളുകളുടെ അക്കാഡമിക് നിലവാരം കൃത്യമായി മനസ്സിലാക്കാൻ നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണെന്ന് തോന്നുന്നു.

എൽ.പി സ്കൂളുകളിലേക്കും യു.പി സ്കൂളുകളിലേക്കും കൂടുതൽ വിദ്യാർത്ഥികളെ കൊണ്ടുവരേണ്ടതുണ്ട്. അക്കാഡമിക് നിലവാരം ഉയർത്തിയാൽ മാത്രമേ നമ്മുടെ സ്കൂളുകളിലേക്ക് കൂടുതൽ വിദ്യാർത്ഥികൾ വന്നെത്തുകയുള്ളൂ.

നമ്മുടെ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുവാനും അവരെ മികവുള്ളവരാക്കാനും മുൻ വർഷങ്ങളിൽ വിവിധ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. അതിന്റെ തുടർച്ചയെന്നോണം നാലാം ക്ലാസിലെയും ഏഴാം ക്ലാസിലെയും വിദ്യാർത്ഥികളെ പ്രത്യേകമായി പ്രോത്സാഹിപ്പിക്കുവാനുള്ള ഒരു കർമ്മ പദ്ധതി കോർപ്പറേറ്റ് തലത്തിൽ ആവിഷ്കരിക്കുകയാണ്. എൽ.പി, യു.പി സ്കൂളുകളുടെ പഠന നിലവാരം തിരിച്ചറിയാനും കുറവുകൾ ഉണ്ടെങ്കിൽ പരിഹരിക്കാനും ഈ പദ്ധതി വഴി കഴിയും. കോർപ്പറേറ്റ് തലത്തിൽ വിദ്യാർത്ഥികൾക്ക് കൂടുതൽ സമ്മാനങ്ങൾ നൽകുന്നതാണ്. നിങ്ങളുടെ അഭിപ്രായവും അഭിപ്രായ വ്യത്യാസവും എഴുതി അറിയിക്കുമല്ലോ. ടീച്ചേഴ്സ് ഗിൽഡ് എക്സിക്യൂട്ടിവ് സമിതിയുടെയും പ്രധാനദ്ധ്യാപകരിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട കോർഡിനേറ്റേഴ്സിന്റെയും സംയുക്ത യോഗത്തിലാണ് ഇത്തരമൊരു തീരുമാനം വന്നിട്ടുള്ളത്.

### പൊതുനിർദ്ദേശങ്ങൾ

1) നാലാം ക്ലാസിലെയും ഏഴാം ക്ലാസിലെയും മുഴുവൻ വിദ്യാർത്ഥികൾക്കും വേണ്ടി ഒരു പരീക്ഷയാണ് സംഘടിപ്പിക്കുന്നത്.
2) തലശ്ശേരി അതിരൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള എല്ലാ സ്കൂളുകളിലെയും 4, 7 ക്ലാസുകളിലെ കുട്ടികളെ പങ്കെടുപ്പിക്കണം.
3) ഫെബ്രുവരി രണ്ടാമത്തെ ആഴ്ചയിലാണ് പരീക്ഷ നടത്തുക.
4) എല്ലാവിഷയങ്ങളിൽ നിന്നും നിശ്ചിത ശതമാനം ചോദ്യങ്ങൾ ഉണ്ടായിരിക്കും.

### ചെറുപുഷ്പ ഹൈസ്കൂൾ - ആശീർവാദ കർമ്മവും വിജയോത്സവവും

ചെറുപുഷ്പ ഹൈസ്കൂളിനുവേണ്ടി പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ ആശിർവാദ കർമ്മം തലശ്ശേരി അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി നിർവഹിച്ചു. മാതാപിതാക്കളെയും ഗുരുജ

നങ്ങളെയും അനുസരിക്കുക എന്നുള്ളതാണ് ജീവിതവിജയത്തിന് ഏറെ അഭികാമ്യമെന്നും മക്കളെ അത്യധികം സ്നേഹിക്കുന്ന മാതാപിതാക്കൾ ഏറ്റവും കൂടുതലുള്ളത് കേരളത്തിലാണെന്നാണ് അനുഭവങ്ങളിലൂടെ വ്യക്ത മായിട്ടുള്ളതെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് നടന്ന പൊതുസമ്മേളന ത്തിൽ സ്കൂൾ മാനേജർ ബഹു.സെബാസ്റ്റ്യൻ മൂക്കിലിക്കാട്ടച്ചൻ ഏവർക്കും സ്വാഗതം ആശംസിച്ചു. കോർപ്പറേറ്റ് മാനേജർ അധ്യക്ഷത വഹിച്ച സമ്മേ ളനം അഭിവന്ദ്യ പാംപ്ലാനി പിതാവ് നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു. പൈസക്കിരി ഫൊറോന വികാരി ബഹു.സെബാസ്റ്റ്യൻ പാലാക്കുഴി അച്ചൻ അനുഗ്രഹഭാഷണം നടത്തുകയും ചെയ്തു. പയ്യാവൂർ ഗ്രാമപഞ്ചാ യത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. ഡെയ്സി മഞ്ഞനാൽ, മെമ്പർമാരായ ശ്രീ.ബാലകൃഷ്ണൻ പി.കെ, ശ്രീ.സജൻ വെട്ടുകാ ട്ടിൽ, ശ്രീമതി. വിജയമ്മ കാക്കശ്ശേരി എന്നിവരും, പി.ടി.എ പ്രസിഡന്റ് ശ്രീ.ജോണി വട്ടത്തറ, ഹെഡ്മാസ്റ്റർമാരായ ശ്രീ. തോമസ് മാത്യു, ശ്രീ. വി.എം. തങ്കച്ചൻ, ശ്രീമതി ലാലി ജോർജ് എന്നിവരും ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ഹെഡ്മാസ്റ്റർ ആന്റോ സാർ ഏവർക്കും നന്ദി അർപ്പിച്ചു.

**ഫാ. മാത്യു ശാസ്താംപടവിൽ**
അസി. കോർപ്പറേറ്റ് മാനേജർ

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
കോർപ്പറേറ്റ് മാനേജർ

## പ്രസന്റേഷൻ കൗൺസലിങ്ങ് സെന്റർ

പ്രസന്റേഷൻ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ മണ്ടളത്ത് ഒരു കൗൺസലിങ്ങ് സെന്റർ ആരംഭിച്ചിരിക്കുന്നു. ഫാമിലി കൗൺസലിങ്ങ് യൂത്ത് കൗൺസിലിങ്ങ്, സ്റ്റുഡന്റ് കൗൺസലിങ്ങ് എന്നിവ ലഭ്യമാണ്.

ശിഥിലമായിക്കൊണ്ടിരിക്കുന്ന കുടുംബബന്ധങ്ങളിൽ സന്തോഷം കണ്ടെത്തുവാനും യുവജനങ്ങൾക്ക് മാർഗ്ഗദർശനം നൽകുവാനും വിദ്യാർത്ഥികൾക്ക് ലക്ഷ്യബോധമുണ്ടാക്കി പഠനമികവുനേടുവാനും കൗൺസലിങ്ങിലൂടെ സഹായിക്കുന്നു. വ്യാഴം, വെള്ളി, ശനി ദിവസ ങ്ങളിൽ കൗൺസലിങ്ങ് സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

**കൂടുതൽ വിവരങ്ങൾക്ക് :**

കൗൺസലിങ്ങ് സ്പെഷ്യലിസ്റ്റ് സി. ജെസ്സി ജോർജ്

ഫോൺ : 9495244968, 0460 2250461

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

**ഫോൺ : 8281750777 , 8281730777**

E-mail: sanjoseacademytly@gmail.com, sanjoactly@gmail.com

## I. U.G.C. NET Crash Coaching

സർവ്വകലാശാലകളിലും കോളേജുകളിലും ശാസ്ത്ര-മാനവിക വിഷയങ്ങളിൽ അദ്ധ്യാപകരാകുവാനും ജൂണിയർ റിസേർച്ച് ഫെലോഷിപ്പോടെ ഗവേഷണത്തിനുമുള്ള യോഗ്യതാപരീക്ഷയായ U.G.C., NET പരീക്ഷ ഡിസംബർ 9-ാം തിയതി മുതൽ പുതിയ പരീക്ഷാസംവിധാനങ്ങളോടെ നടത്തപ്പെടുകയാണ്. 2018 ഒക്ടോബർ 15 വരെയാണ് അപേക്ഷാഫോറം സമർപ്പിക്കുവാനുള്ള സമയപരിധി. വിശദാംശങ്ങൾ സെപ്തംബർ 22-ാം തിയ്യതിയിലെ പത്രങ്ങളിലുണ്ട്. അല്ലെങ്കിൽ C.SI.R , U.G.C. , NET സൈറ്റുകളിൽ ലഭ്യമാണ്. P.G. കഴിഞ്ഞവരും രണ്ടാം വർഷത്തിൽ പഠിച്ചുകൊണ്ടിരിക്കുന്നവരുമായ വിദ്യാർത്ഥികൾക്ക് ഇത് ഒരു സുവർണ്ണാവസരമാണ്.

NET പരീക്ഷയ്ക്ക് ഒരുക്കമായി സാൻജോസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 7 ഞായറാഴ്ച മുതൽ ആർട്സ് വിഷയങ്ങളിൽ രണ്ടുമാസം നീണ്ടുനിൽക്കുന്ന Crash Coaching ഇരിട്ടി ചാവറ സ്പെഷ്യൽ സ്കൂളിൽ വച്ച് (C.M.C Convent) 10 am-4 pm വരെ നടത്തപ്പെടുന്നു. 10 ഞായറാഴ്ചകളിലായുള്ള കോഴ്സാണിത്. വിവിധ യൂണിവേഴ്സിറ്റികളിലെയും കോളേജുകളിലെയും പ്രഗല്ഭ അദ്ധ്യാപകർ ക്ലാസ്സുകൾക്ക് നേതൃത്വം വഹിക്കും. കോഴ്സ് ഫീസ് 5000/-

## II. K-TET Coaching

എൽ.പി.സ്കൂൾതലം മുതൽ ഹൈസ്ക്കൂൾതലംവരെയുള്ള അദ്ധ്യാപകരാകാനുള്ള ഗവൺമെന്റ് എൻട്രൻസ് പരീക്ഷയായ K-TET പരിശീലനം തീവ്രമായി ഇരിട്ടി സെന്റ്. ജോസഫ് ഓഡിറ്റോറിയത്തിൽ വച്ച് നടന്നുകൊണ്ടിരിക്കുന്നു. ഒക്ടോബർ 20 മുതലാണ് പരീക്ഷകൾ ആരംഭിക്കുന്നത്. അടുത്തബാച്ചിന്റെ പരിശീലനം നവംബർ മാസം 18-ാം തിയ്യതി മുതൽ ആരംഭിക്കുന്നതാണ്. പുതിയ ബാച്ചിൽ പ്രവേശനം ആഗ്രഹിക്കുന്നവർക്ക് 8281750777, 8281730777 എന്നീ നമ്പറുകളിൽ വിളിച്ച് സീറ്റ് ബുക്ക് ചെയ്യാവുന്നതാണ്.

അതോടൊപ്പം തളിപ്പറമ്പ് സെന്റ്. മേരീസ് ദൈവാലയം കേന്ദ്രീകരിച്ചുകൊണ്ട് സാൻജോസ് അക്കാഡമിയുടെ ഒരു ശാഖ നവംബർമാസം മുതൽ പ്രവർത്തനം ആരംഭിക്കുന്നതാണ്. ആദ്യപടിയായി K-TETന്റെ ക്ലാസുകളായിരിക്കും ആരംഭിക്കപ്പെടുന്നത്.

## III. Entrance Crash Coaching

ഏപ്രിൽ മാസത്തിൽ നടത്തപ്പെടുന്ന മെഡിക്കൽ-എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷകൾക്ക് ഒരുക്കമായി ഒരുമാസക്കാലം നീണ്ടുനിൽക്കുന്ന Entrance Crash Coaching 2019 ഏപ്രിൽ മാസത്തിൽ അതിരൂപതയുടെ പ്രധാനകേന്ദ്രങ്ങളിൽവച്ച് നടത്തപ്പെടുന്നതാണ്. വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## IV. Bridge +

2020 ലെ എൻട്രൻസ് പരീക്ഷ ലക്ഷ്യമാക്കി ഈ വർഷം +1 ലേക്ക് പ്രവേശിച്ചിരിക്കുന്ന വിദ്യാർത്ഥികൾക്ക് നല്കികൊണ്ടിരിക്കുന്ന ഒന്നാം വർഷ എൻട്രൻസ് പരിശീലനം വിജയകരമായി ഇരിട്ടി പുഷ്പാരാം ഐ.ടി.ഐ യിൽ വച്ചും തോമാപുരം എച്ച്. എസ്. എസ് ൽ വച്ചും നടന്നുകൊണ്ടിരിക്കുന്നു. ഒന്നാം വർഷ പരിശീലനം അവസാനഘട്ടത്തിലാണുള്ളത്. +1 ക്ലാസ്സിലെ മുഴുവൻ വിഷയങ്ങളും കുട്ടികൾ പഠിച്ചുകഴിഞ്ഞിരിക്കുന്നു. മാത്രവുമല്ല വിവിധ ഗവൺമെന്റ് സ്കോളർഷിപ്പ് പരീക്ഷകൾ എഴുതുവാൻ കുട്ടികൾ സജ്ജരായി കഴിഞ്ഞിരിക്കുന്നു. 2019 വർഷത്തിലേക്കുള്ള +1, +2 എൻട്രൻസ് അഡ്മിഷൻ നവംബർ മാസം മുതൽ ആരംഭിക്കുന്നതാണ്.

## V. PSC Coaching

കേന്ദ്ര- സംസ്ഥാന ഗവൺമെന്റ് മേഖലകളിൽ ജോലിയിൽ പ്രവേശിക്കുവാനുള്ള കവാടമാണല്ലോ P.S.C., U.P.S.C. പരീക്ഷകൾ ലളിതവും എന്നാൽ നല്ല ഒരുക്കവും പരിശീലനവും ആവശ്യമായ പരീക്ഷാതലമാണിത്. നമ്മുടെ അതിരൂപതയിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തി നടത്തപ്പെടുന്ന ഈ പരിശീലന പദ്ധതി കാര്യക്ഷമമായി മുന്നോട്ടുപോകുന്നു.

പൈസക്കരി ദേവമാതാ കോളേജിലാരംഭിച്ച PSC Coaching ന്റെ ഉദ്ഘാടനം 15-09-2018 ശനിയാഴ്ച രാവിലെ 10 മണിക്ക് പ്രൗഢഗഭീരമായ സദസ്സിനെ മുൻനിർത്തി ഫൊറോന വികാരി പെരിയ.ബഹു. സെബാസ്റ്റ്യൻ പാലാക്കുഴി ഉദ്ഘാടനം നിർവ്വഹിച്ചു. വൈസ് പ്രിൻസിപ്പൾ ബഹു.പോൾ നാടാംകുഴിയിൽ അച്ചൻ അദ്ധ്യക്ഷത വഹിച്ചു. സാൻജോസ് അക്കാഡമി ഡയറക്ടർ റവ.ഫാ.പയസ് പടിഞ്ഞാറെമുറിയിൽ മുഖ്യപ്രഭാഷണം നടത്തി. 'പി.എസ്.സി അവസരങ്ങളും സാധ്യതകളും' എന്ന വിഷയത്തെ അധികരിച്ച് ശ്രീ.സാബുമാസ്റ്റർ ചെല്ലംങ്കോട്ട് ക്ലാസ്സ് നയിച്ചു. ശ്രീ.റോയി സേവ്യർ സ്വാഗതവും ശ്രീ.സൈജു പി.ജെ നന്ദിയും പ്രകാശിപ്പിച്ചു. പൈസക്കരി ദേവമാതാ കോളേജ്, ആലക്കോട് മേരിമാതാ കോളേജിലുമായി 200 ഓളം വിദ്യാർത്ഥികൾ പരിശീലനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു.

## VI. SET Crash Coaching

സെപ്തംബർ മാസത്തിൽ നടത്തപ്പെട്ട ഹയർസെക്കണ്ടറി അദ്ധ്യാപക നിയമനപരീക്ഷയായ SET ന്റെ പരീക്ഷയ്ക്കുവേണ്ടിയുള്ള പരിശീലനം ഇരിട്ടി പുഷ്പാരാം ഐ.ടി.ഐ യിൽ വച്ച് നടന്നുകൊണ്ടിരുന്നത് സമാപിച്ചു. കണ്ണൂർ,

കാസർഗോഡ് ജില്ലകളിലെ തീഷ്ണമതികളായ നിരവധി വിദ്യാർത്ഥികൾ കോച്ചിംങ്ങിൽ പങ്കെടുക്കുകയുണ്ടായി. ഒരു മാസത്തോളം നീണ്ടുനിന്ന ഒരു പരീക്ഷാപരിശീലനമായിരുന്നു ഇത്. ഇതിന്റെ സംഘാടനത്തിനുവേണ്ടിയുള്ള എല്ലാവിധ സഹകരണങ്ങളും ചെയ്തുതന്ന പുഷ്പാരാം ഐ.ടി.ഐ യിലെ എല്ലാ ബഹു.വൈദികരോടുമുള്ള പ്രത്യേക നന്ദി അറിയിക്കുന്നു.

## സെമിനാറുകൾ - ക്ലാസ്സുകൾ

മാതാപിതാക്കൾ, പി.ടി.എ, യുവജനങ്ങൾ, കുട്ടികൾ എന്നിവർക്കുവേണ്ടിയുള്ള പ്രത്യേക ക്ലാസ്സുകളും സെമിനാറുകളും സാൻജോസ് അക്കാഡമിയുടെ നേതൃത്വത്തിൽ ഇടവകകളിലും, സ്ഥാപനങ്ങളിലും നടത്തിക്കൊടുക്കുകയും ആവശ്യമായ റിസോഴ്സ് പേഴ്സൺസിനെ ക്രമീകരിച്ച് നല്കുന്നതുമാണ്. ആവശ്യമെങ്കിൽ സാൻജോസ് ഓഫീസുമായി ബന്ധപ്പെടുമല്ലോ....

1. 08-09-2018 ഉദയപുരം ഇടവകയിൽ മേരിമസ്സ് തിരുനാളിനോടനുബന്ധിച്ച് ബഹു.പയസ് പടിഞ്ഞാറെമുറിയിലച്ചൻ വി.കുർബാന അർപ്പിക്കുകയും, ഇടവകയിലെ അമ്മമാർക്കുവേണ്ടി സംഘടിപ്പിച്ച കാസ്സുകൾക്ക് നേതൃത്വം നല്കുകയും ചെയ്തു. അതിനുശേഷമുള്ള പ്രത്യേക പൊതുസമ്മേളനത്തിൽ സംബന്ധിക്കുകയും ചെയ്തു. വളരെ മനോഹരമായി കാര്യങ്ങൾ ക്രമപ്പെടുത്തിയ ബഹു.ജെയിസ് കുരിശുംമൂട്ടിലച്ചനും ബഹു.സിസ്റ്റേഴ്സിനും മറ്റു സംഘാടകർക്കും പ്രത്യേക അഭിനന്ദനങ്ങൾ.

2. 09-09-2018 ഞായറാഴ്ച പുന്നക്കുന്ന് ഇടവകയിൽ ബഹു. ഡയറക്ടച്ചൻ വി.കുർബാന അർപ്പിക്കുകയും സാൻജോസ് അക്കാഡമി പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു. ഇതിനുള്ള അവസരം നല്കിയ ബഹു. ജോസഫ് തയ്യിലച്ചനെ ഏറെ നന്ദിയോടെ സ്മരിക്കുന്നു.

3. 23-09-2018 പുളിങ്ങോം സെന്റ് ജോസഫ് ഇടവകയിൽ ബഹു.ഡയറക്ടറച്ചൻ വി.കുർബാനയർപ്പിക്കുകയും ഇടവകാസമൂഹത്തോട് സാൻജോസ് അക്കാഡമി പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു. ഉച്ചക്കഴിഞ്ഞ് ഇടവകയിലെ മാതൃസമൂഹത്തിനായി ഒരുക്കിയ പ്രത്യേക സെമിനാറിൽ ക്ലാസ്സ് നയിച്ചു. 250 ഓളം അമ്മമാർ സംബന്ധിച്ചു. എല്ലാം അതീവ ഹൃദ്യമാക്കിയ ബഹു. എമ്മാനുവേൽ പൂവത്തിങ്കലച്ചനും, കൊച്ചച്ചനും മറ്റു പ്രിയപ്പെട്ടവർക്കും ഹൃദയപൂർവ്വം നന്ദിയർപ്പിക്കുന്നു.

4. 30-09-2018 ഞായറാഴ്ച വിളമന ഇടവകയിൽ ബഹു.പയസ് പടിഞ്ഞാറെമുറിയിലച്ചൻ വി.കുർബാന അർപ്പിക്കുകയും പി.ടി.എ യ്ക്ക് വേണ്ടി ക്ലാസ്സ് നയിക്കുകയും ചെയ്തു. ഇതിനുവേണ്ടിയുള്ള എല്ലാ ക്രമീകരണങ്ങളും കൃത്യതയോടെ ക്രമപ്പെടുത്തിയ ബഹു. മാത്യു കാരിക്കലച്ചനോടും ഇടവകാ സമൂഹത്തോടുമുള്ള പ്രത്യേക നന്ദിയർപ്പിക്കുന്നു.

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
ഡയറക്ടർ

# വിമൽജ്യോതി വാർത്തകൾ

**ചെമ്പേരി വിമൽജ്യോതിയിൽനിന്നും സ്നേഹാശംസകൾ!**

ഈ വർഷത്തെ അഡ്മിഷൻ നടപടിക്രമങ്ങൾ പൂർത്തിയായിരിക്കുന്നു. എൻജിനീയറിംഗിന് അനുകൂലമായ ഒരു ട്രെന്റ് അല്ല ഈ വർഷം കണ്ടത്. രാജ്യവ്യാപകമായിതന്നെ അഡ്മിഷൻ കുറവായിരുന്നു. എന്നാൽ തരതമ്യേന മെച്ചപ്പെട്ട അഡ്മിഷൻ വിമൽ ജ്യോതിയിലുണ്ട്. സഹകരിച്ച എല്ലാവരോടും നന്ദി പറയുന്നതോടൊപ്പം, തുടർന്നും എല്ലാവിധ സഹകരണങ്ങളും പ്രതീക്ഷിക്കുന്നു.

**അനുഗ്രഹ 2018**

സെപ്തംബർ 19,20,21 തീയതികളിൽ കുട്ടികളുടെ വാർഷിക ധ്യാനം കോളേജിൽ നടത്തി. റവ.ഫാ.സാബു കുമ്പുക്കൽ (പ്രൊഫ. തേവര കോളേജ്, എറണാകുളം), റവ.ഫാ.ബെന്നി പുത്തൻനട (കരുണാലയം, ചെമ്പേരി) എന്നിവർ നേതൃത്വം കൊടുത്തു.

## വിമൽ ജ്യോതി സിവിൽ സർവ്വീസ് അക്കാഡമി

ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന ALS Satelite Education Pvt Ltd മായി സഹകരിച്ചുകൊണ്ട് വിമൽ ജ്യോതിയിൽ ആരംഭിച്ച സിവിൽ സർവ്വീസ്, യു.പി.എസ്.സി. കോച്ചിംഗ് സെന്ററിന്റെ പ്രവർത്തനങ്ങൾ വിജയകരമായി നടന്നുകൊണ്ടിരിക്കുന്നു. ശ്രീ.ജോജോ മാത്യു, മനീഷ് ഗൗതം, ശശാങ്ക് ആറ്റം, റിതേഷ് ഹൽഡ എന്നീ പ്രശസ്തരായ അദ്ധ്യാപകരാണ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നത്.

**താഴെപറയുന്ന ബാച്ചുകൾ ഇവിടെ നടത്തപ്പെടുന്നു:**

1 Main Cum Preliminary - Morning Batch (7.30 AM to 11 AM)
2 Main Cum Preliminary - Evening Batch (6.30 PM to 8.30 PM)
3 Foundation Course - Saturday & Sunday (1.30 PM to 5.30 PM)
4 Main Cum Preliminary - Day Batch (11.30 AM to 5.30 PM)

വിമൽ ജ്യോതി സിവിൽ സർവ്വീസ് അക്കാദമിയിൽ ചേരുന്ന കുട്ടികൾക്ക് കാമ്പസിലുള്ള പി.ജി. ഹോസ്റ്റലിൽ താമസസൗകര്യവും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് : ശ്രീ.സ്റ്റാൻലി കുര്യൻ, കോർഡിനേറ്റർ – 9656004656

## Center of Excellence in Industrial Robotics and Automation

ആധുനിക നിർമ്മാണശാലകളിൽ ഒഴിച്ചുകൂടാനാവാത്ത ഘടകമായി ഇന്ത്യയിലും റോബോട്ടുകൾ എത്തിക്കഴിഞ്ഞു. ഇതുമായി ബന്ധപ്പെട്ട വിവിധ ഘടകങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായി പഠിക്കുവാനും, അവയിൽ പ്രവൃത്തിപരിചയം നേടാനുമുള്ള അവസരമാണ് വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ് ഒരുക്കുന്നത്. ലോകത്തിലെ ഏറ്റവും മികച്ച റോബോട്ട് നിർമ്മാതാക്കളായ YASKAWA നിർമ്മിച്ച റോബോട്ടും അനുബന്ധ ഉപകരണങ്ങളുമാണ് ഇതിനായി ഉപയോഗിക്കുന്നത്. വിമൽ ജ്യോതി

യിലെ കുട്ടികൾ അവധി ദിവസങ്ങളിലും, വൈകുന്നേരങ്ങളിലും ഈ ലാബിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നു. മറ്റു കോളേജുകളിലെ വിദ്യാർത്ഥികൾക്കും മുൻകൂർ അനുമതിയോടുകൂടി ഇതേ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്. നാളെയുടെ വ്യവസായശാലകൾക്ക് ഏറ്റവും പുതിയ സാങ്കേതികവിദ്യകൾ പരിചയപ്പെടുത്താനുതകുന്ന പുതുതലമുറയെ സൃഷ്ടിക്കലാണ് ഈ ലാബുകൊണ്ട് ലക്ഷ്യമാക്കുന്നത്. റോബോട്ടിക്സ് വിദഗ്ധനായ പ്രൊഫ. സുനിൽ പോൾ ഈ സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു.

## പ്ലേസ്മെന്റ് വാർത്തകൾ

1. ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന Systools Softwares എന്ന കമ്പനി ആഗസ്റ്റ് 21ന് വിമൽ ജ്യോതിയിൽ നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിൽ 2018 ബാച്ചിലെ 2 കുട്ടികൾക്കും 2018 ബാച്ചിലെ 6 കുട്ടികൾക്കും ജോലി ലഭിച്ചു.

2. പ്രമുഖ ട്രെയിനിംഗ് കമ്പനിയായ Face Academy സെപ്തംബർ 7,8,9 തീയതികളിൽ അവസാനവർഷ വിദ്യാർത്ഥികൾക്കായി TCS Specific Aptitude Training നടത്തി. 65 കുട്ടികൾ പ്രസ്തുത ട്രെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുത്തു.

3. സെപ്തംബർ 11ന് TCS National Qualifier Test ൽ വിമൽ ജ്യോതിയിലെ കുട്ടികൾ പങ്കെടുത്തതിൽ 12 കുട്ടികൾ ടെസ്റ്റ് വിജയിക്കുകയും, ഇന്റർവ്യൂവിന് യോഗ്യത നേടുകയും ചെയ്തു.

4. തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ ഐ.റ്റി കമ്പനിയായ IBS സെപ്തംബർ മാസം അവസാനം സംഘടിപ്പിക്കുന്ന ക്യാമ്പസ് റിക്രൂട്ട്മെന്റിൽ പങ്കെടുക്കാൻ വിമൽ ജ്യോതിയിൽ നിന്നും 70 കുട്ടികൾ യോഗ്യത നേടിയിട്ടുണ്ട്.

## വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & റിസേർച്ച്

ഇന്റർനാഷണൽ വിസിറ്റ് ടു മലേഷ്യ

വിമൽജ്യോതി എം.ബി.എ കോളേജിലെ 2017-19 ബാച്ചിലെ മുഴുവൻ വിദ്യാർത്ഥികളും അവരുടെ അദ്ധ്യാപകരും സെപ്തംബർ 25 മുതൽ 30 വരെ ഒരു മലേഷ്യൻ പര്യടനം നടത്തുന്നു. കോളേജ് അഡ്മിനിസ്ട്രേറ്ററും ഫാക്കൽറ്റിയുമായ റവ.ഫാ.ജിനു വടക്കേമുളഞ്ഞനാൽ നേതൃത്വം കൊടുക്കുന്നു. മലേഷ്യയിലെ പ്രമുഖ വ്യവസായ ശാലകൾ, മാനേജ്മെന്റ് സ്ഥാപനങ്ങൾ എന്നിവ സന്ദർശിച്ച് പഠനം നടത്തുക എന്നതാണ് സന്ദർശന ലക്ഷ്യം.

## ജ്യോതിർഗമയ 2018

വിമൽജ്യോതി എം.ബി.എ കോളേജിലെ 2018 ബാച്ചിന്റെ പ്രവേശനോത്സവം-ജ്യോതിർഗമയ 2018, മുൻ മന്ത്രിയും ഇരിക്കൂർ എം.എൽ.എയുമായ ശ്രീ. കെ.സി ജോസഫ് ഉദ്ഘാടനം ചെയ്തു. ചെയർമാൻ റവ.ഡോ.തോ

മസ് മേൽവെട്ടത്ത് അദ്ധ്യക്ഷത വഹിച്ചു. തളിപ്പറമ്പ് ലൂർദ്ദ് ഹോസ്പിറ്റലിന്റെ മാനേജിംഗ് ഡയറക്ടറും അഡ്മിനിസ്ട്രേറ്ററുമായ ഡോ.ജോസഫ് ബനവൻ മുഖ്യപ്രഭാഷണം നടത്തി. എം.ബി.എ കോളേജ് പ്രിൻസിപ്പാൾ ഡോ. തോമസ് മൈക്കിൾ, അഡ്മിനിസ്ട്രേറ്റർ റവ.ഫാ. ജിനു വടക്കേമുളഞ്ഞനാൽ, ഫിനാൻസ് മാനേജർ റവ.ഫാ.ജോർജ്ജ് ആശാരികുന്നേൽ, പ്രൊഫ. അനൂപ് സ്കറിയ എന്നിവർ ആശംസകൾ നേർന്നു.

## ബിരുദദാനവും യാത്രയയപ്പും

വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ 2016-18 ബാച്ചിന്റെ ബിരുദദാനവും യാത്രയയപ്പും നടത്തപ്പെട്ടു. കോളേജ് ചെയർമാൻ റവ.ഡോ. തോമസ് മേൽവെട്ടത്ത് അദ്ധ്യക്ഷത വഹിച്ചു. കോഴിക്കോട് അഗ്രിപ്രണർ സർവ്വീസസിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും, സി.എം.എ കോഴിക്കോടിന്റെ പ്രസിഡന്റുമായ ശ്രീ.റോഷൻ കൈനടി പ്രോഗ്രാം ഉദ്ഘാടനം ചെയ്തുകൊണ്ട് ബിരുദദാന സന്ദേശം നൽകി. എം.ബി.എ കോളേജ് പ്രിൻസിപ്പാൾ ഡോ.തോമസ് മൈക്കിൾ convocation-ന് നേതൃത്വം നൽകി. പരിപാടിയോടനുബന്ധിച്ച് കൾച്ചറൽ പ്രോഗ്രാമും ഉണ്ടായിരുന്നു.

## പ്രളയ ദുരിത നിവാരണ പ്രവർത്തനങ്ങളിൽ വിമൽ ജ്യോതി

ചെമ്പേരി വിമൽ ജ്യോതിയുടെ ആഭിമുഖ്യത്തിൽ പ്രളയ ദുരിത നിവാരണ പ്രവർത്തനങ്ങൾ നടത്തി. മാനേജ്മെന്റും, സ്റ്റാഫും, വിദ്യാർത്ഥികളും ചേർന്ന് പ്രളയബാധിത മേഖലകൾ സന്ദർശിക്കുകയും സഹായങ്ങൾ നൽകുകയും ചെയ്തു. ഇരിട്ടി മേഖലയിൽ കച്ചേരിക്കടവ് കേന്ദ്രീകരിച്ചായിരുന്നു സന്ദർശന പരിപാടി. കോളേജിലെ ബഹു.വൈദികരുടെയും, സ്റ്റാഫിന്റെയും വകയായി സമാഹരിച്ച തുക, വയനാടിന്റെ പുനർനിർമ്മിതിക്കായി ശ്രമിക്കുന്ന ടി.എസ്.എസ്സിന്റെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി അഭിവന്ദ്യ മാനന്തവാടി പിതാവിനെ ഏൽപ്പിച്ചു. തുടർന്ന് കോളേജ് ബർസാർ റവ.ഫാ.ജോർജ്ജ് ആശാരികുന്നേലിന്റെ നേതൃത്വത്തിൽ സ്റ്റാഫ് അംഗങ്ങളുടെ ടീം തൃശ്ശൂർ ജില്ലയിലെ ആളൂർ കേന്ദ്രീകരിച്ച്, അഷ്ടമിച്ചിറ, മാള, അന്നമനട തുടങ്ങിയ സ്ഥലങ്ങളിൽ 50-ഓളം വീടുകളും, ആശുപത്രിയും, ഓർഫനേജും വൃത്തിയാക്കി വാസയോഗ്യമാക്കി. ഭക്ഷ്യവസ്തുക്കളും, ശുദ്ധജലവും, വസ്ത്രങ്ങളും വിതരണം ചെയ്തു. കെ.ടി.യു.വിന്റെ നിർദ്ദേശപ്രകാരം വിദ്യാർത്ഥികളിൽ നിന്നും സ്റ്റാഫ് അംഗങ്ങളിൽ നിന്നും സമാഹരിച്ച തുകയും യഥാസമയം സർക്കാരിലേക്ക് നൽകി.

എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

**ഫാ. തോമസ് മേൽവെട്ടം**
ചെയർമാൻ, വിമൽജ്യോതി

# കരിസ്മാറ്റിക് നവീകരണരംഗം

**1. കരിസ്മാറ്റിക് സന്ധ്യ 2018 :-** തലശ്ശേരി അതിരൂപതയിലെ എല്ലാ ഇടവകകളിലും ദൈവവചനത്തിന്റെ കുളിർമ്മ പെയ്തിറങ്ങുന്ന അനുഗ്രഹദായകമായ സായാഹ്ന കരിസ്മാറ്റിക് സന്ധ്യയുടെ സോണൽതല ഉദ്ഘാടനം 2018 ആഗസ്റ്റ് 28-ന് ചൊവ്വാഴ്ച 2 pm മുതൽ 8 pm വരെ നെല്ലിക്കാംപോയിൽ ഫൊറോനയിലെ ഉളിക്കൽ ഉണ്ണിമിശിഹാ ദേവാലയത്തിൽ വെച്ച് തലശ്ശേരി അതിരൂപതാ വികാരിജനറാൾ മോൺ. ജോർജ് എളൂക്കുന്നേൽ ഉദ്ഘാടനം ചെയ്തു. രൂപതാഡയറക്ടർ റവ. ഫാ. ജോസഫ് മഞ്ചപ്പള്ളിൽ, ഫൊറോനാഡയറക്ടർ റവ. ഫാ. ജോസഫ് ആനിത്താനം, റവ. ഫാ. തോമസ് പൈമ്പിള്ളിൽ, ശ്രീ. ജോർജ് എണ്ണമ്പ്ര എന്നിവർ വചന പ്രഘോഷണം നടത്തി. കുമ്പസാരം, കൗൺസിലിംഗ്, ആരാധന, വി. കുർബ്ബാന എന്നിവ ഉണ്ടായിരുന്നു. 350 പേർ പങ്കെടുത്തു. ഇതിനൊരുക്കമായി 85 അംഗങ്ങൾ അടങ്ങുന്ന ടീം മുഴുവൻ ഭവനങ്ങളിലും ഹോംമിഷൻ നടത്തിയിരുന്നു.

രണ്ടാംകടവ് ഇടവകയിലെ പ്രോഗ്രാമിന് റവ. ഫാ. മാത്യു പട്ടമന, റവ. ഫാ. തോമസ് ചെരുവിൽ, ശ്രീ ജോർജ് എണ്ണമ്പ്ര, ശ്രീ അലക്സ് എന്നിവർ നേതൃത്വം നൽകി. ഒക്ടോബർ 2 ന് നെടുമ്പുറംചാൽ ഇടവകയിലും കരിസ്മാറ്റിക് സന്ധ്യ പ്രോഗ്രാം നടക്കുന്നു.

**2. ജറീക്കോ പ്രാർത്ഥന:-** ദേശീയ മധ്യസ്ഥപ്രാർത്ഥനാ കോൺഫ്രൻസിന്റെ ഭാഗമായി ഭാരതത്തിലെ 174 കത്തീഡ്രലുകളിലും ആരംഭിച്ച ജറീക്കോ പ്രാർത്ഥന ഒക്ടോബർ 4 -ന് തലശ്ശേരി കത്തീഡ്രൽ ദേവാലയത്തിൽ നടക്കുന്നു. രാവിലെ 10 മുതൽ 3.30 വരെ നടക്കുന്ന ഈ പ്രോഗ്രാമിൽ അതിരൂപതാ വികാരി ജനറാൾ മോൺ. അലക്സ് താരാമംഗലം, രൂപതാഡയറക്ടർ റവ. ഫാ. ജോസഫ് മഞ്ചപ്പള്ളിൽ, കെ.എസ്.ടി. ചെയർമാൻ റവ. ഫാ. വർഗ്ഗീസ് മുണ്ടക്കൽ OFM എന്നിവർ വചനപ്രഘോഷണം നടത്തുന്നു. 2018 നവംബർ 18 മുതൽ 21 വരെ ചാലക്കുടി ഡിവൈൻ ധ്യാനകേന്ദ്രത്തിൽ വച്ചുനടക്കുന്ന ദേശീയ മധ്യസ്ഥപ്രാർത്ഥനാ കോൺഫ്രൻസ് PUSH 2018-ന്റെ ഒരുക്കമായി നടക്കുന്ന ജറീക്കോ പ്രോഗ്രാമിലേയ്ക്ക് ഏവരേയും സ്വാഗതം ചെയ്യുന്നു.

**3. നോർത്ത് മലബാർ സബ്റീജിയൻ മീറ്റിംഗ്**

2018 ആഗസ്റ്റ് 30-ന് തളിപ്പറമ്പ് സെന്റ് മേരീസ് ദേവാലയത്തിൽ വച്ച് സബ്റീജിയൻ മീറ്റിംഗ് നടന്നു. അതിരൂപതാ വികാരി ജനറാൾ മേൺ. അലക്സ് താരാമംഗലം, കെ.എസ്.ടി. ചെയർമാൻ റവ. ഫാ. വർഗ്ഗീസ് മുണ്ടക്കൽ, സെക്രട്ടറി സെബാസ്റ്റ്യൻ താന്നിക്കൽ, ഫാ. ജോസ് കളത്തിൽ, ഫാ. അലോഷ്യസ് കുളങ്ങര, ഫാ. ജോസഫ് മഞ്ചപ്പള്ളിൽ എന്നിവർ വചനപ്രഘോഷണം നടത്തി. സബ്റീജിയൻ കൺവീനർ തങ്കച്ചൻ കൂടക്കാട്ട് നന്ദി പറഞ്ഞു. 210 പേർ പങ്കെടുത്തു.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് മഞ്ചപ്പിള്ളി**
അതിരൂപത ഡയറക്ടർ

# കുടുംബ കൂട്ടായ്മ
# തലശ്ശേരി അതിരൂപത

## FAMILY RENEWAL UNITS IN THALASSERY (FRUITS)

കുടുംബക്കൂട്ടായ്മകൾ സംഘടിപ്പിക്കുന്ന പരിശ്രമം അതിരൂപതാതലത്തിൽ സജീവമായി നടന്നുവരികയാണ്. വിശ്വാസവും സഭാസ്നേഹവും ആത്മീയതയുമുള്ള ദൈവജനവും സജീവമായ ഇടവകകളും ഉണർവുള്ള രൂപതയും ഇതിലൂടെ രൂപപ്പെട്ടുവരികയാണ്. എല്ലാ ഇടവകകളും വികാരിയച്ചന്മാരുടെയും അൽമായ നേതാക്കളുടെയും നേതൃത്വത്തിൽ ഈ വിധത്തിൽ യൂണിറ്റ് തിരിച്ച് ഭാരവാഹികളെ നിശ്ചയിച്ച് പുതിയ അജപാലന ശൈലിയിലേയ്ക്ക് മാറിവരുന്നതിൽ സന്തോഷം. നേതൃത്വം കൊടുക്കുന്നവരെ അഭിനന്ദിക്കുന്നു. കുടുംബക്കൂട്ടായ്മയുടെ രൂപതാതല സംവിധാനത്തിൽനിന്ന് ഇതിനാവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കുന്നു.

## ഇടവകാതല പഠനങ്ങൾ

ഈ പുതിയ സംരംഭം ആരംഭിക്കുമ്പോൾ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ച് കുടുംബക്കൂട്ടായ്മ യൂണിറ്റുകൾ രൂപീകരിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ചും പ്രസക്തിയെക്കുറിച്ചും തടസ്സങ്ങൾ പരിഹരിക്കുന്നതിനെക്കുറിച്ചും ഫാ. മാത്യു ആശാരിപറമ്പിൽ ഞായറാഴ്ചകളിൽ വിവിധ ഇടവകകളിൽ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി.

**സെപ്റ്റംബർ :** 1 പൂളക്കുറ്റി, 8 പാണത്തൂർ, 9 കണിച്ചാർ, 16 തോമാപുരം, 23 പാത്തൻപാറ.

## ഫൊറോനതല ഓറിയന്റേഷൻ സെമിനാർ

കുടുംബക്കൂട്ടായ്മ രൂപീകരണം എളുപ്പത്തിലാക്കുവാനായി ഫൊറോനതലത്തിൽ എല്ലാ ഇടവകാ പാരീഷ്കൗൺസിൽ അംഗങ്ങളുടെയും മതാധ്യാപകരുടെയും മദർ സുപ്പീരിയേഴ്സിന്റെയും ഒരു സമ്മേളനം വിവിധ ഫൊറോനകളിൽ വിളിച്ചുകൂട്ടുകയുണ്ടായി. ബഹു. ഫൊറോന ഡയറക്ടർമാരും, ഫ്രൂട്ട്സ് ഡയറക്ടർമാരും ഫൊറോന കോർഡിനേറ്റർമാരും നേതൃത്വം നൽകിയ ഈ സമ്മേളനത്തിൽ ഫാ. മാത്യു ആശാരിപറമ്പിൽ ക്ലാസെടുത്തു.

**ഓഗസ്റ്റ്** : 15-പൈസക്കരി, 22-ചെമ്പേരി, 25-ചെമ്പൻതൊട്ടി

**സെപ്റ്റംബർ :** 8-കുന്നോത്ത്, 15-ആലക്കോട്, 16-തോമാപുരം, വെള്ളരിക്കുണ്ട്, 22-ചെറുപുഴ, 23-നെല്ലിക്കാംപൊയിൽ

ഫൊറോനയിലെ എല്ലാ ഇടവകകളിൽനിന്നും പാരീഷ്കൗൺസിൽ അംഗങ്ങൾ പങ്കെടുത്തു. കൂടുതൽ ബോധ്യവും താൽപര്യവും വളർത്തുവാനും കൂട്ടായ്മ രൂപീകരണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുവാനും ഇതിലൂടെ കഴിഞ്ഞു.

## നിയമാവലി, പ്രാർത്ഥനാപുസ്തകം

കുടുംബക്കൂട്ടായ്മയ്ക്കായി ഫാ. മാത്യു ആശാരിപറമ്പിൽ തയ്യാറാക്കിയ നിയമാവലിയുടെയും പ്രാർത്ഥനാ പുസ്തകത്തിന്റെയും കരടുരൂപം വിവിധ തലങ്ങളിലെ ചർച്ചകൾക്കുശേഷം അന്തിമരൂപത്തിലെത്തിയിരിക്കുകയാണ്. അഭിവന്ദ്യ പാംപ്ലാനി പിതാവിന്റെ അധ്യക്ഷതയിൽ കൂടിയ അതിരൂപതയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ഡയറക്ടർമാരുടെ യോഗത്തിൽ അവതരിപ്പിച്ച രേഖയിൽ ധാരാളം തിരുത്തലുകളും നിർദ്ദേശങ്ങളും ഉയരുകയുണ്ടായി. അവയുടെ വെളിച്ചത്തിൽ മാറ്റംവരുത്തിയ കരടുരേഖയുടെ കോപ്പി കൂട്ടായ്മയുടെ എല്ലാ ഫൊറോന ഡയറക്ടർമാരുടെയും പഠനത്തിനും വിലയിരുത്തലുകൾക്കുമായി സെപ്റ്റംബർ 14-ന് മദർ ഹോമിൽ കൂടിയ യോഗത്തിൽ സമർപ്പിച്ചു. കാനൻ നിയമപ്രകാരമുള്ള വ്യക്തതയ്ക്കായി ജുഡിഷ്യൽ വികാരിയുടെയും നിയമവിദഗ്ദരുടെയും അഭിപ്രായം തേടി.

അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവ് സവിസ്തരം വായിക്കുകയും പഠിക്കുകയും കൂരിയായുടെ അംഗീകാരത്തോടെ അന്തിമരൂപത്തിന് അംഗീകാരം നൽകുകയും ചെയ്തു. സീറോമലബാർ സഭയുടെ സായാഹ്ന പ്രാർത്ഥനയായ റംശയും ജപമാലയും ബൈബിൾ വായനയും സ്തുതിപ്പും കരുണയുടെ പ്രാർത്ഥനയും മധ്യസ്ഥപ്രർത്ഥനകളും ഒന്നിച്ചുചേരുന്ന മനോഹരമായി പ്രാർത്ഥനാപുസ്തകമാണ് തയ്യാറായിരിക്കുന്നത്. ഭാഷാശുദ്ധി വരുത്തി ഉടനേതന്നെ അവ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നതാണ്.

## ഫ്രൂട്ട്സ് ഫൊറോന കൺവെൻഷൻ

ഇടവകയിലെ എല്ലാ യൂണിറ്റുകളുടെയും പുതിയതായി തിരഞ്ഞെടുക്കപ്പെടുന്ന (5പേർ) ഭാരവാഹികൾക്കായി നവംബർ 17 മുതൽ ഫൊറോന തലത്തിൽ കൺവെൻഷനുകൾ സംഘടിപ്പിക്കുന്നതാണ്. അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവും മാർ ജോസഫ് പാംപ്ലാനി പിതാവും ഈ കൺവെൻഷനുകളിൽ പങ്കെടുക്കുന്നതായിരിക്കും. തീയതികൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

## വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

1 കുടുംബക്കൂട്ടായ്മയുടെ നിയമാവലി, പ്രാർത്ഥനാപുസ്തകം, ഹാജർബുക്ക്, റിപ്പോർട്ട് ബുക്ക് എന്നിവ നവംബർ മാസത്തിൽ നടക്കുന്ന ഫൊറോന കൺവെൻഷനിൽവെച്ച് നൽകുന്നതായിരിക്കും.

2 ഒരു യൂണിറ്റിന് ഒരു നിയമാവലിയും ഒരു റിപ്പോർട്ട് ബുക്കും (ഹാജർബുക്ക്) എല്ലാ കുടുംബങ്ങൾക്കും പ്രാർത്ഥനാപുസ്തകവും ആവശ്യമാണ്. ഇടവകാതലത്തിൽ വിലകൊടുത്ത് വാങ്ങിച്ച് യൂണിറ്റുകളിൽ സംലഭ്യമാക്കണം (പ്രാർത്ഥനാ പുസ്തകത്തിന്റെ വില വ്യക്തികളിൽ നിന്ന് വാങ്ങിക്കാവുന്നതാണ്)

3 ഇടവകകളെ യൂണിറ്റുകളായി തിരിച്ച് രജിസ്ട്രേഷൻ ഫോമിന്റെ കോപ്പി ഒക്ടോബർ 30-നുള്ളിൽ അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ.

## ആദരാഞ്ജലികൾ

കുടുംബക്കൂട്ടായ്മയുടെ സെൻട്രൽ ഉപദേശകസമിതി അംഗമായ ഡോ. ഡൊമിനിക് പുളിക്കലിന്റെ (പയ്യന്നൂർ) മാതാവിന്റെ നിര്യാണത്തിൽ അനുശോചനം പങ്കുവയ്ക്കുകയും മൃതസംസ്കാരത്തിൽ ഫാ. മാത്യു ആശാരിപറമ്പിൽ പങ്കെടുക്കുകയും ചെയ്തു.

## കുടുംബ കൂട്ടായ്മ നന്നായി നടത്തുവാനുള്ള നിർദ്ദേശങ്ങൾ

കൂട്ടായ്മക്ക് തുല്യ പ്രധാന്യമുള്ള മൂന്ന് ഭാഗങ്ങളുണ്ട്.

(1) പ്രാർത്ഥന (2) മീററിംഗ് (3) ഭക്ഷണം.

### പ്രാർത്ഥന

1. യൂണിററിൽ കൂട്ടായ്മ ചേരുന്ന ഭവനവും ദിവസവും സമയവും വികാരിയച്ചൻ പള്ളിയിൽ വിളിച്ചു പറയണം.
2. പാരീഷ് ബുള്ളററിൻ ഉണ്ടെങ്കിൽ അതിലൂടെ മാസാരംഭത്തിൽ തന്നെ അറിയിക്കാം.
3. പ്രാർത്ഥന നടക്കുന്ന വീട്ടിലെ കുടുംബനാഥൻ (നാഥ, മുതിർന്ന അംഗം) തങ്ങളുടെ യൂണിററിലെ മുഴുവൻ വീട്ടുകാരെയും നേരിട്ടോ ഫോണിലോ രണ്ട് ദിവസം മുമ്പ് ക്ഷണിക്കണം. വികാരിയച്ചനെയും സിസ്റ്റേഴ്സിനെയും നേരിട്ട് ക്ഷണിക്കണം.
4. മാസത്തിൽ ഒരിക്കലാണ് കൂടേണ്ടത്. ഒരുമിച്ച് ചേരുന്ന ദിവസം യൂണിററുകൾ നിശ്ചയിക്കണം. വൈകുന്നേരം ആറു മണിയാണ് യുക്തം.
5. ഓരോ യൂണിററിന്റെയും മദ്ധ്യസ്ഥന്റെ തിരുനാൾ വാർഷികമായി ആചരിക്കണം.
6. എല്ലാവർക്കും ഇരിക്കാനുള്ള കസേരകളോ, പായയോ കരുതണം. മൊബൈൽ ഓഫാക്കണം.
7. കഴിയുന്നതും ആളുകൾ പരസ്പരം കാണാവുന്ന രീതിയിൽ ഇരിക്കണം. വെളിച്ചം ഉണ്ടായിരിക്കണം. കറണ്ട് പോയാൽ എമർജൻസി ലൈററുകൾ കരുതണം.
8. പ്രാർത്ഥനാ മുറിയിൽ ഒരു മേശ ഉണ്ടായിരിക്കണം. ബൈബിൾ, കുരിശുരൂപം, തിരുഹൃദയ രൂപം, മദ്ധ്യസ്ഥന്റെ രൂപം, രണ്ട് തിരികൾ, പൂക്കൾ ഇവവെച്ച് മേശ അലങ്കരിക്കണം.
9. പ്രാർത്ഥന എല്ലാവർക്കും കേൾക്കാവുന്ന രീതിയിൽ നടത്തണം. (പോർട്ടബിൾ മൈക്ക് വേണമെങ്കിൽ ആകാം , ഇടവകയിൽ പൊതുവായി വാങ്ങിച്ചു വയ്ക്കാം).
10. കാലത്തിനനുസരിച്ച് സങ്കീർത്തനങ്ങളും ഗാനങ്ങളും മാറ്റിചൊല്ലുന്നത് ഉചിതമാണ്.
11. പ്രത്യേകമാസങ്ങളിൽ (മാർച്ച് - യൗസേപ്പിതാവ്, മെയ് - മാതാവ്, ജൂൺ - തിരുഹൃദയം) അതിനനുസരിച്ചുള്ള പ്രാർത്ഥനകൾ ചൊല്ലാം.

12. നോമ്പുകാലത്ത് കുരിശിന്റെ വഴി ആഘോഷമായി നടത്താവുന്നതാണ്. ഓരോ വീടും ഓരോ സ്ഥലങ്ങളായി ക്രമീകരിച്ച് നടന്നുകൊണ്ട് നടത്താം.

13. ഓരോ കുടുംബത്തിനും രണ്ട് പ്രാർത്ഥനാ പുസ്തകം ഉണ്ടായിരിക്കണം. പ്രാർത്ഥനക്ക് വരുമ്പോൾ അവ കൊണ്ടുവരണം. ഒരു യൂണിററ് അതിനു പുറമെ 25 പുസ്തകം പൊതുവായി വാങ്ങിച്ച് വയ്ക്കണം.

14 പ്രാർത്ഥന നടത്തുന്നത് യൂണിററ് പ്രസിഡന്റായ ലീഡർ ആണ്. നല്ല ഉച്ചത്തിലും ഭംഗിയായും പ്രാർത്ഥനകൾ ചൊല്ലുവാൻ കഴിവുണ്ടാകണം.(അച്ചനും സിസ്റേറഴ്സിനും അത്യാവശ്യഘട്ടത്തിൽ നടത്താം).

15. പാട്ടു പാടുവാൻ കഴിവുള്ള ആളോട് ഒരുങ്ങി വരാൻ പറയണം.

16. വചനം വായിച്ച് സന്ദേശം നൽകാനുള്ള ആളെ ലീഡർ മുൻകൂട്ടി ഏല്പ്പിക്കണം. 5-7 മിനിററ് സന്ദേശം കൊടുക്കാം. അച്ചനോ, സിസ്റേറഴ്സോ നടത്തുന്നതും നല്ലതാണ്. കഴിവുള്ള അത്മായരെ അതിനായി വളർത്തണം.

17. പൊതുപ്രാർത്ഥനയുടെ അവസാനം അച്ചൻ സന്ദേശം പങ്കുവയ്ക്കണം. സമാപന ഗാനം പാടുമ്പോൾ സ്തോത്രക്കാഴ്ച എടുക്കാം.

18. അച്ചന്റെ ആശീർവാദത്തിനുശേഷം കുരിശു വരച്ച് പരസ്പരം സ്തുതി ചൊല്ലി പ്രാർത്ഥന അവസാനിപ്പിക്കുന്നു.

## മീററിംഗ്

1. മീററിംഗിൽ ആദ്യന്തം എല്ലാവരും പങ്കെടുക്കണം. യോഗത്തിന്റെ അദ്ധ്യക്ഷൻ യൂണിററ് പ്രസിഡന്റാണ്. മുഖ്യാതിഥി വികാരിയച്ചനായിരിക്കും.
2. പ്രാർത്ഥന നടക്കുന്ന കുടുംബത്തിലെ ഒരു അംഗം അച്ചനും സിസ്റേറഴ്സിനും വന്നുചേർന്ന എല്ലാവർക്കും സ്വാഗതം നേരുന്നു.
3. സെക്രട്ടറി റിപ്പോർട്ട് (കഴിഞ്ഞ മാസം പ്രാർത്ഥന നടത്തിയ തീയതി, ഭവനം, പങ്കെടുത്ത കുടുംബങ്ങൾ, പങ്കെടുക്കാത്തവർ, തീരുമാനങ്ങൾ, ചെയ്ത കാര്യങ്ങൾ) അവതരിപ്പിക്കുന്നു.
4. ട്രഷറർ സാമ്പത്തികനില (കണക്ക്, ചെലവാക്കിയ രീതി, കാര്യങ്ങൾ, ചെയ്യാനുദ്ദേശിക്കുന്ന ചെലവുകൾ) അറിയിക്കുന്നു.
5. ലീഡറുടെ അധ്യക്ഷപ്രസംഗം - ആ ദിവസത്തെ പ്രത്യേകത, ഹാജർ എടുക്കൽ, ആദരിക്കേണ്ട വ്യക്തികളെ പരിചയപ്പെടുത്തൽ, ആശംസ നേരുന്നു (ജന്മദിനം, വിവാഹ വാർഷികം, പ്രത്യേക വിജയങ്ങൾ), കേക്ക് മുറിക്കൽ etc. അച്ചനും ആശംസ പറയാവുന്നതാണ്.
6. പ്രത്യേകം ചർച്ച ചെയ്യേണ്ട വിഷയം അച്ചനോ, ലീഡറോ, ഒരുങ്ങി വന്ന ആളോ അവതരിപ്പിക്കുന്നു. ആളുകൾ പരസ്പര സ്നേഹത്തോടും ബഹുമാനത്തോടുംകൂടി അഭിപ്രായങ്ങൾ പങ്കുവെയ്ക്കുക.

7. ചർച്ചകളും തീരുമാനങ്ങളും സെക്രട്ടറി എഴുതി വയ്ക്കുകയും പിന്നീട് റിപ്പോർട്ട് ബുക്കിൽ നന്നായി എഴുതി അടുത്ത കൂട്ടായ്മയിൽ അവതരിപ്പിക്കുകയും വേണം.

8. ഇടവക, രൂപത വാർത്തകൾ പാരീഷ് കൗൺസിൽ അംഗം അറിയിക്കുന്നു.

9. അടുത്ത കൂട്ടായ്മ നടക്കുന്ന ഭവനം, തീയതി ഇവ നിശ്ചയിക്കുന്നു.

10. ഒരുങ്ങി വന്ന കുട്ടികളും മറ്റുള്ളവരും കലാപരിപാടികൾ അവതരിപ്പിക്കുന്നു.

11. പ്രാർത്ഥനയും മീററിംഗും ക്രോഡീകരിച്ച് അച്ചൻ പ്രായോഗിക നിർദ്ദേശങ്ങളും സന്ദേശങ്ങളും നൽകുന്നു.

12. അടുത്ത സമ്മേളനം നടക്കുന്ന ഭവനത്തിലെ കടുംബനാഥൻ/നാഥ ഇന്ന് കൂട്ടായ്മ നടത്തുവാൻ സഹായിച്ച എല്ലാവർക്കും നന്ദി പറയുകയും അടുത്ത കൂട്ടായ്മക്ക് തന്റെ വീട്ടിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നു.

13. എല്ലാവരും എഴുന്നേററു നിൽക്കുമ്പോൾ ആ വീട്ടിൽ കത്തിച്ച തിരികളും യൂണിറ്റ് മധ്യസ്ഥന്റ രൂപവും അടുത്ത കൂട്ടായ്മയുടെ ഭവനത്തിലെ അംഗങ്ങൾക്ക് കൈമാറുകയും അവരുടെ തലയിൽ കൈവെച്ച് അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. പ്രാർത്ഥന നടത്തിയ കുടുംബത്തിലെ അംഗങ്ങളെ ഒന്നിച്ച് നിർത്തി എല്ലാവരുംകൂടി അവർക്കു വേണ്ടി പ്രാർത്ഥിക്കുന്നത് നല്ലതാണ്.

14. കുടുംബനാഥൻ എല്ലാവരെയും ഭക്ഷണത്തിന് ക്ഷണിക്കുകയും കൊടുക്കുകയും ചെയ്യുന്നു.

**ഭക്ഷണം**

1. ഭക്ഷണം ലളിതമായിരിക്കണം. കഞ്ഞിയും തോരനും അച്ചാറുമാണ് ഒരുക്കേണ്ടത്. ഭക്ഷണത്തിന്റെ രുചി, വിഭവങ്ങളുടെ സമൃദ്ധിയിലല്ല, മറിച്ച് വിളമ്പുന്ന മനസ്സുകളുടെ സ്നേഹത്തിലും ബന്ധത്തിലുമാണ് അടങ്ങിയിരിക്കുന്നത്.

2. ഭക്ഷണം നേരത്തെ തന്നെ തയ്യാറാക്കണം. അടുത്തുള്ള സഹോദരിമാരുടെ സേവനം കുടുംബനാഥക്ക് തേടാവുന്നതാണ്. പ്രാർത്ഥനാ സമയത്തോ, മീററിംഗ് സമയത്തോ ഭക്ഷണം ഒരുക്കാനോ, വിളമ്പാനോ മുതിരരുത്.

3. ഭക്ഷണം വിളമ്പുവാൻ പ്ലേററുകളും ഗ്ലാസ്സുകളും പൊതുവായി കരുതുന്നത് നല്ലതാണ്. വീട്ടിൽ ഉണ്ടെങ്കിൽ അത് ഉപയോഗിക്കാം.

4. വിളമ്പുവാനും പാത്രം കഴുകുവാനും മററുള്ളവർ സഹായിക്കണം.

5. സ്വന്തം വീടുകളിൽ തിരിച്ചെത്തി ഭക്ഷണം ഉണ്ടാക്കുന്നതിന്റെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനാണ് ഒരുമിച്ച് അത്താഴം കഴിക്കാൻ നിർദ്ദേശിക്കുന്നത്.

6. കൂട്ടായ്മക്ക് വരുന്ന എല്ലാവരും ഭക്ഷണത്തിലും പങ്കുചേരണം.

7. ഭക്ഷണം ഒരുക്കുന്ന വീടിന് സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടെങ്കിൽ സ്തോത്രക്കാഴ്ച എടുത്ത് അവരെ സഹായിക്കാം.

## കൂട്ടായ്മ വിജയിപ്പിക്കാനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ

1. യൂണിറ്റ് പ്രസിഡന്റായ ലീഡറുടെ താല്പര്യവും ശ്രദ്ധയും നേതൃത്വ കഴിവും ജനസമ്മതിയും കൂട്ടായ്മയുടെ വിജയത്തിന്റെ പ്രധാന ഘടകമാണ്. അത്തരത്തിലൊരാളെ കണ്ടെത്തണം. മുടങ്ങാതെ നടത്തുവാനും അച്ചന്റെയും സിസ്റ്ററിന്റെയും സാന്നിധ്യം ഉറപ്പിക്കുവാനും കൂട്ടായ്മ നടക്കുന്ന വീട്ടിലെ സൗകര്യങ്ങൾ ക്രമീകരിക്കാനും പ്രസിഡന്റ് ജാഗ്രത പുലർത്തണം.
2. കൂട്ടായ്മയുടെ പൊതുവായ വസ്തുക്കൾ (രൂപം, തിരി, പ്രർത്ഥന പുസ്തകം, പാത്രങ്ങൾ) സൂക്ഷിക്കുന്ന ഉത്തരവാദിത്വം വനിത പ്രതിനിധിക്കാണ് (വൈസ്പ്രസിഡന്റ്).
3. കൂട്ടായ്മ മുടങ്ങാതെയും ഭംഗിയായും നടത്തുവാനുള്ള ഉത്തരവാദിത്വം പ്രസിഡന്റിനാണെങ്കിലും കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ച് യൂണിറ്റിലെ മുഴുവൻ പ്രതിനിധികളെയും കോർത്തിണക്കി കർമ്മരംഗത്ത് എത്തിക്കുന്നത് കൺവീനർ ആണ്. (പ്രസിഡന്റിനോടും വികാരിയച്ചനോടും ആലോചിച്ച്).
4. യൂണിറ്റ് അടിസ്ഥാനത്തിൽ ഞായറാഴ്ച കുർബാന ഒരുക്കാവുന്നതാണ്. അൾത്താര ഒരുക്കൽ, ഗാന ശുശ്രൂഷ, സമർപ്പണം, കുർബാനക്ക് ശുശ്രൂഷി, ബൈബിൾ വായന, കാറോസൂസ പ്രാർത്ഥന, ഇവ നടത്താവുന്നതാണ്.
5. മദ്ധ്യസ്ഥന്റെ തിരുനാൾ ദിനം വാർഷികമായി ആഘോഷപൂർവ്വം നടത്താം. പ്രത്യേക പ്രാർത്ഥന, കലാപരിപാടികൾ, സ്നേഹവിരുന്ന് ഇവ ക്രമീകരിക്കാം.
6. യൂണിറ്റ് അടിസ്ഥാനത്തിൽ കൃഷിപണികളും മാറ്റാൾപണികളും, ശുചീകരണ ജോലികളും, കാരുണ്യപ്രവർത്തികളും സംഘടിപ്പിക്കാം.
7. യൂണിറ്റ് അടിസ്ഥാനത്തിൽ ടൂർ, തീർത്ഥയാത്ര, അനാഥാലയ സന്ദർശനം തുടങ്ങിയവ സംഘടിപ്പിക്കാം.
8. യൂണിറ്റ് അടിസ്ഥാനത്തിൽ ഫണ്ട് സ്വരൂപിച്ച് വിവാഹം, ഭവന നിർമ്മാണം, മൃതസംസ്ക്കാരം, അപകടങ്ങളിൽ സഹായം, പഠനചെലവ് തുടങ്ങിയ മേഖലകളിൽ ആവശ്യമെങ്കിൽ സഹായിക്കാം.
9. ഇടവക, രൂപത, സർക്കാർ തലങ്ങളിൽ നിന്ന് അർഹരായവർക്ക് സഹായം ലഭിക്കുവാൻ ഇടപെടാം.
10. ഇടവക, ഫൊറോന, രൂപത തലങ്ങളിലെ പരിപാടികളിൽ പങ്കാളിത്തം ഉണ്ടാകണം. എല്ലാവരെയും ചേർത്ത് നിർത്തണം. ആരും മാറി നില്ക്കരുത്.

# എ.കെ.സി.സി.

നെയ്യ് രൂപപ്പെടുന്ന ചിന്ത പങ്കുവച്ച് തുടങ്ങാം. കടകോൽകൊണ്ട് തൈര് കടയുമ്പോൾ പാത്രത്തിനുപോലും അസ്വസ്ഥത! എന്തിനാണ് ഈ പാത്രത്തെപോലും ഇളക്കിക്കൊണ്ട് ഈ നിഷ്കളങ്ക വെൺമയുള്ള തൈരിനെ ഉഴുതുമറിക്കുന്നത്. പാലിൽ ഉറ ചേർത്ത് രൂപപ്പെടുത്തിയ തന്റെ സത്വരുചിയും കലങ്ങി മറിയുമ്പോൾ ഈ ധവളലായനിക്കും അതീവ ദുഃഖം പക്ഷേ മിനിറ്റുകൾക്കുള്ളിൽ വിലയും രുചിയുമുള്ള നെയ്യ് അതിൽനിന്ന് ഉയർന്നുവരുന്നു. പ്രതിസന്ധികളും അസ്വസ്ഥതകളും നന്മയുടെ നാമ്പുകൾ മുളക്കുന്ന പൊൻപ്രഭാതങ്ങളാണ് ഇന്നത്തെ അസ്വസ്ഥതകളും അസ്തിത്വദുഃഖങ്ങളും പുതുജന്മത്തിനുള്ള ഈറ്റ് നോവാണ്. അതുപോലെതന്നെ ഇന്ന് സഭ നേരിടുന്ന പ്രതിസന്ധികൾ ദുഃഖശനിപോലെയാണ്. ദുഃഖവെള്ളിയുടെ പീഡാനുഭവങ്ങളെക്കാൾ ദാരുണമാർന്ന ഒന്നുംമിണ്ടാതെ നിസാഹായമായി നിൽക്കുന്ന ദുഃഖശനികൾ. അതിനാൽ ഈ പ്രതിസന്ധികളിൽനിന്ന് സഭയിൽ വിശുദ്ധിയും നന്മയുമുള്ള ഇടയന്മാരും ദൈവജനവും ഉയിർന്ന് വരും. എവിടെ പീഡനങ്ങൾ അത് ആന്തരികമാകാം, ബാഹ്യമാകാം സഭയിൽ ഉണ്ടായിട്ടുണ്ടോ അവിടെനിന്ന് സഭ കരുത്താർജ്ജിക്കും. അതിനാൽ മനസ് തളരാതെ പിടിച്ചു നിൽക്കുകയും കൂടെയുള്ളവരെ താങ്ങിനിർത്തുകയുമാണ് ദൈവമക്കൾ ചെയ്യേണ്ടത്.

---

11. കൂട്ടായ്മയിൽ മുടങ്ങാതെ വരുന്ന വ്യക്തിക്കും കുടുംബത്തിനും വാർഷിക ദിനത്തിൽ സമ്മാനം നല്കാം.
12. ആരോഗ്യ ഇൻഷുറൻസ്, ക്ഷേമനിധികൾ, വോട്ടേഴ്സ് ലിസ്റ്റ്, ആധാർ എന്നിവയിൽ അംഗങ്ങളെ ചേർക്കുകയും സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
13. സ്വയം സഹായ സംഘങ്ങളോ, തൊഴിൽ സംരംഭങ്ങളോ തുടങ്ങാവുന്നതാണ്.
14. കൂട്ടായ്മയിലെ കുടുംബങ്ങളിലെ വിവാഹം, മരണം, ഭവനനിർമ്മാണം തുടങ്ങിയ അവസരങ്ങളിൽ സജീവമായി സഹകരിക്കുക.

സ്നേഹപൂർവ്വം,

**ഫാ. മാത്യു ആശാരിപ്പറമ്പിൽ**
ഡയറക്ടർ

ഈ പ്രതിസന്ധി കാലഘട്ടത്തിൽ സഭയോടൊത്തു നിൽക്കുന്ന സഭാസ്വരം ശ്രവിക്കുന്ന ദൈവജനത്തെ നാം ചേർത്ത് നിർത്തണം. അതിനാൽ കത്തോലിക്കാ കോൺഗ്രസ് എന്ന നമ്മുടെ സമുദായിക സംഘടന നാം ശക്തിപ്പെടുത്തണം. ഒറ്റയ്ക്ക്നിന്ന് യുദ്ധം ചെയ്യാനാവില്ല എന്ന് നാം തിരിച്ചറിയണം. ശക്തമായ ഒരു സമൂഹത്തെ നാം പരിശീലിപ്പിക്കണം. കൂടെ നിർത്തണം. if not today never ഇന്നല്ലെങ്കിൽ പിന്നെ ഒരിക്കലുമില്ല. അതിനാൽ ഓരോ ഇടവകയിലും അംഗങ്ങളെ ചേർത്ത് യൂണിറ്റുകൾ ശക്തിപ്പെടുത്തി സാമുദായിക സംഘടനയായി നാം രൂപപ്പെടുത്തണം. ഈ കാലഘട്ടത്തിൽ സഭയുടെ ആവശ്യമാണിത്. അതിനാൽ നേതൃത്വവും അർപ്പണബോധവുമുള്ള ശക്തരായ നേതാക്കളെ കണ്ടെത്തി, കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ച് നാം മുന്നേറണം. ഡിസംബർ ഒന്ന് തലശ്ശേരി അതിരൂപത സമ്പൂർണ്ണ എ.കെ.സി.സി രൂപതയായി പ്രഖ്യാപിക്കണമെന്ന് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ആവശ്യപ്പെട്ടിരിക്കുകയാണ്. അതിനായുള്ള ആദ്യപടി യൂണിറ്റുകൾ രൂപീകരിക്കുക, ഉണർത്തുക എന്നതാണ്. അച്ചന്മാർ താൽപ്പര്യം എടുത്താൻ മാത്രമേ ഇത് സാധിക്കൂ.

ഒക്ടോബർ മാസത്തിൽ ഫൊറോനയിലെ എല്ലാ അംഗങ്ങളും ചേർന്ന ഫൊറോന കൺവൻഷൻ നടത്തുവാൻ ആഗ്രഹിക്കുന്നു. ഡിസംബറിൽ രൂപതാ കൺവെൻഷൻ നടത്തുന്നതായിരിക്കും. ഫൊറോന തലത്തിൽ കൺവെൻഷനുകൾ നടത്തേണ്ട തീയതികൾ ക്രമീകരിക്കുകയാണ്. ഒക്ടോബറിൽ ജപമാല നമസ്ക്കാരം നടക്കുന്നുണ്ടെന്നറിയാം. മറ്റ് തീയതികൾ ഇല്ലാത്തതിനാലാണ് ഇങ്ങനെ ക്രമീകരിക്കുന്നത്. റബർ വെട്ട് നഷ്ടപ്പെടാതിരിക്കാനാണ് ഉച്ചകഴിഞ്ഞ് രണ്ട് സ്ഥലത്തായി യോഗം നിശ്ചയിച്ചത്. ഫൊറോന ഡയറക്ടർമാരുടെ നേതൃത്വത്തിൽ ഫൊറോന വികാരിയച്ചനോട് ചേർന്ന് ഈ സമ്മേളനങ്ങൾ ഒരുക്കണമെന്ന് അപേക്ഷിക്കുന്നു. എല്ലാ അംഗങ്ങളും പങ്കുചേരുന്ന ഈ സമ്മേളനം സഭയെ സജീവമാക്കാനും ഇപ്പോഴത്തെ പ്രതിസന്ധികളെ മറികടക്കാനും നമ്മെ സഹായിക്കും.

ഒരുമിക്കൂ................ പ്രതിരോധിക്കൂ.........

നമ്മുടെ വിശ്വാസം ........... നമ്മുടെ സഭ

## കണ്ണൂർ ജില്ലാ നേതൃത്വ സമ്മേളനം-തളിപ്പറമ്പ്

സെപ്റ്റംബർ ഒന്ന് ശനിയാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് പാരീഷ് ഓഡിറ്റോറിയത്തിൽ കത്തോലിക്കാ കോൺഗ്രസ് കണ്ണൂർ ജില്ലാ നേതൃത്വ സമ്മേളനം നടന്നു. അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി സമ്മേളനം ഉദ്ഘാടനം ചെയ്തു. കത്തോലിക്കാ കോൺഗ്രസ് ഒരു ഭക്ത സംഘടനയല്ലെന്നു സമുദായത്തെ ഐക്യപ്പെടുത്തുവാനുമുള്ള ചാലകശക്തിയായി കത്തോലിക്കാ കോൺഗ്രസ്സ് മാറണമെന്നും മാർ ജോസഫ് പാംപ്ലാനി പറഞ്ഞു. അതിരൂപതാ ഡയറക്ടർ ഫാ. മാത്യു ആശാരിപറമ്പിൽ

മുഖ്യപ്രഭാഷണം നടത്തി. അതിരൂപത പ്രസിഡന്റ് ദേവസ്യ കൊങ്ങോല അധ്യക്ഷം വഹിച്ചു. ഡിസംബർ ഒന്നിന് തലശ്ശേരി അതിരൂപതയെ സമ്പൂർണ്ണ കത്തോലിക്കാ കോൺഗ്രസ് അതിരൂപതയായി പ്രഖ്യാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇടവകകളിൽ നടത്തണമെന്ന് മാർ ജോസഫ് പാംപ്ലാനി ആഹ്വാനം ചെയ്തു. 12 ഫൊറോനകളിൽ നിന്നായി 500ഓളം പേർ പങ്കെടുത്തു. ഗ്ലോബൽസെക്രട്ടറി അഡ്വ. ടോണി പുഞ്ചക്കുന്നേൽ, തളിപ്പറമ്പ് ഫൊറോന വികാരി റവ. ഫാ. അബ്രാഹം പോണാട്ട്, ജോണി വടക്കേക്കര, ചാക്കോച്ചൻ കാരാമയിൽ മുൻ അതിരൂപത ഡയറക്ടർ ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത്, ബെന്നി പുതിയാപുറം, ജോർജ് വടകര തുടങ്ങിയവർ ആശംസകളർപ്പിച്ചു.

## അതിരൂപത എക്സിക്യൂട്ടീവ്

1.9.2018ന് 2 മണിക്ക് തളിപ്പറമ്പിൽ ചേർന്ന അതിരൂപത എക്സിക്യൂട്ടീവ് കമ്മിറ്റിയോഗം കത്തോലിക്കാ കോൺഗ്രസിന്റെ ഓരോ യൂണിറ്റും വെള്ളപ്പൊക്കകെടുതിയാൽ ഉപജീവനമാർഗം നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് സൗജന്യമായി ആടുമാടുകളെ വിതരണം ചെയ്യുക, തയ്യൽമെഷീൻ നൽകുക, പെട്ടിക്കടകൾ തുടങ്ങുന്നതിനുള്ള സഹായം നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഫൊറോന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിന് ഭാരവാഹികൾക്ക് ചാർജ് നൽകുന്നതിനും ഒക്ടോബറിൽ ഫൊറോന സമ്മേളനങ്ങൾ നടത്തുന്നതിന് ശക്തമായി ഉണർന്ന് പ്രവർത്തിക്കുവാനും തീരുമാനിച്ചു.

## അതിരൂപത സെക്രട്ടറിയേറ്റ്, ഫൊറോന പ്രസിഡണ്ടുമാർ സംയുക്ത യോഗം

14.09.2018ന് തളിപ്പറമ്പിൽ അതിരൂപത സെക്രട്ടറിയേറ്റിന്റെയും ഫൊറോന പ്രസിഡണ്ടുമാരുടെയും യോഗം ചേർന്നു. ഫൊറോന ചാർജ് ഭാരവാഹികൾക്ക് നൽകി. ഫൊറോന സമ്മേളനങ്ങൾ നടത്തുന്നതിനുള്ള തീയതികൾ തീരുമാനിച്ചു. യൂണിറ്റുകളിൽ മുഴുവൻ അൽമായർക്കും അംഗത്വം നൽകുവാനും പ്രവർത്തനങ്ങൾ നടക്കാത്ത കമ്മിറ്റികൾ പുനഃസംഘടിപ്പിക്കുവാനും, ഉദാരമതികളിൽനിന്ന് സംഭാവനകൾ സ്വീകരിച്ച് ആടുമാടുകളെ സൗജന്യമായി നൽകി ദുരിതമനുഭവിക്കുന്നവർക്ക് കൈത്താങ്ങായി ഓരോ യൂണിറ്റും പ്രവർത്തിക്കുവാനും, ഒക്ടോബർമാസം ശുചീകരണമാസമായി ആചരിക്കുവാനും ക്ലീൻഹോം, ക്ലീൻ സിറ്റി എന്ന മുദ്രാവാക്യവുമായി പൊതുസ്ഥാപനങ്ങൾ, റോഡ് ദൈവാലയം മുതലായ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുവാനും തീരുമാനിച്ചു. അതിരൂപത കമ്മിറ്റിയുടെ നേതൃത്വത്തിൽ പരസ്പരസഹായനിധി നവംബറിൽ ആരംഭിക്കുന്നതാണ്.

## മീഡിയാ ട്രെയിനിംഗ്

15.09.2018ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വെച്ച് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ നടത്തിയ മീഡിയ ട്രെയിനിംഗ് പ്രോഗ്രാമിൽ

അതിരൂപതയിൽനിന്ന് ജനറൽ സെക്രട്ടറി ചാക്കോച്ചൻ കാരാമയിൽ, ട്രഷറർ ബെന്നി പുതിയാപുറം എന്നിവർ പങ്കെടുത്തു.

കത്തോലിക്കാ കോൺഗ്രസ് നേതൃസമ്മേളനം വിജയിപ്പിക്കുന്നതിന് നേതൃത്വം നൽകിയ ഭാരവാഹികളെയും പങ്കെടുത്ത മുഴുവൻ യൂണിറ്റ് ഭാരവാഹികളെയും അഭിനന്ദിക്കുന്നു. കാലവർഷക്കെടുതികളിൽ എല്ലാം നഷ്ടപ്പെട്ട് ദുരിതമനുഭവിക്കുന്നവർക്ക് സാധനങ്ങൾ, പണം മുതലായവ നൽകിയവരെയും വാളണ്ടിയർ പ്രവർത്തനങ്ങളിലേർപ്പെട്ടവരെയും അഭിനന്ദിക്കുന്നു. നമ്മുടെ കൂട്ടായ പ്രവർത്തനത്തിലൂടെ നമ്മുടെ അതിരൂപതയിലും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച് മുന്നേറാം. ജപമാല മാസത്തിൽ അതിനായി പ്രാർത്ഥിക്കാം.

## ഫൊറോന സമ്മേളനങ്ങൾ

| ന. | തീയതി | | സമയം | ഫൊറോന |
|---|---|---|---|---|
| 1. | ഒക്ടോബർ | 13 ശനി | 2.00 pm | നെല്ലിക്കാംപൊയിൽ |
| 2. | ,, | 14 ഞായർ | 2.00 pm | കുന്നോത്ത് |
| 3. | ,, | 15 തിങ്കൾ | 2.00 pm | പൈസക്കരി |
| 4. | ,, | 16 ചൊവ്വ | 2.00 pm | പനത്തടി |
| 5. | ,, | 24 ബുധൻ | 1.30 pm | ചെമ്പേരി |
| 6. | ,, | ,, | 4.00 pm | ചെമ്പന്തൊട്ടി |
| 7. | ,, | 25 വ്യാഴം | 1.30 pm | വായാട്ടുപറമ്പ് |
| 8. | ,, | ,, | 4.00 pm | തളിപ്പറമ്പ് |
| 9. | ,, | 26 വെള്ളി | 1.30 pm | മേരിഗിരി |
| 10. | ,, | ,, | 4.00 pm | ആലക്കോട് |
| 11. | ,, | 27 ശനി | 1.30 pm | പേരാവൂർ |
| 12. | ,, | ,, | 4.00 pm | എടൂർ |
| 13. | ,, | 28 ഞായർ | 1.30 pm | ചെറുപുഴ |
| 14. | ,, | ,, | 4.00 pm | തോമാപുരം |
| 15. | ,, | 29 തിങ്കൾ | 1.30 pm | വെള്ളരിക്കുണ്ട് |
| 16. | ,, | ,, | 4.00 pm | കാഞ്ഞങ്ങാട് |

തലശ്ശേരി അതിരൂപത സമ്പൂർണ്ണ എ.കെ.സി.സി. അതിരൂപതയായി മാറ്റുന്നതിന്റെ ഭാഗമായി യൂണിറ്റ് ശാക്തീകരണത്തിന് ചുമതല വഹിക്കുന്ന ഭാരവാഹികളും ഏൽപ്പിക്കപ്പെട്ട ഫൊറോനകളും.

## എകെസിസി ഫൊറോന ഉപദേശകസമിതി

| ന. | ഫൊറോന | ഇൻചാർജ് | ഫോൺനമ്പർ |
|---|---|---|---|
| 1. | എടൂർ | ജോണി വടക്കേക്കര | 9447 687 954 |
| 2. | പേരാവൂർ | ബെന്നി പുതിയാപുറം | 9745 777 763 |
| 3. | കുന്നോത്ത് | ചാക്കോച്ചൻ കാരമയിൽ | 9447 427 981 |
| 4. | നെല്ലിക്കാംപൊയിൽ | ദേവസ്യ കൊങ്ങോല | 9447 281 975 |
| 5. | പൈസക്കരി | ഡേവിസ് ആലങ്ങാടൻ | 9495 723 097 |
| 6. | ചെമ്പേരി | സുരേഷ് കാഞ്ഞിരത്തിങ്കൽ | 9447 410 683 |
| 7. | ചെമ്പന്തൊട്ടി | സിസിലി പുഷ്പക്കുന്നേൽ | 9446 167 347 |
| 8. | തളിപ്പറമ്പ് | വർഗ്ഗീസ് പള്ളിച്ചിറ | 9645 996 244 |
| 9. | വായാട്ടുപറമ്പ് | കുഞ്ഞമ്മ തോണിക്കുഴി | 9496 238 795 |
| 10. | മേരിഗിരി | അഡ്വ. ബിനോയി ഓതടത്തിൽ | 9447 691 117 |
| 11. | ആലക്കോട് | ബേബി നെട്ടനാനിയിൽ | 9495 971 867 |
| 12. | ചെറുപുഴ | തോമസ് മാണി കളപ്പുരയ്ക്കൽ | 9447 481 619 |
| | | ജോസഫ് മുണ്ടുപാലം | 8075 493 034 |
| | | | 980 9560 172 |
| 13 | തോമാപുരം | അഡ്വ. ടോണി പുഞ്ചക്കുന്നേൽ | 9447 320 451 |
| 14. | വെള്ളരിക്കുണ്ട് | ജോസഫ് മാങ്കുഴിയിൽ തെക്കേയറ്റം | 9496 138 803 |
| 15. | കാഞ്ഞങ്ങാട് | ജോർജ് വടകര | 8547 383 180 |
| 16. | പനത്തടി | പീയൂസ് പറേടം | 8547 200 423 |

സ്നേഹപൂർവ്വം,

**ദേവസ്യാ കൊങ്ങോല**
അതിരൂപതാ പ്രസിഡന്റ്

**ഫാ. മാത്യു ആശാരിപ്പറമ്പിൽ**
ഡയറക്ടർ

# നിർമ്മലഗിരി വാർത്തകൾ

## ചെസ് ചാമ്പ്യൻഷിപ്പ്

കണ്ണൂർ സർവകലാശാലാ ചെസ് ചാമ്പ്യൻഷിപ്പ് നിർമ്മലഗിരി കോളേജിൽ സെപ്റ്റംബർ 3,4,5 തിയതികളിൽ നടന്നു. സർവകലാശാലാ കായിക വിഭാഗം മേധാവി ഡോ. പി.ടി.ജോസഫ് ചാമ്പ്യൻഷിപ്പ് ഉത്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ ഡോ.കെ.വി.ഔസേപ്പച്ചൻ സമ്മാനദാനം നിർവഹിച്ചു. കോളേജ് കായികവിഭാഗം മേധാവി ശ്രീ. ഷിനിൽ കുര്യാക്കോസ് മത്സരത്തിന് നേതൃത്വം നല്കി.

## അദ്ധ്യാപകദിനാചരണം

സെപ്റ്റംബർ 5 അദ്ധ്യാപകദിനത്തോടനുബന്ധിച്ച്, അദ്ധ്യാപകരെ ആദരിക്കുന്ന ചടങ്ങ് കുട്ടികളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. കോളേജ് ബർസാർ ഫാ. മാത്യു തെക്കേമുറി മുഖ്യാതിഥി ആയിരുന്നു.

## അക്കാഡമിക് ഓഡിറ്റ്

നാക്, ഇന്റേണൽ ക്വാളിറ്റി നിർണയത്തിന്റെ ഭാഗമായി കോളേജിൽ ഇന്റേണൽ അക്കാഡമിക് ഓഡിറ്റ് 7/9/18-ന് നടന്നു. ഡോ.ജോസഫ് സ്കറിയ(എസ്.ബി.കോളേജ്), ഡോ.അനിൽകുമാർ (എൻ.എസ്.എസ്.കോളേജ്, ചങ്ങനാശ്ശേരി) എന്നിവർ ഓഡിറ്റിന് നേതൃത്വം നല്കി.

## ഹിന്ദി വാരാചരണം

ഹിന്ദി വാരാചരണത്തോടനുബന്ധിച്ച്, ഒരാഴ്ച നീണ്ടുനിൽക്കുന്ന ആഘോഷപരിപാടികൾ ഹിന്ദിവിഭാഗത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. വാരാചരണത്തിന്റെ സമാപന സമ്മേളനം, 14/9/18-ന് പ്രിൻസിപ്പൽ ഡോ. കെ.വി.ഔസേപ്പച്ചൻ ഉത്ഘാടനം ചെയ്തു. ചടങ്ങിൽ ഡോ.ജെയിംസ് പോൾ മുഖ്യാതിഥി ആയിരുന്നു. ഹിന്ദിവിഭാഗം അധ്യക്ഷ ഡോ. ടെസ്സി ജോർജ്ജ് അധ്യക്ഷത വഹിച്ചു.

## യൂണിയൻ ഉദ്ഘാടനം

2018-19 വർഷത്തെ കോളേജ് യൂണിയൻ ഉദ്ഘാടനം ശ്രീ.ഷാഫി പറമ്പിൽ എം.എൽ.എ. നിർവഹിച്ചു. ഫൈൻ ആർട്സ് ഉത്ഘാടനം സിനിമാതാരം ഷൈജു കുറുപ്പ് നടത്തി. 18/9/18-ന് നടന്ന ചടങ്ങിൽ പ്രിൻസിപ്പൽ ഡോ.കെ.വി.ഔസേപ്പച്ചൻ അധ്യക്ഷനായിരുന്നു. ചെയർപേഴ്സൺ കുമാരി ആൽബി ടോം പരിപാടികൾക്ക് നേതൃത്വം നൽകി.

# ഫ്രാൻസിസ്കൻ അൽമായസഭ
## (എസ്.എഫ്.ഒ.)

### ഏവർക്കും സമാധാനവും സൗഭാഗ്യവും!!!

### വി. ഫ്രാൻസിസ് അസ്സീസ്സിയുടെ തിരുനാൾ

വി. ഫ്രാൻസിസ് അസ്സീസ്സിയുടെ തിരുനാൾ ഒക്ടോബർ 4-ാം തീയ്യതി സമുചിതമായി ആഘോഷിക്കുകയാണല്ലോ. എല്ലാവർക്കും തിരുനാളിന്റെ മംഗളങ്ങൾ ഏറ്റവും ഹൃദ്യമായി നേർന്ന് കൊള്ളട്ടെ. യൂണിറ്റടിസ്ഥാനത്തിൽ സെപ്തംബർ 25 മുതൽ ഒക്ടോബർ 3 വരെ നോവേന പ്രാർത്ഥനകൾ നടത്തുന്നു. ചെറുപുഴ റീജിയൺ അംഗങ്ങൾ കൂരാംകുണ്ട് കപ്പൂച്ചിൻ ആശ്രമത്തിൽ വെച്ച് നടത്തപ്പെടുന്ന ദിവ്യബലിയിലും, വി. ഫ്രാൻസിസ്സിന്റെ സ്വർഗ്ഗീയ പ്രവേശനാനുസ്മരണ പ്രാർത്ഥനകളിലും സംബന്ധിക്കും.

### സെമിനാർ

ഓഗസ്റ്റ് 4-ാം തീയ്യതി ആലക്കോട് സബ് റീജിയന്റെ ആഭിമുഖ്യത്തിൽ വായാട്ട്പറമ്പിൽ വെച്ച് നടന്ന സെമിനാർ ഫൊറോന വികാരി റവ. ഫാ. കുര്യാക്കോസ് കളരിക്കൽ ഉദ്ഘാടനം ചെയ്തു. സി. ഗ്രേസി കുന്നേൽ അദ്ധ്യക്ഷയായിരുന്നു. ബ്രദർ ചാക്കോ മരുതാനിക്കാട്ടിൽ സ്വാഗതമാശംസിച്ചു. റവ. ഫാ. സണ്ണി തോട്ടപ്പള്ളി അനുഗ്രഹ പ്രഭാഷണം നടത്തി. ബഹു.

---

### പുസ്തകസഞ്ചി

പ്രളയബാധിതരായ കുട്ടികളെ സഹായിക്കാനായി നിർമലഗിരി കോളേജ് എൻ.എസ്.എസ്.-ന്റെ ആഭിമുഖ്യത്തിൽ കുഞ്ഞനുജനും അനുജത്തിക്കും പുസ്തകസഞ്ചി എന്ന പേരിൽ കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങൾ അടങ്ങുന്ന ആയിരത്തോളം കിറ്റുകൾ തയ്യാറാക്കി നൽകി. പ്രോഗ്രാം ഓഫീസർമാരായ സി.ആലീസ് എസ്.എച്ച്., ശ്രീ. എമ്മാനുവേൽ എന്നിവർ നേതൃത്വം നൽകി.

### ഓറിയന്റേഷൻ പ്രോഗ്രാം

ഒന്നാംവർഷ ബിരുദ വിദ്യാർത്ഥികൾക്കായി 19.9.18-ന് ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. ശ്രീ. സാബു ജോസഫ് ക്ലാസ്സുകൾ നയിച്ചു.

**പി.ആർ.ഒ., നിർമ്മലഗിരി കോളേജ്**

രൂപത പ്രസിഡണ്ട് ബ്രദർ. കുര്യാക്കോസ് പുതിയടത്തുപറമ്പിൽ, സെക്രട്ടറി എബി കാരാമയിൽ, ബ്രദർ ജോയി മൂങ്ങമാക്കൽ, ബ്രദർ ജോസ് ആലപ്പാട്ട് എന്നിവർ ആശംസകൾ നേർന്നു. ബ്രദർ ജോണി വാഴൂപ്പടിക്കൽ നന്ദിയർപ്പിച്ച് സംസാരിച്ചു. നൂറോളം അംഗങ്ങൾ പ്രസ്തുത സെമിനാറിൽ പങ്കെടുത്തു.

## ധ്യാനം

പ്രളയക്കെടുതികൾ മൂലമുണ്ടായ അസൗകര്യങ്ങൾ നിമിത്തം മാറ്റിവെയ്ക്കപ്പെട്ട അൽമായ സഭാംഗങ്ങളുടെ വാർഷികധ്യാനം ഒക്ടോബർ 18,19,20 തീയ്യതികളിലായി പട്ടാരം വിമലഗിരി ധ്യാന കേന്ദ്രത്തിൽ വെച്ച് നടത്തപ്പെടുന്നു. റവ. ഫാ. ജോസ് എടാട്ടുകാരൻ OFM ശുശ്രൂഷകൾക്ക് നേതൃത്വം നൽകും.

## നാഷണൽ ഇലക്ഷൻ ചാപ്റ്റർ

എസ് എഫ് ഒയുടെ പുതിയ നാഷണൽ മിനിസ്റ്റർ, മറ്റ് ഭാരവാഹികൾ എന്നിവരെ തെരഞ്ഞെടുക്കുന്നതിനും, കാര്യ ഗൗരവമായ ചർച്ചകൾ നടത്തുന്നതിനുമായുള്ള നാഷണൽ ചാപ്റ്റർ ഒക്ടോബർ 18,19,20 തീയ്യതികളിലായി നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ഭാരതത്തിലെ എല്ലാ റീജിയൺ മിനിസ്റ്റേഴ്സും, സ്പിരിചൽ അസിസ്റ്റന്റുമാരും പങ്കെടുക്കുന്ന ഈ ചാപ്റ്റർ ഒരു വിജയമായിത്തീരുവാൻ വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

## മീറ്റിംഗ്

ഓഗസ്റ്റ് 9-ാം തീയതി ആലുവ സെന്റ് തോമസ് കപ്പൂച്ചിൻ പ്രൊവിൻഷ്യൽ ഹൗസിൽ S.F.O. സീറോ മലബാർ വിഭാഗത്തിന്റെ സ്റ്റാറ്റ്യൂട്സ് കമ്മിറ്റി യോഗം ചേരുകയുണ്ടായി. ചർച്ചകൾക്കൊടുവിൽ കരട് രൂപം തയ്യാർ ചെയ്യുകയും എഴുതി ഉണ്ടാക്കുവാൻ ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. പുതിയ സ്റ്റാറ്റ്യൂട്സ് വരാൻ പോകുന്ന നാഷണൽ ചാപ്റ്ററിൽ അവതരിപ്പിക്കുവാൻ തീരുമാനിച്ചു. നാഷണൽ ഡയറക്ടർ റവ. ഫാ. ഡോ. ജോസ് പോന്നൂർ OFM, റവ. ഫാ. ഡോ. മാത്യു ചുണ്ടിയാനിക്കൽ OFM, റവ. ഫാ. ഡോ. ലോട്ടസ് മേലേക്കുടി OFM, ബ്രദർ ഡോ. ബാബു എം.എ, ബ്രദർ ജോക്കബ് കെ.കെ, ബ്രദർ എബി കാരാമയിൽ എന്നിവർ സംബന്ധിച്ചു. എല്ലാവർക്കും ഒരിക്കൽ കൂടി വി.ഫ്രാൻസീസ് അസ്സീസ്സിയുടെ തിരുനാൾ മംഗളങ്ങൾ നേർന്നു കൊണ്ട്.

സാഹോദര്യപൂർവ്വം,

**ഫാ. ജോൺ ബോസ്കോ താന്നിക്കപ്പാറ, കപ്പൂച്ചിൻ**

അതിരൂപതാ ആത്മീയ സഹായി



# സെൻ്റ് വിൻസെൻ്റ് ഡി പോൾ സൊസൈറ്റി



## തലശ്ശേരി സെൻട്രൽ കൗൺസിൽ

*''ദാനമായി കിട്ടി, ദാനമായിതന്നെ കൊടുക്കുവിൻ'' (വി.മത്തായി 10:8)*

പ്രിയമുള്ളവരെ,

തലശ്ശേരി അതിരൂപതാ വിൻസെൻ്റ് ഡിപോൾ സൊസൈറ്റിയുടെ റൂബി ജൂബിലി ഭവനനിർമ്മാണപദ്ധതിയുടെ ഭാഗമായി കുന്നോത്ത് എ.സി.യിലെ പേരട്ട സെൻ്റ് ആൻ്റണീസ് കോൺഫറൻസ് നിർമ്മിച്ച് ഡൊമിനിക്ക് കാരാപ്പള്ളിയ്ക്കും കുടുംബത്തിനും നൽകിയ ഭവനത്തിൻ്റെ വെഞ്ചരിപ്പുകർമ്മവും താക്കോൽദാനവും അഭിവന്ദ്യ ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് നിർവ്വഹിച്ചു. പേരട്ട ദൈവാലയ വികാരി ഫാ. തോമസ് കിടാരത്തിൽ അധ്യക്ഷതവഹിച്ച യോഗത്തിൽ വീടുവയ്ക്കാൻവേണ്ടി 4 സെൻ്റ് സ്ഥലം ദാനമായി നൽകിയ ബിജു മരോട്ടിക്കലിന് പ്രത്യേക ഉപഹാരം കോൺഫറൻസിൻ്റെ പേരിൽ അഭിവന്ദ്യ പിതാവ് നൽകുകയുണ്ടായി. കുന്നോത്ത് ഫൊറോന വികാരി ഫാ. ജോസഫ് ചാത്തനാട്ട്, തലശ്ശേരി സി.സി. പ്രസിഡൻ്റ് ബ്ര. ബാബു കൊട്ടാരത്തിൽ എ.സി. പ്രസിഡൻ്റ് ബ്ര. ജോസ് വാണിയകിഴക്കേൽ എന്നിവർ ആശംസകൾ നേർന്നു. കോൺഫറൻസ് പ്രസിഡൻ്റ് ബ്ര. ബാബു അഴകത്തുമണ്ണിൽ സ്വാഗതവും സി.സി. സിക്രട്ടറി ബ്ര. ബേബി കളിരിക്കൽ നന്ദിയും രേഖപ്പെടുത്തി.

തളിപ്പറമ്പ് സെൻ്റ് മേരീസ് കോൺഫറൻസ് നിർമ്മിച്ച് തളിപ്പറമ്പ് ഇടവകാംഗമായ റോണി വടക്കേതടത്തിന് നൽകിയ വീടിൻ്റെ വെഞ്ചരിപ്പ് സെൻ്റ് മേരീസ് ഫൊറോന വികാരി റവ.ഫാ. അബ്രാഹം പോണാട്ട് 8.9.18ന് നിർവ്വഹിച്ചു. താക്കോൽ ദാനം തളിപ്പറമ്പ് കോൺഫറൻസ് പ്രസിഡൻ്റ് ബ്ര. മാത്തച്ചൻ തുളുവനാൽ നടത്തി. വീടുപണിക്ക് 6 ലക്ഷം രൂപ കോൺഫറൻസും 25000 രൂപ ഉപഭോക്താവും ചെലവഴിച്ചു.

കുന്നോത്ത് ഫൊറോനയിലെ ചരൾ സെൻ്റ് സെബാസ്റ്റ്യൻസ് കോൺഫറൻസ് നിർമ്മിച്ചു നൽകുന്ന 2 വീടുകളുടെ വെഞ്ചരിപ്പുകർമ്മവും താക്കോൽദാനവും 22.9.18ന് അഭിവന്ദ്യ ഞറളക്കാട്ട് പിതാവ് നിർവ്വഹിച്ചു. ചടങ്ങിൽ ചരൾ കോൺഫറൻസ് പ്രസിഡൻ്റ് ജോയി കുറ്റിക്കാട്ടിൽ അധ്യക്ഷത വഹിച്ചു. സിക്രട്ടറി ജോർജ് കാഞ്ഞിരത്തിങ്കൽ റിപ്പോർട്ട് അവതരിപ്പിച്ചു. വീടിനുവേണ്ടി സ്ഥലം ദാനമായി നൽകിയ ജെയിംസ് കാരക്കാട്ടിനെ ബഹു. ജെയിംസ് ആനക്കല്ലിൽ അച്ചൻ ആദരിച്ചു. ചടങ്ങിൽ വാർഡ് മെമ്പർ ഐസക്, കുന്നോത്ത് ഫൊറോന വികാരി റവ. ഫാ. ജോസഫ് ചാത്തനാട്ട്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ ബെന്നി ഫിലിപ്പ്, അതിരൂപതാ സിക്ര

ട്ടറി ബേബി കളരിക്കൽ, കുന്നോത്ത് എ.സി. പ്രസിഡന്റ് ജോസ് വാണിയ കിഴക്കേൽ, എ.സി. ട്രഷറർ ബാബു അഴകാത്തുമണ്ണിൽ എന്നിവർ ആശം സകൾ നേർന്നു സംസാരിച്ചു. ചടങ്ങിൽ പി.ഡി. കുറുവച്ചൻ സാർ സ്വാഗ തവും ജോണി ഒറ്റപ്ലാക്കാൽ കൃതജ്ഞതയും പറയുകയുണ്ടായി. രണ്ടു വീടു കൾക്കും കൂടി 12 ലക്ഷം രൂപയോളം ചിലവായി. വീടിന്റെ ഗുണഭോക്താക്ക ളിൽ ഒന്ന് ശ്രീ ആന്റണി വെള്ളത്താനത്തുംകുടുംബവും രണ്ട് ശ്രീ മാത്യു ചെറുപറമ്പിലും കുടുംബവും.

## പുതിയ കോൺഫറൻസുകൾ

സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റി പനത്തടി ഫൊറോനയിലെ കൊട്ടോടി ഇടവകയിൽ സെന്റ് സേവ്യേഴ്സ് കോൺഫറൻസ് 15.7.2018 ഞായ റാഴ്ച ദിവ്യബലിക്കുശേഷം വികാരി ഫാ. സേവ്യർ പുത്തൻപുരയുടെ സാന്നി ദ്ധ്യത്തിൽ അതിരൂപതയിലെ 194-ാമത്തെ കോൺഫറൻസായി രൂപീകരിച്ചു. എ.സി. പ്രസിഡന്റ് ബ്ര. ജോമി തയ്യിൽ, എ.സി. സീനിയർ വൈസ്പ്രസി ഡന്റ് ബ്ര. പി.സി. ജോസഫ് പാലക്കുടി, ട്രെഷറർ ബ്ര. ജോൺ കലയംക ണ്ടത്തിൽ എന്നിവർ നേതൃത്വം നൽകി. കോൺഫറൻസ് പ്രസിഡന്റായി ബ്ര. ജോജോ ജോർജ് ആറ്റുപുറത്തെ യോഗം ഐക്യകണ്ഠേന തെരഞ്ഞെ ടുത്തു. ബ്ര. സണ്ണി വട്ടുകുളം വൈസ് പ്രസിഡന്റ് ബ്ര. തോമസ് വടക്കേമുണ്ടാനിയിൽ, സെക്രട്ടറി ബ്ര. ബിനോയി പെരുംപടപ്പിൽ, ട്രഷറർ എന്നിവരെയും തെരഞ്ഞെടുത്തു. യോഗത്തിൽ 12 അംഗങ്ങൾ ഉണ്ടായിരുന്നു.

സെന്റ് വിൻസെന്റ് ഡിപോൾ ചെറുപുഴ ഫൊറോനയുടെ കീഴിൽ ഉമ്മ റപൊയിൽ ഇടവകയിൽ സെന്റ് ജൂഡ് കോൺഫറൻസ് 26.8.18 ഞായറാഴ്ച ദിവ്യബലിയ്ക്കുശേഷം ബ. വികാരിയച്ചൻ തോമസ് തെരുവംകുന്നേലിന്റെ സാന്നി ദ്ധ്യത്തിൽ അതിരൂപതയിലെ 195-ാം കോൺഫറൻസായി രൂപീകരിച്ചു. ചെറു പുഴ എ.സി. പ്രസിഡന്റ് ബ്ര. ഫിലിപ്പ് പാറേക്കാട്ട്, എ.സി. വൈസ് പ്രസി ഡന്റ് ബ്ര. ജോയി ജോസഫ് കോടിക്കുളം എന്നിവർ നേതൃത്വം നൽകി. കോൺഫറൻസ് പ്രസിഡന്റായി ബ്ര. അബ്രാഹം തെങ്ങുംപള്ളിയെ യോഗം ഐക്യകണ്ഠേന തിരഞ്ഞെടുത്തു. ബ്ര. ജോസുകുട്ടി മാങ്കൂട്ടത്തിൽ വൈസ് പ്രസിഡന്റ്, ബ്ര. ജോൺ കണ്ടൻചിറ സെക്രട്ടറി, ബ്ര. സജി പുതുപ്പറമ്പിൽ ട്രഷറർ എന്നിവരെയും തിരഞ്ഞെടുത്തു. പ്രസ്തുതയോഗത്തിൽ 12 പേർ പങ്കെടുത്തു.

## കുന്നോത്ത് എസി വാർഷികവും സെമിനാറും

കുന്നോത്ത് എസി വാർഷികവും സെമിനാറും 11.9.18ന് പേരട്ട സെന്റ് ആന്റണീസ് കോൺഫറൻസ് പാരീഷ് ഹാളിൽ നടത്തപ്പെട്ടു. ഉച്ചയ്ക്കു ശേഷം 2 മണിക്ക് എ.സി. പ്രസിഡന്റ് ബ്ര. ജോസ് വാണിയകിഴക്കേലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പേരട്ട കോൺഫറൻസ് പ്രസിഡന്റ് ബാബു അഴകാത്തുമണ്ണിൽ സ്വാഗതം അരുളി. തുടർന്ന് ഫാ. ജോസഫ്

കൊച്ചുപറമ്പിൽ സെമിനാർ അതിനുശേഷം സി.സി. പ്രസിഡന്റ് ബ്ര. ബാബു കൊട്ടാരത്തിൽ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. കുന്നോത്ത് എ.സി.യുടെ പ്രവർത്തനങ്ങളെ മുക്തകണ്ഠം പ്രശംസിച്ചു. പ്രളയദുരിതത്തിൽ സിസിയിലേയ്ക്ക് എസിയിൽനിന്നും 64350 രൂപ നൽകിയതിന് എല്ലാവർക്കും നന്ദി നേർന്നു. സി.സി. സെക്രട്ടറി ബേബി കളരിക്കൽ ആശംസകൾ നേർന്നു. തുടർന്ന് കുന്നോത്ത് എസിയിൽനിന്നും ഏറ്റവും നല്ല കോൺഫറൻസായി തിരഞ്ഞെടുക്കപ്പെട്ട പേരട്ട സെന്റ് ആന്റണീസ് കോൺഫറൻസിന് എവർറോളിംഗ് ട്രോഫിയും ക്യാഷ്അവാർഡും സിസി. പ്രസിഡന്റ് നൽകുകയുണ്ടായി. കോൺഫറൻസിൽ 25 വർഷം പൂർത്തിയാക്കിയവരെയും കുന്നോത്ത് എസിയിൽ 6 വർഷം പ്രസിഡന്റായിരുന്ന ബ്ര. ബേബി കളരിക്കലിനെയും ചടങ്ങിൽ ആദരിച്ചു. എസ്എസ്എൽസി, പ്ലസ്ടു ക്ലാസുകളിൽ എല്ലാവിഷയങ്ങൾക്കും എ പ്ലസ് നേടിയ കോൺഫറൻസ് അംഗങ്ങളുടെ മക്കൾക്ക് മെമന്റോ നൽകി. യോഗാവസാന ബ്ര. സണ്ണി നുച്ചിയാട് എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചു. സമാപനപ്രാർത്ഥനയോടെ യോഗം പര്യവസാനിച്ചു.

## നെല്ലിക്കാംപൊയിൽ എസി സെമിനാർ

നെല്ലിക്കാംപൊയിൽ എസിയുടെ 2018-2019 വർഷത്തെ ആദ്യ ആദ്ധ്യാത്മികസെമിനാർ 20.9.18ന് മാട്ടറ സെന്റ് മേരീസ് ഇടവക പാരീഷ് ഹാളിൽ നടത്തപ്പെട്ടു. 2 മണിക്ക് ആരംഭിച്ച് സെമിനാർ എസി.പ്രസിഡന്റ് ബ്ര. ലൂക്കോസ് കണിപ്പള്ളിൽ അധ്യക്ഷത വഹിക്കുകയും സിസിയുടെ ജനറൽ സെക്രട്ടറി ബ്ര. ബേബി കളരിക്കൽ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. മാനന്തവാടി രൂപത സിസിയുടെ സീനിയർ വൈസ് പ്രസിഡന്റ് ബ്ര. അഗസ്റ്റിൻ കൊടിയംകുന്നേൽ ക്ലാസ് നയിച്ചു. സെമിനാറിൽ 70ഓളം അംഗങ്ങൾ പങ്കെടുത്തു. സെമിനാറിൽ നെല്ലിക്കാംപൊയിൽ എസി വനിതാപ്രതിനിധി സി. ലിസി വലിയകുളം പ്രാർത്ഥനയും കാലാങ്കി സെന്റ് ജോസഫ്സ് കോൺഫറൻസ് പ്രസിഡന്റ് ബ്ര. മാണി നെല്ലിമല ജ്ഞാനവായനയും നടത്തി. സമ്മേളനത്തിൽ നെല്ലിക്കാംപൊയിൽ എസിയിലെ ബെസ്റ്റ് കോൺഫറൻസ് ആയി തിരഞ്ഞെടുത്ത സെന്റ് തോമസ് കോൺഫറൻസ് മണിക്കടവിനുള്ള ക്യാഷ് അവാർഡ് സിസി സെക്രട്ടറി ബ്ര. ബേബി കളരിക്കൽ നൽകുകയുണ്ടായി. നെല്ലിക്കാംപൊയിൽ എസി. സെക്രട്ടറി സി. ചേച്ചമ്മ കിഴക്കേതകിടിയേൽ സ്വാഗതവും എസി സെക്രട്ടറി ബ്ര. തങ്കച്ചൻ കുഴിയാംപ്ലാവിൽ നന്ദിയും പറയുകയുണ്ടായി, എസി ട്രഷറർ ബ്ര. മാത്യു മാനാംപുറത്തിന്റെ സമാപന പ്രാർത്ഥനയോടെ യോഗം പര്യവസാനിച്ചു.

സ്നേഹപൂർവ്വം

**ഫാ.ജോസഫ് കാക്കരമറ്റത്തിൽ** — ആത്മീയ ഉപദേഷ്ടാവ്

**ബ്ര.ബാബു ജോസഫ് കൊട്ടാരത്തിൽ** — സിസി പ്രസിഡന്റ്

# കെ. സി. ബി. സി. മദ്യവിരുദ്ധ സമിതി

## ശ്രീ ജയ്സൺ മർക്കോസ്- അനുസ്മരണം

അതിരൂപത മദ്യവർജന പ്രസ്ഥാനത്തിന്റെ ആജീവനാന്ത പ്രവർത്തകനും മദ്യവിരുദ്ധ സമിതിയുടെ ഊർജസ്വലനുമായ ജന. സെക്രട്ടറിയുമായിരുന്ന ശ്രീ. ജയ്സൺ മർക്കോസിന്റെ ആകസ്മിക നിര്യാണത്തിന്റെ 31 -ാം ചരമദിനമായ 2018 സെപ്റ്റംബർ 1ന് പേരാവൂർ സെന്റ് ജോസഫ് ഫൊറോന ദൈവാലയത്തിൽ ഒത്തുചേരുകയും ഡയറക്ടർ ഫാ. തോമസ് തൈത്തോട്ടം പരേതനായ നേതാവിനുവേണ്ടി ദിവ്യബലി അർപ്പിക്കുകയും സിമിത്തേരിയിൽ റീത്ത് സമർപ്പിച്ച് ഒപ്പീസ് നടത്തി പ്രാർത്ഥിക്കുകയും ചെയ്തു.

## കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും എക്സിക്യൂട്ടീവ് കമ്മറ്റി

2018 സെപ്റ്റംബർ 1ന് മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും സംയുക്ത എക്സിക്യുട്ടീവ് കമ്മറ്റി പേരാവൂർ പാരീഷ് ഹാളിൽ ചേർന്നു. പ്രസിഡന്റ് ഡോ. ജോസ്ലറ്റ് മാത്യു അധ്യക്ഷം വഹിച്ചു. മുക്തിശ്രീ പ്രസിഡന്റ് ശ്രീമതി മാർഗരറ്റ് മാത്യു, തങ്കച്ചൻ കൊല്ലക്കൊമ്പിൽ എന്നിവർ പ്രസംഗിച്ചു. ഫാ. തോമസ് തൈത്തോട്ടം സംഘടനാപരമായ കാര്യങ്ങളെ അവലോകനം ചെയ്തു സംസാരിച്ചു.

**തീരുമാനങ്ങൾ:**

- 24.09.18 ന് ആലക്കോട് റീജിയണിൽ നടത്തുന്ന ബഹുജനറാലിയും ബിഷപ്പ് വള്ളോപ്പിള്ളി ജയന്തി അനുസ്മരണവും പുരസ്കാര സമർപ്പണവും വിജയിപ്പിക്കുക. എല്ലാ യൂണിറ്റുകളിൽ നിന്നും ഓരോ ജീപ്പിന് ആളുകളെ അയയ്ക്കുക.
- മേഖല ഭാരവാഹികൾ സെപ്റ്റംബർ 24 ന് മുമ്പ് യൂണിറ്റ് സന്ദർശനം നടത്തുക.
- യൂണിറ്റ് പ്രതിമാസയോഗവും രഹസ്യസംഭാവനയും കൃത്യമായി നടത്തുക.
- രസീത് ബുക്ക് വച്ച് പിരിവ് നടത്തി ഫണ്ട് സ്വരൂപിക്കുക.
- ഒക്ടോബർ 2 ഗാന്ധിജയന്തിദിനം, ശാന്തിയാത്ര, പരിസരശുചീകരണം, പൊതുസമ്മേളനം എന്നിവ നടത്തി അനുസ്മരിക്കുക.
- മദ്യപാനികളുടെ മാനസാന്തരത്തിനും സർക്കാരിന്റെ ജനദ്രോഹ മദ്യനയം പിൻവലിക്കുന്നതിനും വേണ്ടി ജപമാല റാലി നടത്തുക.
- അതിരൂപത തലത്തിൽ മേഖലാഭാരവാഹികൾക്കും മേഖല തലത്തിൽ യൂണിറ്റ് ഭാരവാഹികൾക്കും നേതൃത്വപരിശീലനം നല്കുക.

- അതിരൂപത മദ്യവർജ്ജന പ്രസ്ഥാനത്തിന്റെ റൂബി ജൂബിലി (40 വർഷം) യുടെ സമാപനത്തോടനുബന്ധിച്ച് അതിരൂപത തലത്തിൽ ലഹരിവിരുദ്ധ പ്രചാരണ വാഹനജാഥ സംഘടിപ്പിക്കുക.
- ശ്രീ ജയ്സൺ മർക്കോസിന്റെ നിര്യാണത്തെ തുടർന്ന് ശ്രീ സണ്ണി പായിക്കാട്ട്, ശ്രീ ആന്റണി മേൽവെട്ടം എന്നിവരെ അതിരൂപത മദ്യവിരുദ്ധ സമിതിയുടെ ജന.സെക്രട്ടറിമാരായി നോമിനേറ്റ് ചെയ്തത് എക്സി. കമ്മറ്റി അംഗീകരിച്ചു.

## എഡിഎസ്‌യു രജത ജൂബിലി വർഷപ്രഖ്യാപനവും ബെസ്റ്റ് സ്കൂൾ അവാർഡ് വിതരണവും

സ്കൂൾ കോളേജ് വിദ്യാർത്ഥികളിൽ ലഹരിവിരുദ്ധ മനോഭാവവും സംസ്കാരവും സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 1994 ആഗസ്റ്റ് 13 ന് ഫാ. തോമസ് തൈത്തോട്ടം ചെമ്പന്തൊട്ടി സെന്റ് ജോർജ് ഹൈസ്ക്കൂളിൽ സ്ഥാപിച്ച ആന്റി ഡ്രഗ്സ് സ്റ്റുഡൻസ് യൂണിയൻ (എഡിഎസ്‌യു) അഭിമാനകരമായി 25 വർഷം പിന്നീട്ട് രജതജൂബിലി വർഷത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുന്നു. 2018 സെപ്റ്റംബർ 14 ന് പേരാവൂർ സെന്റ് ജോസഫ് ഹൈസ്കൂളിൽ സംഘടിപ്പിച്ച പൊതുസമ്മേളനത്തിൽ വച്ച് അതിരൂപത ചാൻസലർ ഡോ. തോമസ് തെങ്ങുംപള്ളി ദീപം തെളിയിച്ച് രജതജൂബിലി വർഷത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. മദ്യവിരുദ്ധസമിതി പ്രസിഡന്റ് ഡോ. ജോസ്‌ലറ്റ് മാത്യു അദ്ധ്യക്ഷം വഹിച്ചു. എഡിഎസ്‌യു സ്ഥാപക ഡയറക്ടർ ഫാ. തോമസ് തൈത്തോട്ടം എഡിഎസ്‌യു വിദ്യാർത്ഥികൾ സമൂഹത്തിന് നൽകിയ വിലയേറിയ സംഭാവനകളെ അധികരിച്ചുകൊണ്ട് ആമുഖപ്രസംഗം നടത്തി. പൊതുസമ്മേളനത്തിന്റെ ഉദ്ഘാടനം ബ. പേരാവൂർ എം. എൽ. എ സണ്ണി ജോസഫ് നിർവഹിച്ചു.

സമ്മേളനത്തിൽ വച്ച് 2017-18 വർഷത്തിലെ മികച്ച സ്കൂളുകളായി തെരഞ്ഞെടുത്ത അങ്ങാടിക്കടവ് സെക്രട്ട് ഹാർട്ട് എച്ച്. എസ്. എസ്, പേരാവൂർ സെന്റ് ജോസഫ് എച്ച്. എസ്, പെരുമ്പുന്ന സെന്റ് മേരീസ് യു. പി. എസ്, തോമാപുരം സെന്റ് തോമസ് എൽ. പി. എസ് എന്നീ സ്കൂളുകൾക്ക് റോളിംഗ് ട്രോഫിയും ക്യാഷ് അവാർഡുകളും നൽകുകയും കഴിഞ്ഞ 25 വർഷമായി എഡിഎസ്‌യു വിന്റെ ചീഫ് ആനിമേറ്ററായി സേവനം ചെയ്ത ബേബി നെട്ടനാനി സാറിനെയും കോട്ടയം എം. ജി. സർവകലാശാലയിൽ നിന്നും സാമ്പത്തിക ശാസ്ത്രത്തിൽ ഒന്നാം റാങ്കു കരസ്ഥമാക്കിയ എഡിഎസ്‌യു മുൻ പ്രസിഡന്റ് സച്ചിൻ ഷാജിയെയും ബ. തെങ്ങുംപള്ളി അച്ചൻ പൊന്നാട ചാർത്തി മെമന്റോ നൽകി ആദരിച്ചു.

സമ്മേളനത്തിൽ എഡിഎസ്‌യു ചീഫ് ഓർഗനൈസർ അഡ്വ. മനോജ് എം. കണ്ടത്തിൽ, ശ്രീ റോയി മാത്യു, ശ്രീ ഒ. മാത്യു, ശ്രീ. ടോമി കളപ്പറമ്പത്ത്, സഞ്ജയ് ഷാജി എന്നിവർ ആശംസകളർപ്പിച്ചു. ശ്രീ ബേബി നെട്ടനാനി, മാസ്റ്റർ സച്ചിൻ ഷാജി എന്നിവർ ആദരിക്കലിന് ആശംസകൾ അർപ്പിച്ചുകൊണ്ട് സംസാരിച്ചു. സമ്മേളനത്തിൽ സ്കൂൾ മാനേജർ റവ. ഡോ.

തോമസ് കൊച്ചുകരോട്ട് സ്വാഗതവും എഡിഎസ്‌യു ചീഫ് ആനിമേറ്റർ ശ്രീ ആൽബിൻ മണ്ടുംപാല നന്ദിയും പ്രകാശിപ്പിച്ചു. സി. ലിൻസി എസ്. എച്ച് കുട്ടികൾക്ക് ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലികൊടുത്തു. തുടർന്ന് നൂറിൽപരം സൈക്കിളുകൾ പയലറ്റ് ജീപ്പിന്റെ അകമ്പടിയോടെ എഡിഎസ്‌യു അംഗങ്ങൾ പേരാവൂർ ടൗണിൽ രജതജൂബിലി വിളംബര ജാഥ നടത്തി.

രജതജൂബിലി വർഷപ്രഖ്യാപനവും ബെസ്റ്റ് സ്കൂൾ അവാർഡ് ദാനവും മികച്ച വ്യക്തികളുടെ ആദരിക്കൽ ചടങ്ങും ഗംഭീരമായി സംവിധാനം ചെയ്ത ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ഒ. മാത്യുവിന്റെ നേതൃത്വത്തിലുള്ള ടീമിന് എഡിഎസ്‌യുവിന്റെ നന്ദിയുടെ നറുമലരുകൾ.

## എഡിഎസ്‌യു യൂണിറ്റ് ഭാരവാഹികളുടെയും ആനിമേറ്റേഴ്സിന്റെയും സംഗമം

എഡിഎസ്‌യു ശാക്തീകരണത്തിന്റെ ഭാഗമായി യൂണിറ്റ് ഭാരവാഹികളുടെയും ആനിമേറ്റേഴ്സിന്റെയും ഏകദിന നേതൃത്വപരിശീലനം 2018 സെപ്റ്റംബർ 20,21 തീയതികളിൽ ഇരിട്ടി, തളിപ്പറമ്പ് എന്നീ രണ്ടു കേന്ദ്രങ്ങളിൽ വച്ച് നടത്തി. നേതൃത്വപരിശീലനശാല രണ്ടുകേന്ദ്രങ്ങളിലും രാവിലെ 9.30ന് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 2.30ന് സമാപിച്ചു. എച്ച്എസ്എസ്, എച്ച്എസ്. ആനിമേറ്റേഴ്സ്, യൂണിറ്റ് ഭാരവാഹികൾ, യുപിഎസ്, എൽപിഎസ് യൂണിറ്റ് ഭാരവാഹികൾ എന്നീ രണ്ടു വിഭാഗങ്ങളായി തിരിച്ചാണ് പരിപാടി ക്രമീകരിച്ചത്.

സെപ്റ്റംബർ 20 ന് വ്യാഴാഴ്ച ഇരിട്ടി സെന്റ് ജോസഫ് ഓഡിറ്റോറിയത്തിൽ കെ.സി.ബി.സി മദ്യവിരുദ്ധ സമിതി പ്രസിഡന്റ് ഡോ. ജോസ്‌ലറ്റ് മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പരിശീലന സമ്മേളനം കണ്ണൂർ അസി.എക്സൈസ് കമ്മീഷണർ ശ്രീ.അൻസാരി ബിഗു ഉദ്ഘാടനം ചെയ്തു. ഫാ.തോമസ് തൈത്തോട്ടം ആമുഖ പ്രസംഗം നടത്തി. എഡിഎസ്‌യു ആനിമേറ്റർ ശ്രീ. പി.എ ജോർജ്, മുക്തിശ്രീ ജന.സെക്രട്ടറി ശ്രീമതി റോസിലി കാരിക്കാകുന്നേൽ, എന്നിവർ പ്രസംഗിച്ചു. മുൻ അസി.എക്സൈസ് ഇൻസ്പക്ടർ ശ്രീ. പി.വി. മോഹൻദാസ് ദിശാബോധന ക്ലാസ് എടുത്തു. ശ്രീമതി മഞ്ജുഷ കുര്യൻ ക്ലാസിനെ വിലയിരുത്തി സംസാരിച്ചു. എ ഡി എസ് യു ചീഫ് ഓർഗനൈസർ അഡ്വ.മനോജ് എം. കണ്ടത്തിൽ സ്വാഗതവും എഡിഎസ്‌യു സെക്രട്ടറി കുമാരി റോസ്മേരി നന്ദിയും പ്രകാശിപ്പിച്ചു.

സെപ്റ്റംബർ 21 ന് വെള്ളിയാഴ്ച തളിപ്പറമ്പ സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ ചേർന്ന പരിശീലനശാലയുടെ ഉദ്ഘാടനം എ ഡി എസ് യു സ്ഥാപക ഡയറക്ടർ ഫാ.തോമസ് തൈത്തോട്ടം നിർവഹിച്ചു. എ ഡി എസ് യു പ്രസിഡന്റ് സഞ്ജയ് ഷാജി അദ്ധ്യക്ഷത വഹിച്ചു. ശ്രീ.അൻസാരി ബിഗു മുഖ്യപ്രഭാഷണം നടത്തി.ശ്രീ. ജോർജ് വടകര, സി.ആൽഫി എസ് എ ബി. എസ് , ശ്രീമതി ഷീബ തെക്കേടത്ത്, അനന്തുകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. സിവിൽ എക്സൈസ് ഓഫീസർ ഷാജി വി.വി. ദിശാബോധന ക്ലാസ് എടുത്തു. ശ്രീമതി സോളിയ സെബാസ്റ്റ്യൻ വിലയിരുത്തൽ പ്രസംഗം നടത്തി. എ ഡി എസ് യു ചീഫ് ആനിമേറ്റർ അൽബിൻ മണ്ടുംപാല സ്വാഗതവും ജന.സെക്രട്ടറി അഭിനവ് ജോർജ് നന്ദിയും പ്രകാശിപ്പിച്ചു.

**മദ്യവിരുദ്ധ സമിതി യൂണിറ്റുകൾ**
**പേരാവൂർ മേഖല ഭാരവാഹികൾ**
പ്രസിഡന്റ് - തോമസ് വരകുകാലായിൽ ,വൈസ് പ്രസിഡന്റ് - ജോയി കുര്യാങ്കൽ, ജന. സെക്രട്ടറി - വർഗീസ് പൊരുമത്ര,സെക്രട്ടറി - ജോയി കൊച്ചുപുരക്കൽ, ട്രഷറർ - സന്ദീപ് കുറുന്തോട്ടത്തിൽ

**ചെമ്പന്തൊട്ടി മേഖല ഭാരവാഹികൾ**
പ്രസിഡന്റ് - സൻജൻ പുന്നക്കൽ, വൈസ് പ്രസിഡന്റ് - ജോസ് കൊറ്റനല്ലൂർ , ജന. സെക്രട്ടറി - ബിജു ഓലിക്കൽ, സെക്രട്ടറി - മാമച്ചൻ പുഴക്കര, ട്രഷറർ - അബ്രാഹം കരേടത്ത്

**മാട്ടറ**
പ്രസിഡന്റ് - സരുൺ തെക്കേമുറി, വൈസ് പ്രസിഡന്റ് - ജോസ് ഇളംതുരുത്തിപ്പടവിൽ, ജന. സെക്രട്ടറി - ഷാജി തെക്കേമുറി, സെക്രട്ടറി - മാത്യു തെക്കേമുറി, ട്രഷറർ -മാത്യു വടക്കേൽ

**ശാന്തിനഗർ**
പ്രസിഡന്റ് - ജോണി പടിഞ്ഞാറെ മുറിയിൽ, വൈസ് പ്രസിഡന്റ് - ലൈജു പാട്ടത്തിൽ, ജന. സെക്രട്ടറി - സജി തെക്കേമുറി, സെക്രട്ടറി - ഗ്രീൻസ് കണ്ടംങ്കരി, ട്രഷറർ -ജിൽസൺ കാണിക്കത്തോട്ടം
**മുക്തിശ്രീ യൂണിറ്റുകൾ**
**പേരാവൂർ മേഖല**
പ്രസിഡന്റ് - ഓമനക്കുട്ടി മഞ്ഞളാങ്കൽ, വൈസ് പ്രസിഡന്റ് - മേരിയമ്മ പ്ലാക്കാട്ട്, ജന. സെക്രട്ടറി - ജിൻസി തേനാങ്കര, സെക്രട്ടറി - ഡെയ്സി പേന്താനത്ത, ട്രഷറർ -റെജി കണിയാഞ്ഞാലിൽ

**ചെമ്പന്തൊട്ടി മേഖല**
പ്രസിഡന്റ് - ഷിനോ പാറക്കൽ, വൈസ് പ്രസിഡന്റ് - ഷൈനി അരിമണ്ണിൽ, ജന. സെക്രട്ടറി - ജെസി മുതിരക്കാല, സെക്രട്ടറി - വത്സമ്മ പുത്തൻപുരയിൽ, ട്രഷറർ - തങ്കമ്മ ചാത്താംപടത്തിൽ

**മാട്ടറ**
പ്രസിഡന്റ് - മേരി വള്ളിപ്പറമ്പിൽ, വൈസ് പ്രസിഡന്റ് - ബിന്ദു പുൽപ്ര ജന. സെക്രട്ടറി - ജെസി ആഞ്ഞിലിയിൽ, സെക്രട്ടറി - ജിൽസി കല്ലുകുളങ്ങര, ട്രഷറർ - ലീലാമ്മ മംഗലത്ത്

**ശാന്തിനഗർ**
പ്രസിഡന്റ് -മേരി കരുവാച്ചിറ ,വൈസ് പ്രസിഡന്റ് - ബിൻസി പാണ്ഡ്യപ്പള്ളി, ജന. സെക്രട്ടറി - സാലി പാലക്കൽ, സെക്രട്ടറി - മിനി പുളിഞ്ചോട്ടിൽ, ട്രഷറർ - ലിസി ഇലഞ്ഞിക്കൽ

സ്നേഹാശംസകളോടെ,

**ഫാ. തോമസ് തൈത്തോട്ടം**
ഡയറക്ടർ

# സാമൂഹ്യസേവനവേദി

## *തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി*

**(ടി.എസ്.എസ്.എസ്.)**

## അനുമോദനം

23/09/2018 നു തോമാപുരം TSSS ഗ്രാമിക യൂണിറ്റിന്റെ നേതൃത്വത്തിൽ, ലോഗോസ് ക്വിസ് മത്സരത്തിൽ ഇടവകാതലത്തിൽ ഉയർന്ന മാർക്ക് കര സ്ഥമാക്കിയ ഗ്രാമിക മെമ്പർ സ്കറിയ പുഴക്കരയെ യൂണിറ്റ് പ്രസിഡന്റ് സെബാസ്റ്റ്യൻ പുതുശ്ശേരി ഷാൾ അണിയിച്ച് അനുമോദിച്ചു.

## വാർഷിക പൊതുയോഗം

11/09/2018 നു ചെമ്പേരി മേഖലാ വാർഷികയോഗം ചെമ്പേരി മദർ തെരേസ ഓഡിറ്റോറിയത്തിൽ വച്ചു നടത്തപ്പെട്ടു. ക്ലാസ്സുകൾക്കും ചർച്ച കൾക്കും ടിഎസ്എസ്എസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ബെന്നി നിര പ്പേൽ നേതൃത്വം നൽകി. തുടർന്നു നടത്തിയ പൊതുസമ്മേളനത്തിൽ RCC പ്രസിഡന്റ് ശ്രീ. ബേബി മുള്ളൂർ അധ്യക്ഷത വഹിച്ച ചടങ്ങ് ചെമ്പേരി ഫൊറോന വികാരിയും മേഖല ഡയറക്ടറുമായ വെരി. റവ. ഫാ. ജോർജ് കാഞ്ഞിരക്കാട്ട് ഉദ്ഘാടന കർമ്മം നിർവഹിച്ചു. ടിഎസ്എസ്എസ് എക്സി ക്യൂട്ടീവ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ മുഖ്യപ്രഭാഷണം നടത്തി. പ്രോഗ്രാം മാനേജർ ശ്രീമതി. ലിസി ജിജി വിവിധ യൂണിറ്റുകളെ വിലയി രുത്തി സംസാരിച്ചു. മേഖല കോർഡിനേറ്റർ സി. ലിൻസ സംഘനിധി കണക്കും RCC സെക്രട്ടറി ശ്രീമതി. ജെസ്സി തങ്കച്ചൻ RCC കണക്കും റിപ്പോർട്ടും അവതരിപ്പിച്ചു. RCC ജോയിന്റ് സെക്രട്ടറി ശ്രീമതി. ജോയ്സി കുറ്റിവേലി നന്ദി പറഞ്ഞു. ഈ ചടങ്ങിൽ 125 പേർ പങ്കെടുത്തു.

## TSSS 52-ാം വാർഷികാഘോഷവും ജനകീയസംഘ നേതൃസംഗമവും

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി 52-ാം വാർഷികാഘോ ഷവും ജനകീയസംഘ നേതൃസംഗമവും 22/09/2018 നു ആലക്കോട് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ചു നടന്നു. തലശ്ശേരി ആർച്ച്ബിഷപ് മാർ ജോർജ് ഞരളക്കാട്ട് അധ്യക്ഷത വഹിച്ച വാർഷിക പൊതുയോഗം ഇരിക്കൂർ നിയോജക മണ്ഡലം എം എൽ എ ശ്രീ. കെ. സി. ജോസഫ് ഉദ്ഘാടനം ചെയ്തു. കാരിത്താസ് ഇന്ത്യ അസി. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോളി പുത്തൻപുര, മലബാർ കാൻസർ സെന്ററിലെ ഡോ. ഫിനിസ്, ടിഎസ്എസ്എസ് പ്രസിഡന്റ് വെരി. റവ. ഫാ. അബ്രാഹം പോണാട്ട്, കോഴി ക്കോട് ജീവന സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ആൽഫ്ര ഡ് വി. സി., വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. പോൾ കൂട്ടാല, ഫാ. ആന്റണി ആനക്കല്ലിൽ, ഡയറക്ടർ ഫാ. തോമസ്

തയ്യിൽ, എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, ആലക്കോട് ഗ്രാമ പഞ്ചായത്ത് മെമ്പർ ശ്രീമതി പി. കെ. ഗിരിജാ മണി, ശ്രീ. ബേബി മുള്ളൂർ, ശ്രീ. സി. സി. വർഗ്ഗീസ് ചെമ്പിത്തറ, ശ്രീ. ആന്റണി നിരപ്പേൽ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു.

മികച്ച റീജിയണൽ കോർഡിനേഷൻ കമ്മിറ്റി അവാർഡിനു വെള്ളരിക്കുണ്ട് RCC അർഹമായി. മികച്ച ക്രെഡിറ്റ് യൂണിയൻ അവാർഡിനു യഥാക്രമം പൈസക്കരി, കാഞ്ഞിരക്കൊല്ലി, ഏറ്റുപാറ എന്നീ യൂണിറ്റുകളും ,മികച്ച മഹിളാ സേവാസംഘം അവാർഡിനു യഥാക്രമം ചെമ്പൻതൊട്ടി, പുളിങ്ങോം, മുണ്ടാനൂർ എന്നീ യൂണിറ്റുകളും മികച്ച ഗ്രാമികക്കുള്ള അവാർഡ് യഥാക്രമം തോമാപുരം, ചുള്ളി, അരവഞ്ചാൽ എന്നീ ഗ്രാമികകൾക്കും ലഭിച്ചു. എസ്എസ്എൽസി, പ്ലസ്ടു പരീക്ഷകളിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള അവാർഡും മികച്ച സ്വാഭിമാൻ ഉൽപ്പന്ന വിതരണ പ്രോത്സാഹന സമ്മാനവും വിതരണം ചെയ്തു.

## പ്രളയാനന്തര സഹായവിതരണം

22/09/2018 നു ആലക്കോട് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ചു നടന്ന തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ 52-ാം വാർഷികാഘോഷവും ജനകീയസംഘ നേതൃസംഗമവും ചടങ്ങിൽ വച്ചു പ്രളയാനന്തര സഹായം വിതരണം മാർ ജോർജ് ഞരളക്കാട്ട് നിർവഹിച്ചു. കോഴിക്കോട്, മാനന്തവാടി എന്നീ രൂപതകളിൽ പ്രളയം മൂലം ദുരിതമനുഭവിച്ച തിരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് ഉപജീവനമാർഗത്തിനുള്ള സഹായമാണ് നൽകിയത്. 100 നല്ലയിനം ആടുകളെയും 100 യൂണിറ്റ് കോഴികളെയും ഈ പദ്ധതിയിലൂടെ കോഴിക്കോട് രൂപതയിലെ പള്ളിക്കുന്ന് ഇടവകയിൽ വിതരണം ചെയ്യുന്നു. ജീവന സോഷ്യൽ സർവ്വീസ് സൊസൈറ്റി(കോഴിക്കോട് രൂപത) ഡയറക്ടർ റവ. ഫാ. ആൽഫ്രഡ് വി. സി. ഈ സഹായം അഭിവന്ദ്യ മാർ ജോർജ് ഞരളക്കാട്ട് പിതാവിൽ നിന്നും സ്വീകരിച്ചു. 25 നല്ലയിനം പശുക്കളെ മാനന്തവാടി രൂപതയിലെ വിവിധ ഇടവകകളിൽ വിതരണം ചെയ്യുന്നതിനായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. പോൾ കൂട്ടാലയെ ഏൽപ്പിച്ചു. ഈ വളർത്തുമൃഗങ്ങളെയെല്ലാം നൽകിയത് സുമനസ്സുകളായ ആളുകളും സംഘടനകളുമാണ്. പ്രത്യേകിച്ച്, കരിക്കോട്ടക്കരി, അങ്ങാടിക്കടവ് ഇടവകകളുടെ ഔദാര്യത്തെ നന്ദിയോടെ ഓർക്കുന്നു. ഇനിയും ധാരാളം ആളുകൾ ഇത്തരത്തിലുള്ള സഹായം പ്രതീക്ഷിക്കുന്നുണ്ട്. ആയതിനാൽ ഈ ഉദ്യമത്തിൽ പങ്കുചേരാൻ താൽപ്പര്യമുള്ള സംഘടനകളും ഇടവകകളും ടിഎസ്എസ്എസ് ഡയറക്ടർമാരുമായി ബന്ധപ്പെടുമല്ലോ.

## ആശാകിരണം - കാൻസർ രോഗനിർണയ കേന്ദ്ര ഉദ്ഘാടനം

കാൻസർ എന്ന രോഗം വളരെ ഭീകരമായ രീതിയിൽ നമ്മുടെ കുടുംബങ്ങളിലേക്കും നാട്ടിലേക്കും വ്യാപിച്ചുക്കൊണ്ടിരിക്കുന്നു. മാറി വരുന്ന ജീവിതശൈലികളും ഭക്ഷണരീതികളും കാൻസറിനു കാരണമാകുന്നു. കേര

ളത്തിൽ ഏറ്റവും കൂടുതലായി കണ്ടു വരുന്ന കാൻസറുകൾ വായിലെ കാൻസറും ഗർഭാശയ കാൻസറും സ്തനാർബുദവുമാണ്. ഈ മൂന്നു കാൻസറുകളും നേരത്തേ കണ്ടുപിടിച്ചു കഴിഞ്ഞാൽ ചികിത്സിച്ചു മാറ്റുവാൻ സാധിക്കും. വളരെ നേരത്തേ തന്നെ മേൽ പറഞ്ഞ കാൻസറുകൾ വരാൻ സാധ്യത ഉണ്ടോ എന്ന് കണ്ടുപിടിക്കാൻ ആധുനിക വൈദ്യശാസ്ത്രത്തിനും പരിശോധനകൾക്കും ഇന്ന് സാധിക്കും. ആയതിനാൽ നമ്മുടെ കുടുംബങ്ങളെയും മലയോരമേഖലയേയും കാൻസർ വിമുക്ത കുടുംബങ്ങളും നാടും ആക്കി മാറ്റുവാൻ കാൻസറിനെതിരെയുള്ള ബോധവൽക്കരണ പരിപാടികളും ശക്തമാക്കുന്നതിനായി കേരളത്തിലാദ്യമായി തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി, മലബാർ കാൻസർ സെന്ററുമായി യോജിച്ചുകൊണ്ട് കാൻസർ പരിശോധന കേന്ദ്രം ആലക്കോട് ആരംഭിക്കുന്നു.

മലബാർ കാൻസർ സെന്ററിലെ പ്രഗത്ഭരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ ദീർഘനാളത്തെ ക്ലാസ്സുകളും പ്രായോഗിക പരിശീലനവും പൂർത്തിയാക്കിയ നേഴ്സുമാരുടെയും ലാബ് ടെക്നീഷ്യൻമാരുടെയും സേവനം ഇവിടെ ലഭ്യമാക്കുന്നു. ആരോഗ്യ പരിപാലന രംഗത്ത് അതിരൂപതയുടെ ശ്രദ്ധ വളരെ ആവശ്യമാണെന്നുള്ള അതിരൂപത അസംബ്ലിയുടെ താൽപ്പര്യമനുസരിച്ചാണ് ആരോഗ്യരംഗത്ത് കാൻസറിനു എതിരെയുള്ള പ്രവർത്തനത്തിനു നമ്മൾ പങ്കാളികളാകുന്നത്.തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും മലബാർ കാൻസർ സെന്ററിന്റെയും കാരിത്താസ് ഇന്ത്യയുടെയും സംയുക്ത നേതൃത്വത്തിൽ ആലക്കോട് ആരംഭിക്കുന്ന Early Cancer Detection സെന്ററിന്റെ ഉദ്ഘാടനം ഇരിക്കൂർ നിയോജകമണ്ഡലം എം എൽ എ ശ്രീ. കെ. സി. ജോസഫ് നിർഹിച്ചു. കാരിത്താസ് ഇന്ത്യ അസി. എക്സിക്യൂട്ടീവ് ഡയറക്ടർ ഈ സെന്ററിന്റെ ആശീർവാദകർമ്മം നിർവഹിച്ചു.

## സെൻട്രൽ കമ്മിറ്റി മീറ്റിംഗ്

ടിഎസ്എസ്എസിന്റെ സെൻട്രൽ കമ്മിറ്റി മീറ്റിംഗ് 07/09/2018 വെള്ളിയാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ചു നടന്നു. എല്ലാ RCC പ്രസിഡന്റുമാരും സെക്രട്ടറിമാരും ഈ മീറ്റിംഗിൽ പങ്കെടുത്തു.

## ദുരിതബാധിത പ്രദേശ സന്ദർശനം

കാരിത്താസ് ഇന്ത്യ അസി. എക്സി. ഡയറക്ടർ ഫാ. ജോളി പുത്തൻപുര, തലശ്ശേരി അതിരൂപതയിലെ ദുരിതബാധിത പ്രദേശങ്ങളായ മണിക്കടവ്, കരിക്കോട്ടക്കരി, കച്ചേരിക്കടവ് എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു. ടിഎസ്എസ്എസ് എക്സി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ഇദ്ദേഹത്തെ അനുഗമിച്ചു.

**ഫാ. സ്കറിയ നിരപ്പേൽ**
എക്സി. ഡയറക്ടർ

**ഫാ. തോമസ് തയ്യിൽ**
ഡയറക്ടർ

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2018 ഒക്ടോബർ & നവംബർ

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

**ഒക്ടോബർ**

സെപ്റ്റംബർ 30 ഒക്ടോബർ 5 : ആന്തരീക ശാരീരിക സൗഖ്യ ധ്യാനം
5-7 : സൗഖ്യാനുഭവ ധ്യാനം(വെള്ളി 6 pm - ഞായർ 8 pm)
13 : ഏകദിനകൺവെൻഷൻ
14 -19 : ആന്തരീക ശാരീരിക സൗഖ്യ ധ്യാനം
21-26 : ആന്തരീക ശാരീരിക സൗഖ്യ ധ്യാനം
26-28 : മരിയൻ ധ്യാനം (വെള്ളി 5 pm - ഞായർ 8 pm)
27-28 : എഫ്ഫാത്ത ദ്വിദിന ധ്യാനം (10 am ആരംഭം)
(ശ്രവണ വൈകല്ല്യമുള്ളവർക്ക്)

**നവംബർ**
2-4 : തപസ്സ് ധ്യാനം (10 am ആരംഭം)
4-9 : ആന്തരീക ശാരീരിക സൗഖ്യ ധ്യാനം
10 : ഏകദിനകൺവെൻഷൻ
18 - 23 : ആന്തരീക ശാരീരിക സൗഖ്യ ധ്യാനം

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി; ഫോൺ: 0490-2493491, 2491941, 9745017131**

**ഒക്ടോബർ**
12 : ജാഗരണ പ്രാർത്ഥന
13 : ക്രിസ്റ്റീൻ ഏകദിന ധ്യാനം
14-18 : ആന്തരിക ശാരീരിക സൗഖ്യ ധ്യാനം
ഒക്ടോബർ 28 മുതൽ നവംബർ 1 വരെ ആന്തരിക സൗഖ്യ ധ്യാനം

**നവംബർ**
9 : ജാഗരണ പ്രാർത്ഥന
10 : ക്രിസ്റ്റീൻ ഏകദിന ധ്യാനം
11-15 : ആന്തരിക സൗഖ്യ ധ്യാനം
25-29 : ആന്തരിക സൗഖ്യ ധ്യാനം

**3. ദർശന ധ്യാനകേന്ദ്രം, പുഷ്പഗിരി-തളിപ്പറമ്പ ഫോൺ: 0460-2202613, 9447424076**

**ഒക്ടോബർ**
11-14 : ദിവ്യകാരുണ്യ അഭിഷേക മരിയൻ ധ്യാനം
19- 21 : കുടുംബ ദർശന ധ്യാനം
25- 28 : ഹീലിങ്ങ് & ഡെലിവറൻസ് റിട്രീറ്റ്

**4. മൗണ്ട് കാർമ്മൽ, പേരാവൂർ; ഫോൺ: 0490 - 2444595**

**ഒക്ടോബർ**
12-14 : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)
23-25 : MGC

26– 28 : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)

**5. കൃപാലയം ധ്യാനകേന്ദ്രം, കാക്കേഞ്ചാൽ-ചെറുപുഴ, ഫോ:9526609050, 9447481643, 9496253756**

**ഒക്ടോബർ** സെപ്തം.30–ഒക്ടോ.5 : ആന്തരിക സൗഖ്യ ധ്യാനം
14–19 : ആന്തരിക സൗഖ്യ ധ്യാനം
2,9,16,23,30 : ഏകദിന കൺവെൻഷൻ

**നവംബർ** 4–9 : ആന്തരിക സൗഖ്യ ധ്യാനം
18– 23 : ആന്തരിക സൗഖ്യ ധ്യാനം
6,13,20,27 : ഏകദിന കൺവെൻഷൻ

**6. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460–2264451, 2264645**

**ഒക്ടോബർ** 06 : ഏകദിനം
13 : മരിയൻ ദിവ്യകാരുണ്യ ആരാധനയുടെ 16–ാമത് വാർഷികം
20 : മരിയൻ ദിവ്യകാരുണ്യ ആരാധന
21–25 : ആന്തരീക സൗഖ്യധ്യാനം
27 : മരിയൻ ദിവ്യകാരുണ്യ ആരാധന

**നവംബർ** 03 : ഏകദിനം
04–08 : ആന്തരീക സൗഖ്യധ്യാനം
09 : ജാഗരണ പ്രാർത്ഥന
10 : ക്രിസ്റ്റീൻ വിങ്ങ്സ്
17 : മരിയൻ ദിവ്യകാരുണ്യ ആരാധന
18–22 : ആന്തരീക ശാരീരിക സൗഖ്യധ്യാനം
24 : മരിയൻ ദിവ്യകാരുണ്യ ആരാധന

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### ആഗസ്റ്റ് 2018

27-28 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന സ്ഥിരം സിനഡിൽ പങ്കെടുത്തു.

### സെപ്റ്റംബർ 2018

01 ഇരിട്ടി സെന്റ് ജോസഫ്സ് ദൈവാലയത്തിൽവച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള വൈദികരുടെ സംഭാവനയുടെ ആദ്യഗഡു 12 ലക്ഷം രൂപ മന്ത്രി, ഇ.പി. ജയരാജൻ അവറുകൾക്ക് കൈമാറി.

02 കരിക്കോട്ടക്കരി, സെന്റ് തോമസ് ദൈവാലയത്തിൽ വച്ച് ടി.എസ്.എസിന്റെ ആഭിമുഖ്യത്തിൽ ദുരിതബാധിതരായ ജനങ്ങൾക്ക് സംഭാവനയായി പശുക്കളെ വിതരണം ചെയ്തു.

13-14 പരിയാരം മദർഹോമിൽ വച്ചുനടന്ന തലശ്ശേരി അതിരൂപതാ വൈദികരുടെ വാർഷികധ്യാനത്തിൽ പങ്കെടുത്തു.

17-21 പരിയാരം മദർഹോമിൽ വച്ചുനടന്ന തലശ്ശേരി അതിരൂപതാ വൈദികരുടെ രണ്ടാംബാച്ചിന്റെ ധ്യാനത്തിൽ പങ്കെടുത്തു.

15 മേരി മീഡിയാട്രിക്സ് സിസ്റ്റേഴ്സിന്റെ കാരക്കുണ്ട് സ്ഥിതി ചെയ്യുന്ന പുതിയ ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു.

21 വിളക്കന്നൂർ ക്രിസ്തുരാജ ദൈവാലയത്തിൽ ഈശോയുടെ തിരുമുഖം പതിഞ്ഞ തിരുവോസ്തി പരസ്യവണക്കത്തിനായി പ്രതിഷ്ഠിക്കുകയും, ശേഷം വി. കുർബാന അർപ്പിച്ചു സന്ദേശം നൽകുകയും ചെയ്തു.

22 എടൂർ സി.എം.സി. സന്യാസ സമൂഹത്തിന്റെ പുതിയ മഠം വെഞ്ചരിച്ച് ചാപ്പൽ കൂദാശ ചെയ്തു.

വൈകുന്നേരം ചരൾ ഇടവകയിൽ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി സ്മാരക ഭവന നിർമ്മാണ പദ്ധതിയിൽ വിൻസെന്റ് ഡി പോൾ പ്രവർത്തകർ പണികഴിപ്പിച്ച രണ്ടുവീടുകൾ വെഞ്ചരിച്ചു.

ആലക്കോട് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവച്ച് നടന്ന ടി.എസ്.എസ്.എസിന്റെ വാർഷിക ജനറൽ ബോഡി മീറ്റിംഗിൽ അധ്യക്ഷത വഹിച്ച് സംസാരിച്ചു.

24 കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരിയിൽ ഒന്നാംവർഷ ദൈവ ശാസ്ത്ര വിദ്യാർത്ഥികളുടെ പരീക്ഷ നടത്തി.

ഉച്ചകഴിഞ്ഞ് ആലക്കോട് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ അവാർഡ്ദാന ചടങ്ങിൽ അധ്യക്ഷത വഹിച്ച് സംസാരിച്ചു.

26–28 ബാംഗ്ലൂർ വച്ച് നടന്ന സി.ബി.സി.ഐ.യുടെ സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു.

# Programme of the Archbishop
# MAR GEORGE NJARALAKATT

## OCTOBER 2018

October 1 November 10 - Visit USA & Europe

**Secretary to the Archbishop**

❖❖❖

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### 2018 ജൂൺ

29 മാനന്തവാടി എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ നിര്യാതയായ സി. ബോസ്കോ എസ്.എ.ബി.എസിനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

30 രത്നഗിരി ഇടവകയിൽ നിര്യാതയായ മറിയക്കുട്ടി കാവനാടിയുടെ മൃതസംസ്കാരശുശ്രൂഷയിൽ ഭവനത്തിൽ പ്രാർത്ഥനകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

### 2018 ജൂലൈ

05 റോമിലേക്ക് സന്ദർശനത്തിനായി പുറപ്പെട്ടു.

### 2018 ഓഗസ്റ്റ്

20-26 കാക്കനാട് നടന്ന കെ.സി.ബി.സി. മെത്രാൻസിനഡിൽ പങ്കെടുത്തു.

27 രാവിലെ 10 മണിക്ക് ചെമ്പേരി ഇടവകയിൽ നിര്യാതയായ ഏലിക്കുട്ടി പുളിക്കലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

28 രാവിലെ 10 മണിക്ക് കുടിയാന്മല ഇടവകയിൽ നിര്യാതനായ ജോസഫ് കുടക്കച്ചിറയുടെ മൃതസംസ്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

29 രാവിലെ 9 മണിക്ക് ചാവറഗിരി ഇടവകയിൽ നിര്യാതനായ കാവുകാട്ട് വർക്കിയുടെ ചരമ അനുസ്മരണത്തിൽ വി. കുർബാനയർപ്പിച്ചു.

30 ചാലക്കുടി തൃശ്ശൂർ, എറണാകുളം എന്നിവിടങ്ങളിൽ നടക്കുന്ന പ്രളയ ദുരിതാശ്വാസപ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും ദുരിതബാധിതരെ സന്ദർശിക്കുകയും ചെയ്തു.

### 2018 സെപ്റ്റംബർ

02 ഉച്ചകഴിഞ്ഞ് 3 മണിക്ക് പുളിങ്ങോം പള്ളിയിൽ നടന്ന സ്നേഹഗിരി സന്യാസിനിസമൂഹത്തിലെ സി. സ്നേഹ എസ്.എം.എസിന്റെ മൃതസംസ്കാര ശുശ്രൂഷകളിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

03 രാവിലെ 11 മണിക്ക് കോട്ടൂർ ഇടവകയിൽ അജിൽ മാടശ്ശേരിയും ജിനു മോളും തമ്മിലുള്ള വിവാഹം ആശീർവദിച്ചു.

വൈകുന്നേരം 4 മണിക്ക് ഉദയഗിരി ഇടവകയിൽ നിര്യാതനായ വെക്കത്തടത്തിൽ തോമസിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

04 പൂളപ്പാടം ഇടവകയിൽ നിര്യാതയായ നീന ലവിൻ വലിയമറ്റത്തിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

08 രാവിലെ 9.30ന് മുണ്ടാനൂർ ഇടവകയിൽ പുതുതായി നിർമ്മിച്ച പള്ളിമുറിയുടെ വെഞ്ചരിപ്പ് കർമ്മം നടത്തി. ഉച്ചകഴിഞ്ഞ് 3 മണിക്ക് അങ്ങാടിക്കടവ് ഇടവകയിൽ നിര്യാതനായ മത്തായി കൂറ്റാരപ്പള്ളിയുടെ മൃതസംസ്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

09 രാവിലെ 10 മണിക്ക് മേലെചൊവ്വയിൽ നിര്യാതനായ ബേബി ഈറ്റക്കലിന്റെ മൃതസംസ്ക്കാരശുശ്രൂഷയ്ക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

15 രാവിലെ 11.30ന് കോടഞ്ചേരി ഇടവകയിൽ ആൽഫൈൻ ജോസഫ് വലിയമറ്റവും, ടോണി ജോസഫ് പാലാപ്പറമ്പിലും തമ്മിലുള്ള മനസമ്മതം നടത്തി.

16 തെള്ളകം പുഷ്പഗിരി ദൈവാലയത്തിൽ നിൽസൻ മാത്യു തൈപ്പറമ്പിലും ഹെനാ റോസമ്മയും തമ്മിലുള്ള വിവാഹം ആശീർവദിച്ചു. തുടർന്ന് ചങ്ങനാശ്ശേരി അരമനയിൽ സൗഹൃദസന്ദർശനം നടത്തി.

17 കുട്ടനാട്ടിലെ പ്രളയദുരിതമേഖലകൾ സന്ദർശിച്ചു. വൈകുന്നേരം 6.30ന് മംഗലപ്പുഴസെമിനാരിയിൽ വൈദികവിദ്യാർത്ഥികളെ സന്ദർശിച്ചു. തുടർന്ന് കാക്കനാട് വച്ച് മേജർ ആർച്ച് ബിഷപ്പുമായി കൂടിക്കാഴ്ച നടത്തി.

19 ഉച്ചകഴിഞ്ഞ് 3.30ന് കുന്നോത്ത് നസ്രത്ത് ജനറലേറ്റിൽ നിര്യാതനായ സി. റോസറ്റിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

20 രാവിലെ 9മണിക്ക് പടുപ്പ് ഇടവകയിൽ ഡീക്കൻ മാർട്ടിൻ പേണ്ടാനത്ത് എം.എസ്.എഫ്.എസിന് തിരുപ്പട്ടം നൽകി.

21 നിർമ്മലഗിരി മരിയഭവനം, സാൻജോസ് ഹൗസ്, തൊക്കിലങ്ങാടി ആശുപത്രി എന്നിവിടങ്ങളിൽ രോഗീസന്ദർശനം നടത്തി.

❖❖❖

# Programme of the Archbishop Emeritus
## MAR GEORGE VALIATTAM

**OCTOBER - 2018**

| | | |
|---|---|---|
| 02 | - | Koodathai |
| 13 | - | Karuvanchal |
| 18 | - | Chandanakampara |
| | - | Nellickampoil |
| 20 | - | Kunnoth |
| 21-23 | - | Thamarassery |
| 27 | - | Changanassery |

**Secretary to the Archbishop Emeritus**

# Programme of the Auxiliary Bishop
## MAR JOSEPH PAMPLANY

October - Youth Synod, Rome

❖❖❖